സേവനത്തിന്റെ

15 വർഷങ്ങൾ

KARIKKAMPALLY
SZ 227



വേദപ്രചാര മദ്ധ്യസ്ഥൻ

ഭളങ്ങളിൽ

അവതരണക്കുറിപ്പ് 3

സർക്കുലർ നമ്പർ 6/85 5

സർക്കുലർ നമ്പർ 7/85 8

സർക്കുലർ നമ്പർ 2/85 12

അദ്ധ്വാനനിരതനായ അജപാലകൻ 18
— ഫാ. ഗ്രിഗറി നടുവിലേടം

ആദരണീയനായ അജപാലകൻ 21
— പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ

അതിരൂപതയും ആർച്ച്ബിഷപ്പ് പടിയറയും 29
— ബേബൻ വെട്ടിക്കാട്

അഭിവാദനങ്ങളും ആശംസകളും

— ഫാ. ജോസഫ് എരുമച്ചാടത്തു് 41

— ശ്രീ. ജോസഫ് കുട്ടമ്മേൽ 44

— ഫാ. ജോൺ വി. തടത്തിൽ 48

— പ്രൊഫ. എ. ഈ. അഗസ്റ്റിൻ 50

മാർ ആൻറണി പടിയറ — വൈദിക ബന്ധു 52
— ഫാ. ജോസ് ആലഞ്ചേരി

സെൻറ് വിൻസെൻറ് ഡി പോൾ
സൊസൈറ്റിയുടെ സുവർണ്ണകാലം 54
— ജോസ് ജോസഫ് & റ്റി. കെ. തോമസ്

SMI സന്യാസിനീ സമൂഹത്തിൻെറ സ്ഥാപകൻ 58

ചങ്ങനാശേരി അതിരൂപത
വിവിധ അജപാലന രംഗങ്ങളിൽ

— ഫാ. ലൂക്ക് പീടിയേയ്ക്കൽ 60

— പ്രൊഫ. ജോസഫ് അഞ്ചനാട്ട് 67

— ഫാ. ചാക്കോ വലിയവീട്ടിൽ 72

— ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ 76

— ഫാ. ജോസ് പി. കൊട്ടാരം 80

വൈദികസെനറ്റ് 84
— ഫാ. ഫിലിപ്പ് കുന്നുംപുറം

അതിരൂപതാ പാസ്റ്ററൽ കൗൺസിൽ 86
— പ്രൊഫ. സ്കറിയാ സക്കറിയാ



''നിങ്ങളം യൗസേപ്പിന്റെ പക്കൽ പോകുവിൻ;
അവൻ നിങ്ങളോട് പറയുന്നതു് നിങ്ങളം ചെയ്യുവിൻ''
സൃഷ്ടി 41/55.


വേദപ്രചാര മദ്ധ്യസ്ഥൻ

വാല്യം 58 ലക്കം 1 ജൂലൈ 1985



മദ്ധ്യസ്ഥൻ സ്പെഷ്യൽ പതിപ്പായി പ്രസിദ്ധീകരി
ക്കുന്നതിനാൽ സ്ഥിരം പംക്തികളും പ്രവർത്തനറിപ്പോർട്ട
കളും ഈ ലക്കത്തിൽ ചേർക്കുവാൻ സാധിച്ചിട്ടില്ല.

— എഡിറ്റർ



അവതരണക്കുറിപ്പ്

പതിനഞ്ചു വത്സരക്കാലമായി
ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ
എന്ന നിലയിൽ സ്തുത്യർഹമായസേവനം അനുഷ്ഠിച്ചിരുന്ന
മാർ ആൻറണി പടിയറ തിരുമേനി
എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായി
സ്ഥലം മാറിപ്പോകുന്ന ഈ അവസരത്തിൽ
അദ്ദേഹത്തിൻെറ സേവനങ്ങളെ അനുസ്മരിക്കാനുള്ള
ഒരു വിനീത പരിശ്രമമാണ്
ഈ ലക്കം മദ്ധ്യസ്ഥനിൽ നടത്തിയിരിക്കുന്നത്.
അഭിവന്ദ്യ പിതാവിൻെറ സേവനമേഖലകളുടെ വൈപുല്യവും
വൈവിധ്യവും പരിഗണിക്കുമ്പോൾ ഇത്തരമൊരു
പരിശ്രമം അപൂർണ്ണമായേ കലാശിക്കൂ. പോരെങ്കിൽ
ഏതാനും ദിവസങ്ങളെ കൊണ്ടു ധൃതഗതിയിലാണ്
ഈ പതിപ്പു തയ്യാറാക്കിയതും. അപൂർണ്ണമെങ്കിലും
ശ്രമകരമായ ഈ ദൗത്യത്തിൽ നിരവധി
വ്യക്തികളും സ്ഥാപനങ്ങളും ഞങ്ങളെ
സഹായിച്ചിട്ടുണ്ട്. അവർക്കും കൃതജ്ഞതയുടെ കൂപ്പുകൈ.
കഴിഞ്ഞ പതിനഞ്ചുവർഷക്കാലം മദ്ധ്യസ്ഥൻെറ
ഹൃദയമായി വർത്തിച്ച അഭിവന്ദ്യപിതാവിനു സ്നേഹവും
കൃതജ്ഞതയും കലർന്ന യാത്രാമംഗളങ്ങൾ!

മദ്ധ്യസ്ഥന്റെ ഈ വിശേഷാൽപതിപ്പ് തയ്യാറാക്കുവാൻ സഹായിച്ച ശ്രീ. ജോസഫ് കുട്ടമ്മേൽ, പ്രൊഫ. ജോസഫ് അഞ്ചനാട്ട്, ശ്രീ. സിറിയക് കട്ടംപേരൂർ, പ്രൊഫ. സ്കറിയാ സക്കറിയാ, പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ, ശ്രീ. ബേബൻ വെട്ടിക്കാട്ട് എന്നിവർക്ക് കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ.

— എഡിറ്റർ

Circular No. 6/85

വന്ദ്യസഹോദരരേ, പ്രിയ മക്കളേ,

1985 കത്തോലിക്കാ സഭയും ഐക്യരാഷ്ട്രസംഘടനയും അന്തർദേശീയ യുവജനവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന പ്രത്യേക പശ്ചാത്തലത്തിൽ യുവജനങ്ങളുടെ ശ്രദ്ധയെ ഞാൻ പ്രത്യേകം ക്ഷണിക്കുന്നു. യേശുനാഥന്റെ ജീവിതമാതൃക സ്വന്തമാക്കിക്കൊണ്ട്, അവിടുത്തെ സഭയുടെ യുവത്വം കാത്തുസൂക്ഷിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ടവരാണ് ക്രൈസ്തവയുവാക്കൾ. ക്രിസ്തുനാഥനാണ് യുവജനങ്ങളുടെ ഏകാദർശം. ക്രിസ്തുനാഥന്റെ സ്നേഹവും അവിടുത്തെ കുഷമയും, അവിടുത്തെ സഹനവും, ധൈര്യവും അചഞ്ചലതയും പ്രകടിപ്പിച്ചുകൊണ്ട് അവിടുന്നുമായുള്ള വ്യക്തിപരമായ ബന്ധത്തിൽ യുവതീയുവാക്കൾ വളർന്നെങ്കിൽ മാത്രമേ സമൂഹം പവിത്രീകരിക്കപ്പെടുകയുള്ളു. ഈ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ടാണ് 1972 ഡിസംബർ 3-ാം തീയതി നമ്മുടെ രൂപതയിൽ യുവദീപ്തി എന്ന പേരിൽ ഒരു യുവജനപ്രസ്ഥാനം ഉത്ഘാടനം ചെയ്യപ്പെട്ടത്. ഇന്നു യുവദീപ്തി വളരെയധികം വളർന്നു രൂപതയിലെ ശ്രദ്ധിക്കപ്പെടേണ്ട പ്രസ്ഥാനമായി മാറിയിരിക്കുന്നു. കേരളത്തിലെ മറ്റു യുവജന പ്രസ്ഥാനങ്ങൾക്ക് മാതൃകയും പ്രേരകശക്തിയുമായി നില്ക്കാൻ യുവദീപ്തിക്കു കഴിയുന്നു എന്നതിൽ എന്നെന്നും ഞാൻ കൃതാർത്ഥനായിരിക്കും. 72 മുതൽ ഇതിനുവേണ്ടി അകുഷീണം യത്നിച്ചുകൊണ്ട് എന്നെ സഹായിച്ച ബഹുമാനപ്പെട്ട ഡയറക്ടേഴ്സിനും, ആനിമേറേഴ്സിനും, ഭാരവാഹികൾക്കും, മറ്റു അഭ്യുദയകാംക്ഷികൾക്കും നന്ദിപറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

K. C. B. C. യുടെ തീരുമാനമനുസരിച്ച് കേരള കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ 1985 ജൂലൈ 7-ാം തീയതി യുവജനദിനമായി ആചരിക്കുകയാണല്ലോ. യുവജനവത്സരത്തിന്റെ സവിശേഷമായ പശ്ചാത്തലത്തിൽ ഈ വർഷത്തെ യുവജനദിനാചരണത്തിന് പ്രത്യേകം പ്രസക്തിയുണ്ട്. സഭയും ലോകവും യുവജനസമൂഹത്തെ പ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്. സഭയേയും ലോകത്തേയും അലട്ടുന്ന അനേകം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ യുവജനശക്തിക്കു കഴിയും, കഴിയണം എന്നു ബോധം ചിന്തിക്കുന്ന ഏതൊരാൾക്കും ഉണ്ട്. പ

ക്ഷേ യുവജനങ്ങൾതന്നെ തങ്ങളുടെ സാദ്ധ്യതകളെക്കുറിച്ച് ബോധമുള്ളവരാകേണ്ടിയിരിക്കുന്നു. ആദ്ധ്യാത്മികവും ഭൗതികവും, സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾ രൂക്ഷമായി അനുഭവവേദ്യമാകുന്ന ഒരു കാലഘട്ടമാണിത്. ആദ്ധ്യാത്മികമായി ഉറച്ച മൂല്യബോധമുള്ള യുവജനങ്ങൾക്കേ ഒറ്റയായും കൂട്ടായും ഈ കാലഘട്ടത്തിന്റെ പ്രശ്നങ്ങളോട് സർഗ്ഗാത്മകമായും ഫലവത്തായും പ്രതികരിക്കുവാൻ കഴിയൂ. യുവജനങ്ങളുടെ സ്വഭാവശുദ്ധിയാണ് ഇവിടെ പരിഗണനയ്ക്കു വരേണ്ട ആദ്യ വിഷയം. ദൈവവിശ്വാസം, സത്യസന്ധത, കൂടാശാപരമായ ജീവിതം, സഹോദരസ്നേഹം തുടങ്ങിയ കാതലായ ജീവിതമൂല്യങ്ങളെ മുറുകെപ്പിടിക്കുവാൻ യുവാക്കൾ ശക്തിപ്രാപിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനപശ്ചാത്തലം നിശ്ചയമായും വി. ഗ്രന്ഥത്തോടും ആരാധനക്രമത്തോടും ബന്ധപ്പെട്ടു നിലനിൽക്കണം.

ഇക്കാലമത്രയും യുവദീപ്തി നടത്തിയ സെമിനാറുകളും പ്രാർത്ഥനാ പഠനക്യാമ്പുകളും വഴി ആയിരക്കണക്കിനു യുവതീയുവാക്കൾക്ക് കൂടുതൽ ദൈവാഭിമുഖ്യം പകർന്നുകൊടുക്കാൻ സാധിച്ചിട്ടുണ്ട്. യുവജനങ്ങളുടെ സമഗ്രമായ വ്യക്തിത്വവികാസം ലക്ഷ്യംവച്ചുകൊണ്ട് നടത്തുന്ന കലാസാംസ്ക്കാരിക പ്രവർത്തനങ്ങളും, ജീവകാരുണ്യ പ്രവർത്തനങ്ങളുംപ്പെടെയുള്ള മറ്റെല്ലാപ്രവർത്തനങ്ങളും നിലനിൽക്കുന്ന ഫലം പുറപ്പെടുവിക്കണമെങ്കിൽ തീക്ഷ്ണ പ്രാർത്ഥനാചൈതന്യം ആവശ്യമാണ്. യുവജനപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും, യുവജനങ്ങളുടെ ഉത്സാഹത്തെ നയിക്കുന്നതിനും പ്രേരകമായ പ്രാർത്ഥനാപഠനക്യാമ്പുകൾ മുൻ കൊല്ലങ്ങളിലെപ്പോലെ ഈ വർഷവും ഫൊറോനാതലത്തിൽ സംഘടിപ്പിക്കുന്നുണ്ട്. ''വിശ്വാസജീവിതം'' എന്ന മുഖ്യവിഷയത്തെ ആസ്പദമാക്കിയാണ് ഈ വർഷത്തെ ക്യാമ്പ്. ജൂലൈ 5-ാം തീയതി അതിരമ്പുഴ ഫൊറോന ക്യാമ്പോടുകൂടി ഈ വർഷത്തെ ക്യാമ്പ് ആരംഭിക്കും യുവജനവർഷത്തിലെ ഫൊറോനാ ക്യാമ്പുകളിൽ എല്ലാ യുവദീപ്തി യൂണിറ്റുകളിൽ നിന്നും കഴിവതും യുവജനങ്ങളെ പങ്കെടുപ്പിക്കേണ്ടതാണ്. പ്രാർത്ഥനാ പഠന ക്യാമ്പുകളിൽ പങ്കെടുക്കുന്ന അംഗങ്ങളുടെ ചെലവുകളുടെ 50 ശതമാനം ഇടവകയും 25 ശതമാനം യൂണിറ്റും 25 ശതമാനം അംഗങ്ങളും വഹിക്കേണ്ടതാണ്.

ജൂലൈ ഏഴാം തീയതി ഞായറാഴ്ച കേരള സഭയുടെ യുവജന ദിനമാണ്. നമ്മുടെ അതിരൂപതയിലെ യുവജനങ്ങൾ

ഈ ദിനം ഏറ്റം സൃഷ്ടിപരമായി ആചരിക്കണമെന്നു് ആ ഹ്വാനം ചെയ്യുന്ന യുവജനദിനമായ ഞായറാഴ്ചയുവജനങ്ങൾ ക്കുവേണ്ടി പ്രത്യേകം ദിവ്യബലിയർപ്പിക്കുവാൻ ബഹുമാന പ്പെട്ട വൈദികർ പ്രത്യേകം ശ്രദ്ധിക്കണം. അന്നേദിവസം പ ള്ളിയിൽ പ്രത്യേകം പിരിവുനടത്തി ലഭിക്കുന്ന തുക യുവജന ഫണ്ടിലേക്കു അതിരൂപതാ പ്രോക്യൂറേറരെ ഏല്പിക്കേണ്ടതാണു്.

നമ്മുടെ കുടുംബങ്ങളുടെ കെട്ടുറപ്പിനും സഭയുടെ ഉയർച്ച യ്ക്കും, യുവതലമുറയുടെ സമഗ്രമായ വളർച്ചയും കൂട്ടായ്മയും കൂടിയേ തീരൂ എന്ന മനസിലാക്കി അവർക്കു് എല്ലാവിധ സഹായ സഹകരണങ്ങളും നൽകുവാൻ മുതിർന്ന തലമുറ മുന്നോ ട്ടുവരണമെന്നു് അഭ്യർത്ഥിക്കുന്നു ബഹു. വികാരിമാരും സിസ്റ്റേ ഴ്സും എല്ലാ ഇടവകകളിലും യുവജനങ്ങളെ സംഘടിപ്പിക്കു വാനും അവർക്കു വേണ്ട കർമ്മപരിപാടികൾ ആവിഷ്ക്കരിച്ചു കൊടുക്കുവാനും ത്യാഗബുദ്ധിയോടെ മുന്നോട്ടു വരണമെന്നു് പ്രത്യേ കം ഓർമ്മിപ്പിക്കുന്നു.

ഇക്കാലമത്രയും എന്നോടു സഹകരിച്ചു പ്രവർത്തിക്കുകയും എന്നെ ആത്മാർത്ഥമായി സ്നേഹിക്കുകയും ബഹുമാനിക്കുക യും ചെയ്തനിങ്ങളെ എല്ലാവരേയും ദൈവം സമൃദ്ധമായി അ നുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിച്ചുകൊണ്ടു്, പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ നിങ്ങ ളെ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

A Padiyara

അതിമെത്രാസന ഭവനം
26–6–1985

മാർ ആൻറണി പടിയറ
ച. അ. രൂ. മെത്രാപ്പോലീത്താ

N.B. ജൂലൈ 7-ാം തീയതി യുവജന ദിനമാകയാൽ ഈ സർക്കുലർ ജൂൺ 30നു് ഞായറാഴ്ച പള്ളിയിൽ വായിക്കുവാനായി അയച്ചിട്ടുള്ളതാണു്.

Circular No. 7/85

എന്റെ സഹപ്രവർത്തകരായ ബ. വൈദികരേ,
സന്യാസിനീ സന്യാസികളേ,
എനിക്കു പ്രിയപ്പെട്ട മക്കളേ,

പരിശുദ്ധ സിംഹാസനത്തിൽ നിന്നു് എന്നെ എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തായായി സ്ഥലം മാറ്റിയ വിവരം നിങ്ങൾ ഏവരും അറിഞ്ഞിരിക്കുമല്ലോ. കഴിഞ്ഞ പതിനഞ്ചുവർഷക്കാലം മെത്രാപ്പോലീത്തയായി ഞാൻ സേവനം ചെയ്ത എന്റെ മാതൃരൂപതയായ ചങ്ങനാശേരിയിൽ നിന്നു് ജൂലൈ മാസം മൂന്നാം തീയതി ഞാൻ എറണാകുളത്തേയ്ക്കു പോകുകയാണു്. ചങ്ങനാശേരിയിൽ നിന്നു് യാത്രപറഞ്ഞുപോകും മുമ്പു് ഈ അതിരൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വന്നു് എല്ലാവരോടും യാത്രപറയണമെന്നു് എനിക്കു് ആഗ്രഹമുണ്ടായിരുന്നു. ആ ആഗ്രഹം സാധിക്കാത്തതുകൊണ്ടാണു് ഞാൻ ഈ കത്തു് നിങ്ങൾ ഓരോരുത്തർക്കും എഴുതുന്നതു്.

ചങ്ങനാശേരി രൂപതയിലെ ഓരോ വ്യക്തിയോടും പ്രത്യേകം പ്രത്യേകം യാത്ര പറയുവാൻ ആഗ്രഹമുണ്ടെങ്കിലും അതു അസാദ്ധ്യമാണെന്നു് നിങ്ങൾക്കറിയാമല്ലോ. വളരെ പ്രത്യേകമായ സ്നേഹത്തിന്റേയും കടപ്പാടിന്റേയും വികാരങ്ങളാണു് ഏവരോടും എനിക്കുള്ളതു്. അതിരൂപതയിലെ എല്ലാ ബ. വൈദികരും സന്യാസികളും ദൈവജനം മുഴുവനും എന്നോടു കാണിച്ചിട്ടുള്ള സ്നേഹത്തിനും ബഹുമാനത്തിനും സഹകരണത്തിനും ഞാൻ ആത്മാർത്ഥമായി നന്ദിപറയുന്നു.

എന്റെ വികാരിജനറാളായി സേവനം അനുഷ്ഠിച്ച ബ. കരിമ്പാലിൽ ജോസഫ് അച്ചനോടുള്ള എന്റെ വളരെ പ്രത്യേകമായ നന്ദി ഞാൻ സന്തോഷപൂർവം അറിയിക്കട്ടെ. അതിരൂപതാ ഭരണത്തിൽ എന്റെ വലംകൈയായി എന്നെ അദ്ദേഹം സഹായിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ പക്വമായ ചിന്തയും ദീർഘവീക്ഷണവും ബുദ്ധിപൂർവകവും വിവേക പൂർണ്ണവുമായ ഉപദേശങ്ങളും അതിരൂപതാഭരണസംബന്ധമായ പദ്ധതികൾ നടപ്പാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എനിക്കു് വളരെയധികം സഹായകമായിരുന്നു. അതിമെത്രാസനമന്ദിരത്തിലെ ബഹുമാനപ്പെട്ട വൈദികരും അതിരൂപതാതലത്തിലുള്ള മറ്റു് അജപാലനപ്രവർത്തനങ്ങളുടെ നേതൃത്വം വഹിക്കുന്നവരും അതിരൂപതാഭരണത്തിൽ എന്നെ അതിരറ്റു സഹായിക്കുന്നവരായിരുന്നു. നിങ്ങളുടെസ്നേഹവും സഹകരണവും ബഹുമാനവും ഞാൻ

മറക്കുകയില്ല. അതിരൂപതയിലെ അടുത്തും അകലെയുമുള്ള വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുന്ന എല്ലാബഹുമാനപ്പെട്ട വൈദികരെയു ഞാൻ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. കന്യാകുമാരി മിഷനിലും ആഗ്രാമിഷനിലും അതുപോലെ മറ്റു വിദൂരസ്ഥവും പ്രശ്നപൂർണ്ണവുമായ സ്ഥലങ്ങളിലും സേവനം അനുഷ്ഠിക്കുന്ന ത്യാഗസമ്പന്നരായ ബ. വൈദികരെ ഞാൻ പ്രത്യേകമായി ഈ അവസരത്തിൽ സ്മരിക്കുന്നു. അതിരൂപതയിൽ ദീർഘകാലം അജപാലനപ്രവർത്തനങ്ങൾ ചെയ്തശേഷം ഇപ്പോൾ പ്രായാധിക്യമോ അനാരോഗ്യമോമൂലം വിശ്രമജീവിതം നയിക്കുന്ന എല്ലാ ബ. വൈദികരെയും സ്നേഹബഹുമാനങ്ങളോടെ ഓർക്കുന്നു. അതിരൂപതയ്ക്കു പുറത്തു സേവനത്തിനും പഠനത്തിനുമായി കഴിയുന്ന എല്ലാ ബ.വൈദികരെയും ഈ അവസരത്തിൽ ഓർക്കുകയും അവരുടെ എല്ലാ പ്രവർത്തനങ്ങളും വിജയകരമായി ഭവിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. വിവിധ മേഖലകളിലും സ്ഥലങ്ങളിലും സാഹചര്യങ്ങളിലും പ്രവർത്തിക്കുന്നവരായ നിങ്ങൾ എല്ലാവരും എന്നോടുകാണിച്ച സ്നേഹത്തിനും സാഹോദര്യത്തിനും അനുസരണത്തിനും സഹകരണത്തിനും പ്രോത്സാഹനത്തിനും ഞാൻ കൃതജ്ഞനാണു്. നിത്യപുരോഹിതനായ ഈശോ നിങ്ങൾക്കേവർക്കും അവിടുത്തെ തിരുഹൃദയത്തിൽ സ്ഥാനം നൽകട്ടെയെന്നും നിങ്ങളെ അവിടുത്തെ സ്നേഹത്തിൽ നിലനിർത്തട്ടെ എന്നും ഞാൻ പ്രാർത്ഥിക്കുന്നു.

അതിരൂപതയിലെ വിവിധ സന്യാസിനീസന്യാസ വിഭാഗങ്ങളിൽപ്പെട്ട ബ വൈദികരേ, സഹോദരിമാരേ, വിവിധങ്ങളായ അജപാലന പ്രവർത്തനങ്ങളിൽ നിങ്ങൾ ഓരോരുത്തരും ചെയ്ത സേവനങ്ങളെ വളരെ പ്രത്യേകമായ നന്ദിയോടെ ഞാൻ സ്മരിക്കുകയും ദൈവത്തിനും അവിടുത്തെ ജനത്തിനും വേണ്ടി നിങ്ങൾ ചെയ്ത എല്ലാ നല്ല പ്രവർത്തനങ്ങൾക്കും അവിടുന്നു് നൂറുമടങ്ങായി പ്രതിസമ്മാനം നൽകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. വിവിധ സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ അംഗങ്ങളും ഈ അതിരൂപതയ്ക്കു ചെയ്ത സേവനങ്ങളെ ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു.

സന്യാസ, മിഷനറി ദൈവവിളി സ്വീകരിച്ചു് ദൂരെസ്ഥലങ്ങളിൽപോയി ദൈവസേവനം ചെയ്യുന്ന ഈ അതിരൂപതക്കാരായ എല്ലാ ബഹുമാനപ്പെട്ട വൈദികരേയും സന്യാസിനീസന്യാസികളെയും സ്നേഹപൂർവ്വം ഓർക്കുകയും അവരുടെ എല്ലാ പ്രവർത്തനങ്ങളിലും ദൈവത്തിന്റെ അനുഗ്രഹം ധാരാളമായി ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കറിച്ചി മൈനർ സെമിനാരിയിലും മറ്റു മേജർ സെമിനാരികളിലും വൈദികപരിശീലനം നടത്തുന്ന അതിരൂപതയിലെ എല്ലാ സെമിനാരി വിദ്യാർത്ഥികളെയും ഞാൻ വളരെ സ്നേഹപൂർവ്വം ഓർക്കുന്നു. നിങ്ങടെ ഓരോരുത്തരും വിശുദ്ധിയും തീക്ഷ്ണതയുമുള്ള നല്ല പുരോഹിതരായിത്തീരുന്നതിനു് നല്ലവനായ ദൈവം നിങ്ങൾക്കു് വരം നൽകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

അതിരൂപതയിലെ എല്ലാ കത്തോലിക്കാ കുടുംബങ്ങളിലെയും എനിക്കു് ഏറ്റം പ്രിയപ്പെട്ട എല്ലാ മാതാപിതാക്കളോടും സഹോദരീസഹോദരന്മാരോടും കുഞ്ഞുമക്കളോടും ഞാൻ പ്രത്യേകം നന്ദിപറയുന്നു. നിങ്ങളുടെ ഓരോരുത്തരുടേയും ഇടവകകളിൽ ഔദ്യോഗിക സന്ദർശനം നടത്തിയ അവസരങ്ങളിലും മറ്റു് അവസരങ്ങളിലും നിങ്ങടെ എന്നോടു കാണിച്ച സ്നേഹാദരവുകളും നിങ്ങളുടെ പ്രാർത്ഥനാസഹായവും എന്റെ പ്രവർത്തനങ്ങളിൽ എനിക്കു് എന്നും പ്രോത്സാഹനവും സഹായവുമായിരുന്ന നിങ്ങൾക്കു് ഓരോരുത്തർക്കും ആവശ്യമായ എല്ലാ വരദാനങ്ങളും നൽകി ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നും തലമുറകളിലൂടെ നമുക്കു ലഭിച്ചിട്ടുള്ള വിശ്വാസ തീക്ഷ്ണത, സഭാസ്നേഹം, പ്രാർത്ഥനാതൃപ്തി, മാതാപിതാക്കളോടും പ്രായമായവരോടുമുള്ള സ്നേഹാദരവുകളും, വിവാഹജീവിതത്തിന്റെ പവിത്രതയെക്കുറിച്ചുള്ള ശരിയായ ബോദ്ധ്യം തുടങ്ങിയ പല നല്ല പാരമ്പര്യങ്ങളും കാത്തുസംരക്ഷിക്കുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു. അതിരൂപതയിലെ വിവിധ സൺഡേസ്കൂളുകളിലെ കുട്ടികളെ ഏവരെയും ഞാൻ പ്രത്യേകം സ്നേഹവാത്സല്യത്തോടെ ഓർക്കുന്നു. അവരെ സൺഡേസ്കൂളുകളിൽ സന്ദർശിക്കുക എനിക്കു് വളരെ സന്തോഷപ്രദവും ആശ്വാസദായകവുമായിരുന്നു. പ്രായത്തിൽ വളരുന്നതോടൊപ്പം അറിവിലും വിജ്ഞാനത്തിലും ദൈവസ്നേഹത്തിലും വളരുവാൻ അവരെ ദൈവം സഹായിക്കട്ടെ എന്നും ശാരീരികവും ആദ്ധ്യാത്മികവുമായ എല്ലാ അപകടങ്ങളിൽ നിന്നും ദൈവം അവരെ രക്ഷിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു. അവരിൽ നിന്നു് ധാരാളമായ നല്ല ദൈവവിളികളും ഉണ്ടാകട്ടെ.

എനിക്കു പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, ബഹു. വൈദികരേ, സന്യാസികളേ, ഈ കഴിഞ്ഞ പതിനഞ്ചു വർഷക്കാലം നിങ്ങളോടുകൂടി കഴിഞ്ഞതിനുശേഷം നിങ്ങടെ ഓരോരുത്തരോടും യാത്ര പറയുക എന്നെ സംബന്ധിച്ചിടത്തോളം വേദനാജനകമാണു്. നിങ്ങടെ ഏവരുടേയും വളരെ പ്രത്യേകമായ പ്രാർത്ഥനാസഹായം ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. പുതിയ ഉത്തരവാദിത്വങ്ങൾ ശരിയായി നിർവ്വഹിക്കാ

നുള്ള ശക്തിയും പ്രചോദനവും ലഭിക്കുവാൻ നിങ്ങളും ഏവരുടേയും പ്രാർത്ഥന എന്നെ സഹായിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങളുടെ കുടുംബത്തിൽ നിന്നു് അകന്നു കഴിയേണ്ടിവരുന്ന ഒരു അംഗമായി എന്നെ പരിഗണിച്ചു് നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെ അനുസ്മരിക്കുമെന്നു എനിക്കു ഉറപ്പുണ്ടു്. എന്റെ പ്രാർത്ഥനയിൽ ചങ്ങനാശേരി അതിരൂപതയേയും നിങ്ങളെ ഏവരേയും ഞാൻ പ്രത്യേകം സ്മരിക്കുന്നതാണു്. നമ്മുടെ ഏവരുടെയും കഷ്ടതകളും പോരായ്മകളും ആവശ്യങ്ങളും ശരിയായി അറിയാവുന്നവനായ നല്ലദൈവം നമുക്കേവർക്കും ആവശ്യമായഎല്ലാ അനുഗ്രഹങ്ങളും ധാരാളമായി നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

അതിരൂപതയുടെ ഔദ്യോഗിക ഭരണത്തിൽ നിന്നും മാറി നിങ്ങളും ഓരോരുത്തരോടും യാത്ര പറയുന്ന അവസരത്തിൽ എന്റെ പ്രത്യേകമായ പ്രാർത്ഥന ഇതാണു്. 'സ്വർഗസ്ഥനായ നല്ല പിതാവേ, ചങ്ങനാശേരി അതിരൂപതയിലെ ദൈവജനം മുഴുവനേയും വിശ്വാസത്തിലും സ്നേഹത്തിന്റെ ഐക്യത്തിലും കാത്തുകൊള്ളണമെ. അങ്ങയുടെ പുത്രനായ ഈശോയിൽ പരിശുദ്ധാത്മാവിലൂടെ അങ്ങയോടുള്ള സ്നേഹത്തിൽ വളരുവാൻ ഏവരേയും അനുഗ്രഹിക്കണമെ. നമ്മുടെ അമ്മയായ പരിശുദ്ധകന്യകാമറിയത്തിന്റെയും നമ്മുടെ അതിരൂപതയുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പുപിതാവിന്റെയും മാദ്ധ്യസ്ഥ്യസഹായം നമുക്കേവർക്കും എപ്പോഴും ഉണ്ടായിരിക്കട്ടെ'. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ നാമത്തിൽ നിങ്ങളെ ഏവരേയും ആശീർവ്വദിച്ചുകൊണ്ടു്,

A Padiyara

അതിമെത്രാസനഭവനം
26-6-1985

മാർ ആൻറണി പടിയറ
ച. അ. ത്രു. മെത്രാപ്പോലീത്താ

ഈ കത്തു് ജൂൺ 30-ാം തീയതിയോ ജൂലൈ 3-ാം തീയതിയോ പള്ളിയിൽ വായിക്കേണ്ടതാണു്.

Circular No. 2/85

ബഹുമാനപ്പെട്ട അച്ചന്മാരേ,
സന്യാസിനീസന്യാസികളേ,
പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തയായി പരിശുദ്ധ സിംഹാസനത്തിൽ നിന്നും നിയമിച്ചിരിക്കുന്ന നമ്മുടെ പിതാവു് മാർ ആൻറണി പടിയറ തിരുമേനിക്കു് അതിരൂപതയുടെ ആഭിമുഖ്യത്തിൽ സമുചിതമായ യാത്രയയപ്പു് നല്കുന്നതിനെ സംബന്ധിച്ചു്, അതിരൂപതയിലെ ആലോചന സംഘാംഗങ്ങളുടെയും ഫൊറോനാ വികാരിമാരുടെയും പാസ്റ്ററൽ കൗൺസിൽ നിർവാഹക സമിതി അംഗങ്ങളുടെയും വൈദികസെനറ്റു് പ്രതിനിധികളുടെയും ഏകോപിച്ചുള്ള സമ്മേളനത്തിൽ ആലോചിക്കുകയുണ്ടായി.

നമ്മുടെ പിതാവായ മാർ തോമ്മാ ശ്രീഹായുടെ ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3–ാം തീയതി, അഭിവന്ദ്യ പടിയറ പിതാവു് എറണാകുളം അതിരൂപതയുടെ ഭരണച്ചുമതല ഏറ്റെടുക്കുകയാണു്. നമ്മുടെ അതിരൂപത വകയായിട്ടുള്ള യാത്രയയപ്പു് പരിപാടികളും അതിരൂപതയിലെ എല്ലാ അംഗങ്ങൾക്കും സംബന്ധിക്കുവാൻ കൂടുതൽ സൗകര്യപ്പെടുമാറു് 1985 ജൂൺ 30-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞു് മൂന്നു മണിക്കു് നടത്തുവാനാണു് തീരുമാനിച്ചിരിക്കുന്നതു്.

ജൂൺ 30–ാം തീയതി ഉച്ചകഴിഞ്ഞു് മൂന്നു മണിക്കു് അഭിവന്ദ്യപിതാവു് ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിൽ ആഗതനാകുന്നതും ഭദ്രാസനപള്ളിയിൽ സമൂഹബലി അർപ്പിക്കുന്നതുമാണു്. ദിവ്യബലിയ്ക്കുശേഷം പള്ളിമൈതാനത്തു് തയ്യാറാക്കുന്ന വേദിയിൽ യാത്രയയപ്പു് യോഗം നടക്കും. അതിൽ സി. ബി. സി. ഐ. ഉപാദ്ധ്യക്ഷൻ തിരുവനന്തപുരം മെത്രാപ്പോലീത്ത അഭിവന്ദ്യ ബനഡിക്ടു് മാർ ഗ്രിഗോറിയോസും തിരുമേനി ആദ്ധ്യക്ഷ്യം വഹിക്കുന്നതും അതിരൂപതാ പ്രതിനിധികളും ആശംസകളർപ്പിക്കുന്നതും അതിരൂപതയുടെ ഉപഹാരമായി ''വടിയും മുടിയും'' സമ്മാനിക്കുന്നതുമാണു്.

തിരുക്കർമ്മങ്ങളിലും യാത്രയയപ്പു സമ്മേളനത്തിലും സന്നിഹിതരായി അഭിവന്ദ്യപിതാവിനോടുള്ള നമ്മുടെ സ്നേഹവും ബഹുമാനവും കടപ്പാടും പ്രകടിപ്പിക്കുന്നതിനു് നമ്മുടെ അതിരൂപതയിലെ എല്ലാ അംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതും ബ. വികാരിമാർ ആവശ്യമായ നേതൃത്വം കൊടുക്കേണ്ടതുമാണു്.

ജൂലൈ 3—ാം തീയതി ഉച്ചകഴിഞ്ഞ ഒരു മണിക്കു് അഭിവന്ദ്യ പിതാവു് എറണാകുളം അതിരൂപതാ ഭരണം ഔദ്യോഗികമായി സ്വീകരിക്കുന്നതിനു് ചങ്ങനാശേരി അതിമെത്രാസനഭവനത്തിൽ നിന്നും യാത്രതിരിക്കുന്നതാണു്. ചങ്ങനാശേരിയിൽ നിന്നും എറണാകുളത്തേക്കുള്ള യാത്രയിൽ, എല്ലാ ഇടവകകളിൽ നിന്നും അതിരൂപതയിലെ മറ്റു സ്ഥാപനങ്ങളിൽ നിന്നും പ്രതിനിധികളും വാഹനങ്ങളിൽ (കാറുകളും, ജീപ്പുകളും, വാനുകളും തുടങ്ങിയവ) അഭിവന്ദ്യപിതാവിനെ അനുയാത്രചെയ്യേണ്ടതാണു്. അതിനാവശ്യമാകുന്ന ചെലവുകളും അതാതിടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വഹിക്കേണ്ടതാണു്.

വളരെ ഏറെ വാഹനങ്ങളും പങ്കെടുക്കുവാനുള്ളതുകൊണ്ടു മാഗ്രതടസ്സവും ഉണ്ടാകാതിരിക്കുന്നതിനും ക്രമവും ചിട്ടയും അച്ചടക്കവും കൃത്യമായി പാലിക്കുന്നതിനും എല്ലാവരും ശ്രദ്ധിക്കുകയും പരസ്പരം സഹായിക്കുകയും ചെയ്യേണ്ടതാണു്.

കൃത്യം 3. 30 P. M. നു് എറണാകുളം സെൻറ് മേരീസ് ബസ്ലിക്കായിൽ അഭിവന്ദ്യപിതാവു് എത്തിച്ചേരുന്നതും തൻെറ പുതിയ ഭദ്രാസനപ്പള്ളിയിലെ തിരുക്കർമ്മങ്ങൾക്കും മറ്റു പരിപാടികൾക്കും മുഖ്യകാർമ്മികത്വം വഹിക്കുന്നതുമാണു്.

മേല്പറഞ്ഞ പരിപാടികളും എല്ലാം ഭംഗിയായി നടക്കുന്നതിനു് അതിരൂപതയിലെ ദൈവജനം മുഴുവൻ ആത്മാർത്ഥമായി സഹകരിക്കണമെന്നും, നമ്മിൽ നിന്നും സ്ഥലം മാറിപ്പോകുന്ന അഭിവന്ദ്യ പിതാവിൻെറമേൽ ദൈവത്തിൻെറ അനുഗ്രഹങ്ങൾ സമൃദ്ധിയായി വർഷിക്കപ്പെടുന്നതിനും, നമ്മുടെ അതിരൂപതയ്ക്കു് ദൈവാനുഗ്രഹങ്ങൾ ധാരാളമായി ലഭിച്ചു് അതിൻെറ ഭാവി ശ്രേയസ്കരമാകുന്നതിനും എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിക്കുന്നു.


ഫാ. ജോസഫ് കരിമ്പാലിൽ
ചാ. അ. വികാരി ജനറാൾ

അതിമെത്രാസന ഭവനം
ചങ്ങനാശേരി
ഈശോയുടെ തിരുഹൃദയത്തിരുനാൾ ദിനം
14-6-1985

N.B. ഈ സർക്കുലർ 1985 ജൂൺ 23—ാം തീയതി ഞായറാഴ്ച പള്ളിയിൽ വായിക്കുവാനായി അയച്ചിട്ടുള്ളതാണു്.



ജനനം	21- 2-1921
പൗരോഹിത്യം	19-12-1945
മെത്രാഭിഷേകം	16-10-1955
ഊട്ടി രൂപതയുടെ പ്രഥമ മെത്രാൻ	1955—1970
പാലീയം സ്വീകരണം	7- 8-1970
ചങ്ങനാശേരി മെത്രാപ്പോലീത്താ	15-8-1970
സി.ബി.സി.ഐ. ഉപാദ്ധ്യക്ഷൻ	1976
അപ്പസ്തോലിക് വിസിറ്റർ	8-9-1978
മെത്രാഭിഷേക രജതജൂബിലി	16-10-1980
എറണാകുളം മെത്രാപ്പോലീത്താ	3- 7-1985


SERVIRE
IN
LAETITIA

അധ്വാനനിരതനായ അജപാലകൻ

കഴിഞ്ഞ ജൂൺ 18 —ാം തീയതി ശനിയാഴ്ച രാവിലെ 8.30ന് അഭി. പിതാവ് ബ. പ്രൊക്കുറേറർ അച്ചനേയും എന്നേയും—പെ. ബ. ജനറാളച്ചൻ സ്ഥലത്തില്ലായിരുന്ന—മുറിയിലേയ്ക്കു വിളിച്ചു് വളരെ രഹസ്യമായ ഒരു കാര്യം പറയാനുണ്ടു് എന്ന മുഖവുരയോടെ ഞങ്ങളോടു് ഇങ്ങനെ പറഞ്ഞു, ''ഇന്നു് നാലുമണിക്കു ശേഷം ഏതാനും അതിഥികൾ എന്നെ കാണാൻ ഇവിടെ വരും. അവർക്കു് ഒരു ചെറിയ കാപ്പികൊടുക്കാൻ വേണ്ടതു് കരുതണം'' എറണാകുളം മെത്രാപ്പോലീത്തായെ സംബന്ധിച്ച പ്രഖ്യാപനം ഇന്നു് റോമിൽ നടക്കുമെന്നും പറഞ്ഞു. കൂടുതൽ വിവരങ്ങൾ പറയുവാൻ പിതാവു് മടികാണിച്ചു. എന്താണു് പിതാവ് പറഞ്ഞു വരുന്നതു് എന്നു് ഒരു പിടിയും കിട്ടാതിരുന്ന ഞങ്ങൾ ചോദിച്ചു, ''പിതാവേ ഈ പ്രഖ്യാപനവും പിതാവുമായി എന്തെങ്കിലും ബന്ധമുണ്ടോ?'' എന്നു്. You may read it from my face' എന്നായിരുന്ന മറുപടി. കേരളത്തിലെ സഭാഭരണത്തിൽ വന്നേക്കാവുന്ന മാറ്റത്തേയും പടിയിറപ്പിതാവിനു് ലഭിച്ചേക്കാവുന്ന സ്ഥാനക്കയറ്റത്തേയും കുറിച്ചു് പ്രചരിച്ചിരുന്ന ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ ചില നിഗമനങ്ങളിൽ എത്തിച്ചേർന്ന ഞങ്ങൾ ഒരു ചോദ്യംകൂടി പിതാവിനോടു് ചോദിച്ചു: ''ഞങ്ങൾ പലരും പ്രതീക്ഷിക്കുന്നതുപോലെ പിതാവിന്റെ Titleൽ എന്തെങ്കിലും വ്യത്യാസമുണ്ടാകുമോ?. 'ഒന്നുമില്ല' എന്നായിരുന്ന മറുപടി. ഈ വിഷയത്തെക്കുറിച്ചു് അധികം സംസാരിക്കുവാൻ പിതാവു് താല്പര്യം കാണിക്കാതിരുന്നതിനാൽ കൂടുതൽ ചോദ്യങ്ങൾ ചോദിക്കുവാൻ ഞങ്ങൾ മുതിർന്നില്ല. നടക്കുവാൻ പോകുന്ന പ്രഖ്യാപനം നമുക്കു് സന്തോഷത്തിനു വക നല്കാത്തതാകയാൽ മ്ലാനവദനരായി ഞങ്ങൾ പുറത്തിറങ്ങി: പിതാവിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാമെന്നു മാത്രം വാഗ്ദാനം ചെയ്തു.

1970ൽ പടിയറപിതാവിനെ ഊട്ടിയിൽ നിന്നു് ചങ്ങനാശേരിക്കു സ്ഥലം മാറിയപ്പോഴും ഊട്ടിയിലെ ദൈവജനം മുഴുവൻ സങ്കടപ്പെട്ടു. എങ്കിലും തങ്ങളുടെ പ്രിയപ്പെട്ട ഇടയൻ സ്ഥലം മാറിപ്പോകുന്നതു് ഉയർന്ന പദവിയോടെ വളരെ പ്രശസ്തമായ സ്ഥാനം അതിരൂപതയിലേയ്ക്കാണു് എന്നവർ സമാധാനിച്ചിരുന്നു. എന്നാൽ ഇന്നു് അങ്ങനെയാശ്വസിക്കുവാനുള്ള കാരണങ്ങളൊന്നുംഅദ്ദേഹത്തിന്റെ മാതൃരൂപതക്കാരായ ചങ്ങനാശേരിക്കാർക്കില്ലെങ്കിലും പരിശുദ്ധപിതാവു് കല്പിച്ചു; നാം അനുസരിക്കണം എന്ന നിലപാടാണു് നമുക്കുണ്ടാകേണ്ടതു്. അഭിവന്ദ്യപിതാവിന്റെ മനോഭാവവും ഇതു തന്നെയെന്നു് വ്യക്തമാണു്.

ചങ്ങനാശേരി അതിരൂപതനിർണ്ണായകമായ പുരോഗതി കൈവരിച്ച കാലഘട്ടമാണു് ഇക്കഴിഞ്ഞ 15 വർഷങ്ങളും. ഒരുലത്തീൻ, മിഷൻ രൂപതയിൽ നിന്നു് സ്ഥലം മാറി വരുന്ന ഒരു മെത്രാൻ ഏതു വിധത്തിൽ ഇത്ര വിശാലമായ ചങ്ങനാശേരി അതിരൂപതയെ നയിക്കും എന്നു് അന്നു് പലർക്കും ഉത്കണ്ഠയുണ്ടായിരുന്നു. എന്നാൽ പുതിയ സാഹചര്യങ്ങളും ഭാഷയും സംസ്ക്കാരവും ലിറ്റർജിയും പാരമ്പര്യങ്ങളും കീഴ്വഴക്കങ്ങളുമെല്ലാം സ്വന്തമാക്കുവാൻ പടിയറപ്പിതാവിനു് അധികനാളും വേണ്ടിവന്നില്ല. 50 വയസ്സു് തികയാത്ത ഒരു മെത്രാപ്പോലീത്താ തന്റെ ആരോഗ്യവും കഴിവുകളും മിഷൻ രംഗത്തുനിന്നു തനിക്കു ലഭിച്ച അനുഭവസമ്പത്തുമെല്ലാം സ്വന്തം രൂപതയുടെ വികസനത്തിനും അഭിവൃദ്ധിയ്ക്കും വേണ്ടി കാഴ്ചവെച്ചു. വിശ്രമമറിയാതെ അദ്ദേഹം ജോലിചെയ്തു. പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും തരണം ചെയ്യുന്നതിനു് തന്റെ ശക്തിയേക്കാളും ദൈവശക്തിയാണു് ആവശ്യമെന്നു് മനസിലാക്കി രൂപതയേയും അതിന്റെ പ്രശ്നങ്ങളേയും പൂർണ്ണമായി ദൈവത്തിനു് സമർപ്പിച്ചു് രൂപതാഭരണം മുമ്പോട്ടുകൊണ്ടുപോകുവാൻ അദ്ദേഹം പരിശ്രമിച്ചു. രൂപതയുടെ ബഹുമുഖമായ അഭിവൃദ്ധിയും വികാസവും ലക്ഷ്യമാക്കി അദ്ദേഹം കഠിനാധ്വാനം ചെയ്തു.

ചങ്ങനാശേരി അതിരൂപതയുടെ ഉത്തരവാദിത്വത്തിൽപ്പെട്ട ആഗ്രാ, കന്യാകുമാരി മിഷനുകളും, കേരളത്തിന്റെ തെക്കൻ ജില്ലകളിൽപ്പെട്ട മിഷൻ കേന്ദ്രങ്ങളുമെല്ലാം പിതാവിന്റെ മിഷൻ തീഷ്ണതയുടെ ഉദാഹരണങ്ങളാണു്. രൂപതയിൽ നിന്നു് മിഷനറി ദൈവവിളികളും ധാരാളമായുണ്ടാകുന്നതിനു് അദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നു. രൂപതയിലെ വൈദികരുടെ സേവനം ദൂരദേശങ്ങളിൽ മിഷൻ പ്രവർത്തനത്തിനു ആവശ്യമായി വന്നപ്പോഴും രൂപതയിലെ വൈദികരുടെ കുറവ് വകവയ്ക്കാതെ അവരുടെ സേവനം വിട്ടുകൊടുക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു.

സമൂഹത്തിൽ തങ്ങളേതല്ലാ

ത്ത കുറ്റംകൊണ്ട് കഷ്ടക്ലേശമനുഭവിക്കുന്നവരും ശാരീരികവും മാനസികവുമായ കുറവുകളുള്ളവരും ആലംബഹീനരുമായ വ്യക്തികളോട് ഒരു പ്രത്യേക വാത്സല്യം തന്നെ അഭിവന്ദ്യ പിതാവിനുണ്ട്. ഇവയ്ക്ക് ജീവിക്കുന്നനിരവധി ഉദാഹരണങ്ങൾ കാണാം. കഴിഞ്ഞ 15 വർഷങ്ങളായി പിതാവ് അതിരൂപതയ്ക്കു നൽകിയ മികച്ച നേതൃത്വത്തിലും അതിരൂപതയ്ക്കു വേണ്ടി അദ്ദേഹം നേടിയ നിരവധിയായ നേട്ടങ്ങളിലും അദ്ദേഹത്തിനു തീർച്ചയായും അഭിമാനിക്കാം.

ഈ ചുരുങ്ങിയ കാലം കൊണ്ട് ഇരുപതധികം അദ്ദേഹം നേടിയെടുത്ത് അത്ഭുതം പ്രവർത്തിച്ചില്ലായെന്നു നാമോർക്കണം. സാമ്പത്തിക പരാധീനത ഉണ്ടായിരുന്ന അതിരൂപതയ്ക്കു അത്യാവശ്യകാര്യങ്ങൾ നേടിയെടുക്കുന്നതിനു അദ്ദേഹം അത്യധ്വാനം ചെയ്തു. പ്രശ്നസങ്കീർണ്ണങ്ങളായ രൂപതയിലെ വിവിധ സ്ഥലങ്ങളേയും ആളുകളേയും അവരുടെ ആവശ്യങ്ങളേയും മനസ്സിലാക്കുന്നതിനും സമാധാനത്തിലും സ്നേഹത്തിലും അവയ്ക്കു പരിഹാരം കണ്ടെത്തുന്നതിനും വേണ്ടി അദ്ദേഹത്തിനു നേരിട്ട കഠിന യാതനകളും മനോദുഃഖവും അദ്ദേഹവുമായി വളരെയടുത്തു സഹവസിച്ചിട്ടുള്ള കുറെപ്പേർ ഒഴികെ അധികമാരും മനസ്സിലാക്കിയിരിക്കുകയില്ല. ഏതു പ്രശ്നത്തിനും തികച്ചും ക്രൈസ്തവവും സ്നേഹപൂർവ്വകവുമായ പരിഹാരം ആണ് ഉണ്ടാകേണ്ടതു് എന്ന കാര്യത്തിൽ വളരെ നിഷ്കർഷയുള്ള ആളാണ് അഭിവന്ദ്യ പിതാവ്. ആരെയും നുള്ളിനോവിക്കാതെ, കഴിയുംവിധമെല്ലാം എല്ലാവരുടേയും കഷ്ടതകളിൽ പങ്കുപറ്റി ആവുംവിധമെല്ലാം ഓരോരുത്തരേയും തൊട്ടു തലോടി എവിടെയും ആരിലും സ്നേഹത്തിന്റെ പരിമളം പരത്തുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്ന അഭിവന്ദ്യ പടിയറമെത്രാപ്പോലീത്തായുടെ നേതൃത്വവും സേവനവും ചങ്ങനാശേരി അതിരൂപതയ്ക്ക് പെട്ടെന്ന് അവസഹിക്കുന്നതിൽ ചങ്ങനാശേരി അതിരൂപത ദുഃഖിതയാണ്. വന്ദ്യപിതാവിന്റെ നേതൃത്വവും സേവനവും കൂടുതൽ വ്യാപകമായ വിധത്തിൽ കേരള സഭയ്ക്കു മുഴുവൻ ലഭിക്കുമെന്ന പ്രത്യാശയാണ് ഈ വേർപാടിന്റെ ദുഃഖം സഹിക്കുവാൻ അതിരൂപതയിലെ ഓരോ അംഗത്തിനും ശക്തി നൽകുന്നതു്.

— ഫാ. ഗ്രിഗറി നടുവിലേടം
ചാൻസിലർ

അത്ഭുതനീയനായ അജപാലകൻ

കഴിഞ്ഞകാലങ്ങൾ

ചങ്ങനാശേരിയിലെ അത്രയൊന്നും അറിയപ്പെടാത്ത മണിമലയിലെ പടിയറക്കുടുംബത്തിൽ നിന്നും ഏതാണ്ട് അമ്പതു വർഷം മുമ്പ് പി. കെ. ആൻറണി എന്ന സ്കൂൾ ഫൈനൽകാരൻ മിഷനറിയാകുവാൻ ഇറങ്ങിപ്പുറപ്പെട്ടന്ന തോട്ടുകൂടി ഒരു സമർപ്പിതജീവിതം ആരംഭിക്കുകയാണ്. കോയമ്പത്തൂർ മൈനർ സെമിനാരിയിലാരംഭിച്ച് ബാംഗ ളൂരിലെ സെൻറ് പീറേഴ്സ് മേജർ സെമിനാരിയിൽ തുടർന ആ വൈദിക പരിശീലനം പൂത്തിയാകുന്നതു് സേലത്താണു്.

ദൈവപരിപാലനയുടെ നിഗൂഢമായ ചുരുളുകൾ അഴിയുക പലപ്പോഴും വിസ്മയകരമായ രീതിയിലാണ്. പടിയറപ്പിതാവിൻെറ കഴിഞ്ഞകാലജീവിതം ഇതിന് നല്ലൊരുദാഹരണമാണ്.

— പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ

കോയമ്പത്തൂർ രൂപതയ്ക്കുവേണ്ടി 1945-ൽ വൈദിക നായ അദ്ദേഹം രൂപതാവിഭജനത്തെത്തുടർന്ന് പുതുതായി രൂപംകൊണ്ട മൈസൂർ രൂപതയിൽ സത്യമംഗലത്തു് അജ പാലനം ആരംഭിച്ചു. ഊട്ടി ഉൾപ്പെടെയുള്ള പല ഇടവക കളിലും അജപാലനം നടത്തിയശേഷം മൈസൂർ പെററി സെമിനാരി റെക്ടറായും പിന്നീട് തൻെറ മാതൃ വിദ്യാ ലയമായ സെൻറ് പീറേഴ്സിലെ തന്നെ പ്രൊഫസറായും നിയമിതനായി.

1955 ജൂലൈ മൂന്നാം തീയതിയിലെ ബാംഗളൂർ പത്ര ങ്ങൾ പുതുതായി വീണ്ടും രൂപംകൊണ്ട ഊട്ടി രൂപതയുടെ

മെത്രാനായി ഫാ. ആൻറണി പടിയറയെ നിയമിച്ചിരിക്കുന്നുവെന്ന വാർത്തയുമായാണ് പുറത്തു വന്നതു്. പത്രവാർത്ത കണ്ട ശേഷമാണ് ഔദ്യോഗികമായ അറിയിപ്പ് അദ്ദേഹത്തിനു് ലഭിച്ചതു്. മെത്രാനാകുമ്പോൾ അദ്ദേഹത്തിൻെറ പ്രായം 34 വയസ്സു് മാത്രം. ഭാരതത്തിലെ മാത്രമല്ല ആഗോളസഭയിലെ തന്നെ ഏറ്റവും പ്രായംകുറഞ്ഞ മെത്രാനായിരുന്നു അന്നദ്ദേഹം!

പിന്നെ ഒരു പതിനഞ്ചു വർഷക്കാലം ഊട്ടിയിലെ മലകളും താഴ്വരകളുമായിരുന്നു അദ്ദേഹത്തിൻെറ പ്രവർത്തനവേദി. അവിടത്തെ തോഡരുടെ പ്രാകൃത ജീവിതവുമായും പണക്കാരുടെ പരിഷ്കൃതജീവിതവുമായും ഇണങ്ങിച്ചേരുവാൻ അദ്ദേഹത്തിനുബുദ്ധിമുട്ടില്ലായിരുന്നു.പക്ഷേ അദ്ദേഹത്തിൻെറ അജപാലനത്തിൽ മുൻഗണന ലഭിച്ചതു് തൊഴിലാളിക്കുടുംബങ്ങൾക്കും സമൂഹത്തിലെ അശരണർക്കുമായിരുന്നു. തമിഴ്മക്കൾക്കു് പടിയറപ്പിതാവു് ഇന്നും പ്രിയപ്പെട്ട 'അന്തോണി സ്വാമി'യും 'പെരിയസ്വാമി'യുമൊക്കെയാണു്.

ഫാ. ആൻറണി പടിയറയുടെ മെത്രാഭിഷേക ശുശ്രൂഷയിൽ സഹ കാർമ്മികരായിരുന്നവരിലൊരാളും അന്നത്തെ ചങ്ങനാശേരി അതിരൂപതയുടെ ബിഷപ്പു് മാർ മാത്യു കാവുകാട്ടു തിരുമേനിയായിരുന്നു. അങ്ങനെ മിഷനറിയായി പുറപ്പെട്ട മകനോടുള്ള ബന്ധം ചങ്ങനാശേരി അതിരൂപതയിലെ അദ്ദേഹത്തിൻെറ സേവനം

ത്തറവാട്ടു് പുതുക്കി. പക്ഷേ യുക്കാലിപ്റ്റസുകളുടേയും വണ്ണപുഷ്പങ്ങളുടേതുമായ ആ സുന്ദരോദ്യാനത്തിൽ നിന്നും സ്വന്തം തറവാട്ടിലേക്കു് തന്നെ അദ്ദേഹം പിഴുതു മാറ്റപ്പെടുമെന്നു് അദ്ദേഹമോ കാവുകാട്ടു തിരുമേനിയോ കരുതിയിരിക്കുകയില്ല. പക്ഷേ സംഭവിച്ചതങ്ങനെയാണു്. 15 വർഷങ്ങൾക്കു ശേഷം മാർ മാത്യു കാവുകാട്ടു തിരുമേനിയുടെ പിൻഗാമിയായി അദ്ദേഹം നിയമിതനായി. 1970 ആഗസ്റ്റു് 15, മാതാവിൻെറ സ്വർഗ്ഗാരോപണവും ഭാരതത്തിൻെറ സ്വാതന്ത്ര്യവും ഒരുമിച്ചു് ആഘോഷിക്കുന്ന സുദിനത്തിൽ അദ്ദേഹം ചങ്ങനാശേരി ആർച്ചുബിഷപ്പായി അവരോധിക്കപ്പെട്ടു. ഒരു മെത്രാൻെറ സ്ഥാനചലനം—അത്രം ലത്തീൻ രൂപതയിൽ നിന്നും സുറിയാനി രൂപതയിലേക്കുള്ളതു് —അന്നൊരു പുതുമയായിരുന്നു. പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുക അത്ര എളുപ്പമല്ലായിരുന്നു. എങ്കിലും അധികനാളുകൾ കഴിയുന്നതിനു മുമ്പു് അദ്ദേഹം എല്ലാവർക്കും പ്രിയങ്കരനായി.

'പതിനഞ്ചു്' പടിയറപ്പിതാവിൻെറ ഭാഗ്യനമ്പരാണെന്നു് തോന്നുന്നു! ഊട്ടി മെത്രാനായി പതിനഞ്ചു വർഷം കഴിഞ്ഞപ്പോഴാണു് അദ്ദേഹം ചങ്ങനാശേരി മെത്രാപ്പോലീത്തായായി പ്രമോട്ടു് ചെയ്യപ്പെട്ടതു്. ചങ്ങനാശേരി അതിരൂപതയിലെ അദ്ദേഹത്തിൻെറ സേവനം

പതിനഞ്ചു വർഷം പൂർത്തിയാകുമ്പോഴാണു് അദ്ദേഹത്തെ എറണാകുളം അതിരൂപതാദ്ധ്യക്ഷനായി നിയമിക്കുന്നതു്. ഇപ്പോഴത്തേതും കേവലം ഒരു സ്ഥലം മാറ്റമല്ലെന്നും അതിലു പരിയായ എന്തോ ഒന്നിന്റെ നാന്ദിയാണെന്നും കരുതുന്നതിൽ അപാകതയില്ല. അടുത്ത പ്രഖ്യാപനത്തിനായി നാം കാത്തിരിക്കുക.

പുതിയ ഉത്തരവാദിത്വങ്ങൾ

രണ്ടു പ്രാവശ്യം അഖിലേന്ത്യാ ബിഷപ്സ് കോൺഫറൻസിന്റെ ഉപാദ്ധ്യക്ഷനായും, ഭാരതസഭയുടെതന്നെ ചരിത്രത്തിൽ ഇദംപ്രഥമമായി അപ്പസ്തോലിക് വിസിറ്റർ എന്ന നിലയിലും നേതൃത്വപരമായ ചുമതലകളും വഹിച്ചിട്ടുള്ള പടിയറപ്പിതാവ് ഇന്നു് ഒരേ സമയംതന്നെ കേരളാ കാത്തലിക് ബിഷപ്സ് കൗൺസിലിന്റെയും സീറോ മലബാർ ബിഷപ്സ് കോൺഫറൻസിന്റെയും അദ്ധ്യക്ഷനാണു്. ഒരു വിധത്തിൽ നോക്കിയാൽ അദ്ദേഹം ഇന്നു് കേരള സഭയുടെ മുഴുവൻ വക്താവാണു്.

പുതിയ പദവികളും ഉത്തരവാദിത്വങ്ങളും അദ്ദേഹത്തെ കാത്തു നിൽക്കുന്നുണ്ടാകാം. പക്ഷേ അതിനുവേണ്ടി അദ്ദേഹം എന്തിനു് എറണാകുളത്തു പോകണം? ഇതു് പടിയറപ്പിതാവിനു് പ്രശ്നമല്ല. വത്തിക്കാനിലെ ഒരു പതിവു സന്ദർശകനും ഭാരതത്തിലെ വത്തിക്കാൻ സ്ഥാനപതിയുമായി നിരന്തരം സമ്പർക്കം പുലർത്തുന്ന ആളുമാണെങ്കിലും പിതാവ് സ്വന്തം കാര്യങ്ങളൊന്നും അന്വേഷിക്കാറില്ല. എറണാകുളത്തേയ്ക്കുള്ള സ്ഥലംമാറ്റ ഉത്തരവു് വന്നതിനു ശേഷവും അദ്ദേഹം വത്തിക്കാൻ സന്ദർശിച്ചു. പക്ഷേ സ്ഥലം മാറ്റത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളൊന്നും അന്വേഷിച്ചറിയുവാൻ അദ്ദേഹം മിനക്കെട്ടില്ല. ഈ സ്വഭാവം പടിയറപ്പിതാവിന്റെ വ്യക്തിത്വത്തിന്റെ തന്നെ ഒരു സവിശേഷതയാണു്.

ബഹുമുഖ വ്യക്തിത്വം

പടിയറപ്പിതാവിന്റെ പ്രതിഭയും വ്യക്തിത്വവും ബഹുമുഖമാണു്. ഈ പ്രതിഭയിൽ നിന്നും വ്യക്തിത്വത്തിൽനിന്നും ഉരുത്തിരിയുന്നതാണു് പിതാവിന്റെ അജപാലനപരമായ പ്രവർത്തനശൈലി. പിതാവിന്റെ വ്യക്തിത്വവും പ്രവർത്തന ശൈലിയും ഇന്നും വേണ്ടത്ര മനസ്സിലാക്കപ്പെട്ടിട്ടുണ്ടോ എന്നു് സംശയമാണു്.

കഴിഞ്ഞ പതിനഞ്ചു വർഷക്കാലമായി പിതാവുമായി വ്യക്തിപരമായും സഭാതലത്തിലും അടുത്ത ബന്ധം പുലർത്തുവാൻ സാധിച്ചിട്ടുള്ള ഒരു വ്യക്തിയെന്ന നിലയിലാണു് പിതാവിന്റെ വ്യക്തിത്വത്തിലേക്കുള്ള ഒരെത്തിനോട്ടം നടത്തുക എന്ന സാഹസത്തിനു് ഞാൻ മുതിരുന്നതു്.

ആർജ്ജവത്വം

വാക്കുകളെ മുഖവിലയ്ക്കെടുക്കുകയും പറയുന്നതുപോലെ പ്രവർത്തിക്കുകയുംചെയ്യുന്ന പിതാവ് മറ്റുള്ളവരും അങ്ങനെ തന്നെ ചെയ്യുമെന്നു് പ്രതീക്ഷിക്കുന്നു. പക്ഷെ പലപ്പോഴും ഇങ്ങനെ സംഭവിക്കുന്നില്ല. ചങ്ങനാശേരിയിൽ ആർച്ചുബിഷപ്പായി വന്നതിനുശേഷമുള്ള ആദ്യനാളുകളിൽ ഈ പൊരുത്തക്കേടു് അല്പമായിട്ടാണെങ്കിലും പ്രശ്നങ്ങൾ ഉണ്ടാക്കി.

ഉച്ചകഴിഞ്ഞു് 2.30-നുള്ള ഒരു യോഗത്തിനു് പിതാവിനെ ക്ഷണിക്കുകയും വരാമെന്നു് പിതാവു് സമ്മതിക്കുകയും ചെയ്തുകഴിഞ്ഞാൽ കൃത്യം 2.30—നു് തന്നെ പിതാവു് യോഗ സ്ഥലത്തുണ്ടാകും. ഒരു മിനിറ്റുപോലും നേരത്തെയോ താമസിച്ചോ ആയിരിക്കുകയില്ല പിതാവിന്റെ ആഗമനം. എന്നാൽ നമ്മുടെ നാട്ടിൽ 2.30 എന്നു പറഞ്ഞാൽ യോഗം ആരംഭിക്കുക മൂന്നിനോ മൂന്നരയ്ക്കോ ആയിരിക്കും. പക്ഷേ ഈ രീതിയുമായി പൊരുത്തപ്പെടുവാൻ പിതാവിനു് പ്രയാസമാണു്. കൃത്യസമയത്തു് യോഗം ആരംഭിക്കാത്തതുകാരണം പിതാവു് മടങ്ങിപ്പോയ ഒന്നിലധികം സന്ദർഭങ്ങൾ ഉണ്ടായിട്ടുണ്ടു്. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം ഇതു് കൃത്യനിഷ്ഠയാണെങ്കിൽ പിതാവിനെ സംബന്ധിച്ചിടത്തോളം ഇതു് ആർജ്ജവത്വമാണു് — പറയുന്നതുപോലെ പ്രവർത്തിക്കുകയാണു്. ഇന്നു് പിതാവു് പങ്കെടുക്കുന്ന പൊതു ചടങ്ങുകൾക്കു് ചങ്ങനാശേരിയിൽ രണ്ടുതരം സമയമാണു്. ഒന്നു് ആർച്ച ബിഷപ്പിന്റെ സമയം. അതായതു് യോഗം തുടങ്ങുന്ന യഥാർത്ഥ സമയം. രണ്ടാമത്തേതു് യോഗഭാരവാഹികൾ നോട്ടീസിൽ പ്രസിദ്ധപ്പെടുത്തുന്ന സമയം. ഈ സമയം അരമണിക്കൂറെങ്കിലും മുന്നോട്ടായിരിക്കുമെന്നു് പറയേണ്ടതില്ലല്ലോ.

ഈ ആർജ്ജവത്വം വൈദികരുടെ ഇടയിലും അല്പസ്വല്പം പ്രശ്നങ്ങൾക്കു കാരണമായിട്ടുണ്ടു്. ഉദാഹരണമായി ഏതെങ്കിലും ഒരു വൈദികൻ സ്വമേധയാ ലീവു് ആവശ്യപ്പെടുകയാണെങ്കിൽ പിതാവു് അതു് അനുവദിക്കുന്നു. ലീവു് ലഭിച്ച വൈദികൻ സ്വമേധയാതന്നെ മടങ്ങിവരണമെന്നുള്ളതാണു് പിതാവിന്റെ ചിന്താഗതി. എന്നാൽ അവധിയിൽ കഴിയുന്നയാൾ ആഗ്രഹിക്കുന്നതു് പിതാവു് സ്നേഹപൂർവ്വമായ സമ്മർദ്ദം ചെലുത്തി തന്നെ തിരികെ വിളിക്കണമെന്നും!

പാസ്റ്ററൽ കൗൺസിൽ

ഈ ആർജ്ജവത്വം ഏറെ പ്രകടമായതു് ചങ്ങനാശേരി അതിരൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ രൂപീകരണത്തിലും പ്രവർത്തനശൈലിയിലുമായിരുന്നു.

അഭിവന്ദ്യ കാവുകാട്ട് തിരുമേനിയുടെ കാലത്തുതന്നെ നമ്മുടെ അതിരൂപതയിൽ പാസ്റ്ററൽ കൗൺസിലുണ്ടായി. കൂട്ടുത്തരവാദിത്വമെന്ന തത്വം രൂപതാതലത്തിൽ ഒരു പരിധിവരെയെങ്കിലും ആദ്യമായി പ്രായോഗികമായത് ചങ്ങനാശേരി അതിരൂപതയിലാണ്. പക്ഷെ അതൊരാരംഭം മാത്രമായിരുന്നു.

പടിയറപ്പിതാവ് വന്നതിനു ശേഷമാണ് അതിരൂപതാ പാസ്റ്ററൽ കൗൺസിലിനു് ഒരു ഭരണഘടനയും നിയതമായ പ്രവർത്തനശൈലിയുമുണ്ടാകുന്നതു്. പിതാവ് ചങ്ങനാശേരിയിൽ വന്നു് അധിക നാളുകളും കഴിയുന്നതിനു മുമ്പു് പാസ്റ്ററൽ കൗൺസിലിന്റെ ആദ്യകാല പ്രവർത്തകരായ ഞങ്ങളിൽ ചിലർ കൗൺസിലിന്റെ മുന്നോട്ടുള്ള പ്രവർത്തനത്തെക്കുറിച്ചു് ആലോചിക്കുവാനായി പിതാവിനെക്കണ്ടു. 'പുരോഗമന പരമായ എന്തെങ്കിലും നീക്കങ്ങളും കേരളസഭയിലുണ്ടാകണമെങ്കിൽ മറേറതെങ്കിലും കേന്ദ്രത്തിൽ നിന്നു് അതിനുള്ള ആദ്യനീക്കം ഉണ്ടാകട്ടെ എന്നു വിചാരിച്ചാൽ ഇവിടെ ഒന്നും നടക്കുവാൻ പോകുന്നില്ല.' ഞങ്ങളുടെ അഭിപ്രായം മുന്നോട്ടു വെച്ചു. 'ഏതെങ്കിലും ഒരു നടപടി ആവശ്യമാണെന്നു് എനിക്കു ബോദ്ധ്യമായാൽ ഞാനതു നടപ്പിലാക്കുകതന്നെ ചെയ്യും. നിങ്ങളുടെ കാര്യത്തിൽ ഞാനുറപ്പു തരുന്നു'. ഇതായിരുന്നു പിതാവിന്റെ പ്രതികരണം. ഈ പ്രതികരണത്തിനനുസൃതമായിട്ടാണ് പാസ്റ്ററൽ കൗൺസിൽ വളർന്നതും ശക്തിപ്രാപിച്ചതും.

ഉത്തരവാദിത്വബോധം

ഉത്തരവാദിത്വബോധം എന്നതുകൊണ്ടു് ഇവിടെവിവക്ഷിക്കുന്നതു് accountability ആണ് – പ്രധാനമായും ധനപരമായ accountability. പ. സിംഹാസനം തന്നെ ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വങ്ങളും മനസ്സാക്ഷിക്കനുസരിച്ചു് നൂറു ശതമാനം വിശ്വസ്തതയോടുകൂടി നിവ്വഹിക്കുന്നതിൽ തിരുമേനി അതീവ തൽപരനാണ്. ഇതു് പ. സിംഹാസനത്തോടുള്ള പിതാവിന്റെ വിധേയത്വത്തിന്റെയും വിശ്വസ്തതയുടെയും ഭാഗമാണ്. അപ്പസ്തോലിക് വിസിറ്റർ എന്ന നിലയിലുള്ള ചുമതലാനിർവഹണം വ്യക്തിപരമായി നോക്കിയാൽ തിരുമേനിയ്ക്ക് ഏറെ ക്ലേശകരമായിരുന്നു. പതിനഞ്ചു വർഷക്കാലം ലാറ്റിൻ ഹൈരാർക്കിയിലെ ഒരു മെത്രാനായി സേവനമനുഷ്ഠിച്ച തിരുമേനി സീറോ മലബാർ സഭയുടെ ന്യായമായ അവകാശങ്ങളും സാധിച്ചു കിട്ടുന്നതിനുള്ള ഒരു പ്രക്രിയയ്ക്ക് നേതൃത്വം കൊടുത്തതു് പ. സിംഹാസനത്തോടും സഭയോടുമുള്ള വിശ്വസ്തതയുടെ പേരിലാണ്.

അക്കൗണ്ടബിലിറ്റിയുടെ മറെറാരു മാനമാണ് അതിരൂപ

തയുടെ വരവുചെലവു കണക്കുകൾ ഉത്തരവാദിത്തപ്പെട്ട സമിതികളെ ബോദ്ധ്യപ്പെടുത്തുക എന്നുള്ളതു്. കേരള സഭയുടെ മഹത്തായ പാരമ്പര്യമനുസരിച്ചു് പള്ളിയുടെ ഭൗതികകാര്യങ്ങൾ അല്പമായെങ്കിലും പ്പെടുന്ന പള്ളിയോഗത്തിന്റെ ഉത്തരവാദിത്വത്തിലായിരുന്നു. ഈ നല്ല പാരമ്പര്യം ലത്തീൻകാരായ വിദേശ മിഷനറിമാരുടെ വരവിനുശേഷം ഇല്ലാതായി. പക്ഷേ ആ പാരമ്പര്യം പുനഃസ്ഥാപിക്കുവാനുള്ള ധീരമായ നേതൃത്വം നല്കിയതു് സുറിയാനി സഭയിൽ ജനിച്ചു് ലത്തീൻ പാരമ്പര്യത്തിൽ പരിശീലനം ലഭിച്ച പടിയറപ്പിതാവാണെന്നുള്ളതു് കേരളാ സഭാചരിത്രത്തിലെ കൗതുകകരമായ ഒരു വസ്തുതയായിരിക്കും.

അതിരൂപതാ പാസ്റ്ററൽ കൗൺസിലിൽ അതിരൂപതയുടെ വരവുചെലവു കണക്കുകൾ അവതരിപ്പിക്കുവാൻ പിതാവിനെ പ്രേരിപ്പിച്ചതു് വത്തിക്കാൻ സൂനഹദോസിന്റെ ചൈതന്യവും സഭയിലെ കൂട്ടുത്തരവാദിത്വത്തെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടുമാണു്. സൂനഹദോസിനുശേഷം വത്തിക്കാൻ കേന്ദ്രകാര്യാലയം പുറപ്പെടുവിച്ച ഒരു രേഖയിൽ പറയുന്നു, 'Undue secrecy in money matters will do more harm than good'. ഈ മുന്നറിയിപ്പു് ശരിയാണെന്നു് അനുഭവം നമ്മെ പഠിപ്പിക്കുന്നു. 'നമ്മുടെ കണക്കുകൾ ശരിയാണെങ്കിൽ അതു് പ്രസിദ്ധപ്പെടുത്തുന്നതിലെന്താണപാകത?' പടിയറപിതാവിനു് മനസ്സിലാകാത്ത ഒരു കാര്യമാണിതു്. ധനപരമായ കാര്യങ്ങളിൽ നാം കൃത്യത (correctness) പാലിച്ചാൽ മാത്രം പോരാ കൃത്യത പാലിക്കുന്നുവെന്നു് മറ്റുള്ളവരെ അറിയിക്കുകകൂടി വേണം. വാസ്തവമിതാണെങ്കിലും ഇക്കാര്യത്തിൽ മറ്റു രൂപതകൾ ഇന്നും അറച്ചു നിൽക്കുകയാണു്.

അതിരൂപതയിലെ ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റു് വിശ്വസ്തനെന്നു് തോന്നുന്ന ഒരു വ്യക്തിയെ ഏല്പിച്ചുകഴിഞ്ഞാൽ അദ്ദേഹം ഈ ഉത്തരവാദിത്തബോധവും ധനപരമായ കൃത്യതയും പരിപാലിക്കുന്നുവെന്നാണു് പിതാവിന്റെ പ്രതീക്ഷ. പ്രതീക്ഷക്കനുസൃതമായി വകുപ്പുമേധാവി ഉയരാത്തപ്പോഴാണു് പ്രശ്നങ്ങളുണ്ടാകുന്നതു്.

സന്ദർശനങ്ങളും സന്ദർശകരും

ഒരു അജപാലകനു് ഇടവക സന്ദർശനം ഒഴിച്ചുകൂടാൻ വയ്യാത്ത ചുമതലയാണു്. ഇടയൻ ആടുകളേയും ആടുകൾ ഇടയനേയും നന്നായിട്ടറിയണം. എങ്കിൽ മാത്രമേ അജപാലനം വിജയിക്കുകയുള്ളു. ഇടവക സന്ദർശനം, വൈദിക കോൺഫറൻസുകൾ, കേരളത്തിനകത്തും പുറത്തുമുള്ള മറ്റു പ്രേഷിത പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ധാരാളം സമയം ചിലവഴിക്കേണ്ടി

വരുന്നതുകൊണ്ട് 'പിതാവ്' പലപ്പോഴും അരമനയിൽ കാണാറില്ല' എന്നൊരു പരാതി കുറെക്കാലത്തേയ്ക്കെങ്കിലും ഇവിടെ ഉണ്ടായിരുന്നു. പക്ഷേ കഴിഞ്ഞ കുറെ വർഷങ്ങളായിക്കൂട്ടത്തൽ ദിവസങ്ങളും അരമനയിൽത്തന്നെ ചെലവഴിക്കുവാൻ പിതാവ് ശ്രദ്ധിച്ചിരുന്നു. പിതാവ് അരമനയിലുള്ള ദിവസങ്ങളിൽ അദ്ദേഹം ആർക്കും അഭിഗമ്യനാണ്. ഏതൊരാവശ്യത്തിനു വരുന്നവരാണെങ്കിലും ശരി പിതൃനിർവിശേഷമായ സ്നേഹത്തോടുകൂടി എല്ലാവരെയും അവിടുന്ന് സ്വീകരിക്കുന്നു. സന്ദർശകരെ സ്വീകരിക്കുവാനായി തുടർച്ചയായി മണിക്കൂറുകളം തന്നെ പിതാവ് ചെലവഴിച്ചിരുന്നു എന്നതാണ് വസ്തുത.

വിശാലമായ കാഴ്ചപ്പാട്

സഭയോടുള്ള വിശ്വസ്തതയും സഭയ്ക്ക് നൽകാവുന്ന സേവനത്തിനും പടിയറപ്പിതാവ് നൽകുന്ന മാനം വിശാലമാണ്. സഭയോടുള്ള ഉത്തരവാദിത്വം പ്രാദേശിക തലത്തിൽ ഒതുങ്ങുന്നതല്ലല്ലോ. കേരളസഭ, ഭാരതസഭ, സാർവത്രിക സഭ, എന്നിങ്ങനെ സഭയോടുള്ള നമ്മുടെ വിശ്വസ്തതയുടേയും സേവനങ്ങളുടേയും മാനങ്ങളം വിപുലമായിക്കൊണ്ടിരിക്കുന്ന ഈ കാഴ്ചപ്പാട് പടിയറപ്പിതാവിന്റെ സഭാ സേവനത്തിന്റെ ഒരു പ്രത്യേകതയാണ്. കേരളസഭയുടെയും ഭാരതസഭയുടെ തന്നെയും പൊതുവായ ആവശ്യങ്ങളം നിർവഹിക്കുന്നതിൽ പടിയറപ്പിതാവ് എന്നും മുൻപന്തിയിലായിരുന്നു. ഈ കാഴ്ചപ്പാട് മറ്റുള്ളവരിലും ഉണ്ടായിക്കാണുവാൻ പിതാവ് അതിയായി ആഗ്രഹിക്കുന്നു.

സന്തുലിതസമീപനം

വരും കാലങ്ങളിൽ കേരള സഭയ്ക്ക്, പ്രത്യേകിച്ച് സീറോ മലബാർ സഭയ്ക്ക് നിർണ്ണായകമായ ഒരുകാലഘട്ടമാണ്. പരിപക്വവും അതേ സമയം തന്നെ ശക്തവുമായ ഒരു നേതൃത്വം നൽകുവാൻ സന്തുലിതമായ ഒരു സമീപനം (a balanced approach) കൈമുതലുള്ള ഒരാളംക്കേ സാധിക്കൂ. ഇടത്തോട്ടും വലത്തോട്ടും ഏറെചെരിയാതെ സഭാനൗകയെനേർവഴിയ്ക്കു കൊണ്ടുപോവുക പ്രക്ഷുബ്ധമായ ഇന്നത്തെ അന്തരീക്ഷത്തിൽ അത്ര ഏളുപ്പമുള്ള കാര്യമല്ല. പരിചയവും പക്വതയും ഉള്ള ഒരാളം വേണം നൗകയുടെ അമരത്തിരിയ്ക്കുവാൻ അപ്പസ്തോല പിൻഗാമികളിലൊരാളെന്ന നിലയിൽ കഴിഞ്ഞ മുപ്പതു വർഷക്കാലമായി വ്യത്യസ്ത പരിതോവസ്ഥകളിലൂടെ പടിയറപ്പിതാവിനു നേടിയെടുക്കുവാൻ കഴിഞ്ഞ അനുഭവസമ്പത്തും സ്വയമേവ പരിപോഷിപ്പിച്ചെടുത്ത സ്വഭാവമഹിമയും വരും കാലങ്ങളിലെ ഭാരിച്ച ഉത്തരവാദിത്വങ്ങളുടെ നിർവഹണത്തിനു അദ്ദേഹത്തെ സഹായിക്കുമെന്നു കരുതാം.

അല്മായരോടുള്ള സമീപനം

അല്മായർക്ക് സഭയിൽ ലഭിയ്ക്കേണ്ട മാന്യമായസ്ഥാ

നം അംഗീകരിച്ചു കൊടുക്കുന്ന കാര്യത്തിൽ പിതാവു് എപ്പോഴും തൽപരനായിരുന്നു. പാസ്റ്ററൽ കൗൺസിലിന്റെ രൂപീകരണം തുടങ്ങി രൂപതയെ ബാധിക്കുന്ന എല്ലാപ്രധാന കാര്യങ്ങളിലും പിതാവു് അല്മായ പ്രതിനിധികളുമായി ആലോചിച്ചിരുന്നു. ഇക്കഴിഞ്ഞ പാസ്റ്ററൽ കൗൺസിലിന്റെ സെക്രട്ടറിയായി യുവാവായ ഒരൽമായ നേതാവിനെയാണു് പിതാവു് നിയമിച്ചതെന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധേയമാണു്.

വ്യക്തിപരമായി പടിയറപ്പിതാവിനോടു് ഈ ലേഖകനു് വളരെയധികം കടപ്പാടുണ്ടു്. നാഷനൽ അഡ്വൈസറി കൗൺസിൽ ഉംപ്പെടെയുള്ള സഭയുടെ ദേശീയ തലത്തിലുള്ള പല സമിതികളിലും പ്രവർത്തിക്കുമ്പോഴും അന്തർദ്ദേശിയ തലത്തിൽ അല്മായർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിൽ ഭാരതസഭയെത്തന്നെ പ്രതിനിധീകരിക്കുമ്പോഴും അഭിവന്ദ്യ പടിയറപ്പിതാവിന്റെ ഉപദേശവും പ്രോത്സാഹനവും എനിയ്ക്കു് വളരെ സഹായകമായി

ചങ്ങനാശേരി ആർച്ച ബിഷപ്പെന്നനിലയിൽ കേരളസഭയിലെ അല്മായർക്കു് പിതാവു് നൽകുവാനാഗ്രഹിച്ച വലിയൊരു സമ്മാനമായിരുന്ന അല്മായർക്കുവേണ്ടിയുള്ള ദൈവവിജ്ഞാനീയ കേന്ദ്രം. (Theological Institute for the Laity) ഈ വിദ്യാപീഠം ഉണ്ടായിക്കാണുവാൻ പിതാവു് ആത്മാർത്ഥമായി ആഗ്രഹിച്ചു. അതു് ഇന്നു് പ്രവർത്തനക്ഷമമായിട്ടില്ലെങ്കിൽ പിതാവിന്റെ അനാസ്ഥയല്ല അതിന്റെ കാരണമെന്നു് എനിയ്ക്കു് ഉറപ്പിച്ചു പറയുവാൻ സാധിക്കും. കേരളസഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ പിതാവു് ഈ ആശയം മുന്നോട്ടു കൊണ്ടുപോകുമെന്നു് തന്നെയാണു് ഞങ്ങളുടെ പ്രതീക്ഷ.

അഭിവാദനങ്ങൾ

"Tomorrow to fresh woods and Pastures new" എന്ന വരിയാണു് ഓർമ്മയിൽ വരുക. ജൂലൈ മൂന്നാം തീയതി അജപാലനത്തിനായി പുതിയ മേച്ചിൽ സ്ഥലത്തേക്കു്—എറണാകുളം അതിരൂപതയിലേക്കു് പിതാവു് പോവുകയാണു്. കർട്ടിനാൾ തിരുമേനിയ്ക്കും മങ്കുഴിക്കരി പിതാവിനും ഒരുപോലെ പ്രിയങ്കരനാണു് നമ്മുടെ പടിയറപ്പിതാവു്. പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി സമ്മേളനത്തിൽ മങ്കുഴിക്കരി പിതാവു് പറഞ്ഞ ഒരു വാചകം ഉദ്ധരിച്ചുകൊണ്ടു് ഈ ലേഖനം ഉപസംഹരിക്കട്ടെ "He is a man chosen by God and he is a man blessed by God" ചങ്ങനാശേരി അതിരൂപതയ്ക്കു് തിരുമേനി നല്കിയ നിരവധിയായ സേവനങ്ങൾക്കു നന്ദി! പുതിയ പ്രവർത്തന മണ്ഡലത്തിൽ തിരുമേനിക്കു എല്ലാ വിധ ഈശ്വരാനുഗ്രഹവും ഉണ്ടാകട്ടെ!

അതിരൂപതയും ആർച്ചുബിഷപ്പ് പടിയറയും

ആർച്ചുബിഷപ്പ് പടിയറ തിരുമേനിയുടെ 1970 മുതൽ 85 വരെ 15 വർഷം നീളുന്ന ഭരണ സാരഥ്യത്തിനിടയിൽ ചങ്ങനാശേരി അതിരൂപത സമ്പ്രദായികമായ നന്മയിലേയും സമ്പൂർണ്ണ വിമോചനത്തിലേയും പാതയിൽ നിർണ്ണായക ചുവടുകളുറച്ചു.

— ബേബൻ വെട്ടിക്കാട്

ചങ്ങനാശേരി ആർച്ചുബിഷപ്പ് മാർ ആൻറണി പടിയറ തിരുമേനിയെ എറണാകുളം ആർച്ചു ബിഷപ്പായി സ്ഥലം മാറ്റിയിരിക്കുന്നു. ജൂലൈ മൂന്നാം തീയതി പുതിയ സ്ഥാനീയ ദേവാലയമായ എറണാകുളം ബസിലിക്കായിൽവച്ച് തിരുമേനി ചാർജ്ജെടുക്കും.

പ്രഖ്യാപനം കേട്ടവർ കേട്ടവർ ആദ്യമാദ്യം മുക്കത്തുവിരൽവച്ചു. ചിലർ അത്ഭുതപൂർവം ചോദിച്ചു 'ഇതെന്തു കളി'.

ചങ്ങനാശേരിയെ സംബന്ധിച്ചിടത്തോളം ശ്രേപതാദ്ധ്യക്ഷന്മാരുടെ സ്ഥലംമാറ്റം അത്ര പുതുമയല്ല. വ്യത്യസ്ഥ സാഹചര്യങ്ങളിലാണെങ്കിലും അഭിവന്ദ്യ ലവീഞ്ഞു മെത്രാനും, മാക്കീൽ മെത്രാനും സ്ഥലംമാറ്റം മൂലം ചങ്ങനാശേരി ശ്രേപതയോട് വിടവാങ്ങിയവരാണ്. ഊട്ടിയിൽ നിന്നും സ്ഥലം മാറ്റം വഴി ചങ്ങനാശേരിയിൽ എത്തിയ പടിയറ തിരുമേനി അതേ പ്രക്രിയയിലൂടെ തന്നെ ഇതാ എറണാകുളത്തിനു പോവുകയും ചെയ്യുന്നു.

1955-ൽ ഊട്ടിയുടെ പ്രഥമ മെത്രാനായിതീർന്ന പടിയറ തിരുമേനി 15 വർഷത്തിനുശേഷം 1970-ൽ തന്റെ വാഴ്ചയിൽ സഹകാർമ്മികനായിരുന്ന പുണ്യശ്ലോകനായ കാവുകാട്ട് പിതാവിന്റെ പിൻഗാമിയായി ചങ്ങനാശേരി മെത്രാപ്പോലീത്താ പദവിയിൽ അവരോധിതനാകുകയായിരുന്നു.



മുൻഗാമിയും പിൻഗാമിയും
പടിയറ തിരുമേനി കാവുകാട്ടുപിതാവിന്റെ സവിധത്തിൽ

സ്ഥാപനോന്മുഖത ഒരു മജോറിറ്റിമൈന്റ് പോലെ മുഖമുദ്ര ചാർത്തിക്കഴിഞ്ഞിട്ടുള്ള സഭയുടെ വികാസവും വളർച്ചയും ആ പനസ്ഥാവിലൂടെ നോക്കികാണാനുള്ള പ്രവണത നിലവിലിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ സഭയുടെ വളർച്ച വി

ശ്വാസ ചൈതന്യ ധന്യതയിലും ആത്മീയ സത്താ പ്രഭയിലുമാണെന്നു് ഉന്നിപ്പറയുക അധികപ്പറ്റല്ല.



കാവുകാട്ടുപിതാവിന്റെ കബറിടത്തിങ്കൽ

രൂപത ഒറ്റനോട്ടത്തിൽ

വിഭജനത്തിനുശേഷവും 11,481 ചതുരശ്രമൈൽ വിസ്തീർണ്ണം നിലനിൽക്കുന്ന അതിരൂപതയിലെ മൊത്തം ജനസംഖ്യ 15,25,760 ആണു്. കത്തോലിക്കരായി 3,33,194 പേരുണ്ടു്. പള്ളികൾ 139, മിഷൻ പള്ളികൾ 47, മറ്റു് ആരാധനാലയങ്ങൾ 95.

അതിരൂപതയെ ഭരണതലത്തിൽ 11 ഫൊറോനാകളും 2 ഡിസ്ട്രിക്ടുകളുമായി തിരിച്ചിരിക്കുന്നു. അതിരൂപതാംഗങ്ങളായ വൈദികരുടെ സംഖ്യ 280. ഇതര രൂപതകളിൽ 29 പേർ തലനിക്കാലിക സേവനം ചെയ്യുന്നു. 16 വൈദികർ ഉന്നത പഠനങ്ങൾക്കായി പുറത്താണു്. വിവിധ സന്യാസസമൂഹാംഗങ്ങ

ളായ 24 വൈദികർ കൂടി അതിരൂപതയിലെ അജപാലനരംഗത്തുണ്ട്. നൂറോളം വരും വൈദികവിദ്യാർത്ഥികളും. 32 ഭവനങ്ങളിലായി 318 സന്യാസസഭാവൈദികരും 172 ഭവനങ്ങളിലായി 1990 സന്യാസിനികളുമുണ്ട് ഈ അതിരൂപതയിൽ.

അതിരൂപതക്കാരായ ആറ് മെത്രാന്മാരും 194 വൈദികരും ഇതര രൂപതകളിൽ സേവനമനുഷ്ഠിക്കുന്നു. വിവിധ സന്യാസസഭാ വൈദികരുടെ സംഖ്യ 318 ആണ്. ആയിരക്കണക്കിനു സന്യാസിനികളും അർപ്പിതസഹോദരരും രൂപതയ്ക്കു പുറത്തു കർമ്മോത്സുകരായുണ്ട്.

നവീനമാനം

കേരളത്തിൽ അജപാലനത്തിനു പുതിയൊരു സ്റ്റൈൽ തന്നെ തിരുമേനി വിരചിച്ചുകഴിഞ്ഞു. ആഴമായ ആദ്ധ്യാത്മികതയിൽ അടിയുറച്ച കർമ്മ പരിപാടികൾക്കേ ശാശ്വതഫലം കിട്ടൂ എന്നു ഉറച്ചുവിശ്വസിക്കുന്ന തിരുമേനി അതിരൂപതാ ഭരണമേറ്റെടുത്തതോടെ വൈദികരുടെ പ്രതിമാസ കോൺഫറൻസുകളും സഞ്ചരിക്കുന്ന ലൈബ്രറിയും ഏർപ്പെടുത്തി. അവസരം കിട്ടുമ്പോഴെല്ലാം ഇടവകകളും സ്ഥാപനങ്ങളും സന്ദർശിക്കുകയും സമ്പർക്ക മാദ്ധ്യമങ്ങളും ആവുന്നത്ര വികസിപ്പിക്കുകയും ചെയ്തു. വൈദികർക്കായി ഏർപ്പെടുത്തിയ റിന്യൂവൽ സൈക്കിളും നല്ലൊരു സ്വയം പഠന വേദിയാണല്ലോ.

വിശാലമായ അപ്പസ്തോലിക നയമാണവിടുന്നു സ്വീകരിച്ചിരിക്കുന്നതു്. ആ പ്രഭാഷണങ്ങളും ഓരോന്നും പ്രേക്ഷകർക്കു ഹൃദയസ്പർശകമാംവിധം സമകാലിക ആദ്ധ്യാത്മിക ചലനങ്ങളും ഉൾക്കൊള്ളുന്നവയാവും.


33 ദിവസം മാത്രം പത്രോസിന്റെ പടവിലിരുന്ന ജോൺപോളും ഒന്നാമനാൽ നിയമിക്കപ്പെട്ട അപ്പസ്തോലിക് വിസിറ്റർ എന്ന നിലയിൽ തന്നിലർപ്പിതമായ ദൗത്യം മാതൃകാപരമായ തീഷ്ണതയോടെയാണവിടുന്നു മുഴുമിപ്പിച്ചതു്. ഭാരതമൊട്ടാകെ സഞ്ചരിച്ചു് അനുവദിക്കപ്പെട്ടിരുന്ന സമയത്തിനകം ജോൺ പോളും 2-ാമൻ പാപ്പായെ സന്ദർശിച്ചു് റിപ്പോർട്ടു സമർപ്പിക്കുകയും പ. പിതാവിന്റെ അഭിനന്ദനം പിടിച്ചു പറ്റുകയും ചെയ്തു.

മതബോധകൻ

പഠിപ്പിക്കാനും നയിക്കാനും വിശുദ്ധീകരിക്കാനും നിയുക്തനായ രൂപതാദ്ധ്യക്ഷൻ തന്നെയാണല്ലോ ഉന്നതമതബോധകനും. മതാദ്ധ്യാപന രംഗത്തു തിരുമേനി ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടു പ്രത്യേകശ്രദ്ധ പതിപ്പിച്ചു. സൺഡേ സ്കൂൾ


പ്രസ്ഥാനം തുടങ്ങി അതിരൂപതയിലെ സംഘടിത അജപാല
ന നീക്കങ്ങളുടെയെല്ലാം ആസൂത്രിത കേന്ദ്രമായി നിലകൊള്ള
ന്ന സന്ദേശനിലയത്തിന്റെ മുഖ്യകെട്ടിടം 1970 ഡിസംബർ
21ന് തിരുമേനി ഉദ്ഘാടനം ചെയ്തു. തുടർന്നു് അതിന്റെ
പ്രവർത്തനങ്ങളിൽ ഉത്സുകനാവുകയും ചെയ്തു.

വ്യാപകാർത്ഥത്തിൽ അല്മായരാണല്ലോ സഭ. അവർ
തന്നെയാണു് നേതാക്കളും. അല്മായ നേതൃസംഘടനയായ ക
ത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനത്തിൽ തിരുമേനി



ശ്രദ്ധപതിപ്പിച്ചതു് ഈ വീക്ഷണത്തോടെയാണു്. കത്തീഡ്രൽ
ഹാളിനോടു ചേർന്നുള്ള സംഘടനയുടെ അതിരൂപതാ കേന്ദ്ര
ഓഫീസു് തിരുമേനി തന്നെയാണു് ഉദ്ഘാടനം ചെയ്തതു്.

എം. ഒ. സി.



വ്യത്യസ്ഥ ജീവിതാന്തസുകളിലും വിവിധ പ്രേഷിത
പ്രവർത്തനമണ്ഡലങ്ങളിലും കർമ്മോന്മുഖരായിട്ടുള്ളവർക്കു് അവ


രുടെ ദൗത്യനിർവഹണത്തിനു് സഹായകമാകത്തക്കവിധമുള്ള പ്രത്യേക വിധ പരിശീലനം നല്കുകയെന്നലക്ഷ്യം വച്ചു് പടിയറ തിരുമേനി ആരംഭിച്ച ഒരു സ്ഥാപനമാണു് മാങ്ങാനത്തെ മിഷനറി ഓറിയന്റേഷൻ സെന്റർ.

ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ പ്രേഷിത പ്രവർത്തനം നടത്തുന്ന സന്യാസിനികളുടെ പരിശീലനത്തിലാണി പ്പോഴും സ്ഥാപനം മുഖ്യമായും ശ്രദ്ധപതിപ്പിച്ചിരിക്കുക. വർഷംതോറും നൂറിൽപ്പരമാളുകൾക്കു് നാനാ ജീവിത രംഗങ്ങളിൽ പഠന പരിശീലനങ്ങളേകിക്കൊണ്ടിരിക്കുന്ന ഈ സ്ഥാപനം ഭാവിയുടെ വലിയൊരു വാഗ്ദാനമത്രെ.

ക്രാന്തദർശിയായ പടിയറ പിതാവിനാൽ 1981 ജൂലൈ 29—ാം തീയതി പ്രോദ്ഘാടിതമായി ആസൂത്രണത്തിലിരിക്കുന്ന അല്മായർക്കു വേണ്ടിയുള്ള ദൈവവിജ്ഞാനീയ കേന്ദ്രം (Theological Institute for Laity) കേരളസഭയിൽ തന്നെ അത്തരത്തിൽ ആദ്യത്തേതാവും.

ലാളിത്യം മഹത്തരം

ജന്മദേശമായ മണിമലയിൽ നടത്തപ്പെട്ട സുവിശേഷകൺവൻഷനോടെ ആരംഭിക്കുകയും ആസ്ഥാനമായ ചങ്ങനാശേരിയിലെ സുവിശേഷ കൺവൻഷനോടെ സമാപിക്കുകയും ചെയ്തതന്റെ മെത്രാഭിഷേക രജതജൂബിലി തികച്ചും അനാർഭാടമായാണു് നടന്നതു്.



ചങ്ങനാശേരിയിലെത്തിയശേഷം ആദ്യമായി നടന്ന ഭവനദാനം

ജൂബിലിസ്മാരകമായി 200–ൽ പരം ഭവനങ്ങൾ വിവിധ ഇടവകകളിൽ നിർമ്മിച്ച് അർഹരായവർക്ക് ദാനം ചെയ്തു. ദുർബല വിഭാഗങ്ങളിൽപ്പെട്ട നിരവധി പേരുടെ സമൂഹവിവാഹവും നടന്നു. വിവാഹസഹായനിധി, വിദ്യാഭ്യാസലോൺ സ്കോളർഷിപ്പ് പദ്ധതി, ജീവകാരുണ്യ നിധി ഇവയും സമാരബ്ധമായി.

കാർഡിനൽ റൂബിൻ

1980 ഡിസംബർ 29–ാം തീയതിയാണ് പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അത്യന്നത വ്ളദിസ്ളാവ് കാർഡിനൽ റൂബിൻ തിരുമേനി ചങ്ങനാശേരി അതിരൂപത സന്ദർശിച്ചത്.




അത്യന്നത കർദ്ദിനാൾ റൂബിൻ തിരുമേനിയും
ആർച്ചുബിഷപ്പ് പടിയറ തിരുമേനിയും

ജൂബിലോഷ്യയാത്രയായി രൂപതയുടെ കൂട്ടനാടൻ മേഖലകൾ സന്ദർശിച്ച തിരുമേനി അതിന്റെ ധന്യമായ പൗരാണിക പൈതൃകത്തിൽ ആകൃഷ്ടനും സംപ്രീതനുമായി. മുനിസിപ്പാലിറ്റിയുടെ പൗരസ്വീകരണം അതിരൂപതയുടെ ഔപചാരിക സ്വീകരണജൂബിലോഷ്യയാത്ര ഇവയെത്തുടർന്ന് എസ്. ബി. കോളേജങ്കണത്തിൽ ചേർന്ന സമ്മേളനത്തിൽവച്ച് അതിരൂപതയിലെ വിശ്വാസ ചൈതന്യത്തേയും കുടുംബ ഭദ്രതയേയും കാർഡിനൽ ശ്ലാഹിക്കുകയും പടിയറ തിരുമേനിയുടെ സമർത്ഥമായ നേതൃത്വത്തെ അഭിനന്ദിക്കുകയും ചെയ്തു.

ബഹുമുഖപദ്ധതികൾ

തീർത്ഥാടന കേന്ദ്രമായ പാറേൽ പള്ളി ആധുനിക ലളിത ശില്പകലയിൽ പുതുക്കിപ്പണിതതു്, പെറ്റി സെമിനാരി പാറേൽ



പാറേൽപള്ളി

പള്ളിയിൽനിന്നും ശാന്തസുന്ദരമായ കുറിച്ചിയിലേയ്ക്കും ആധുനിക സൗകര്യങ്ങളോടെ മാറ്റി സ്ഥാപിച്ചതും, ലളിത മനോഹരമായ ചാപ്പൽ ഉൾപ്പെടെ അതിമെത്രാസന മന്ദിരത്തിന്റെ കിഴക്കേ ബ്ലോക്കിന്റെ നിർമ്മാണം, ഇവയും തിരുമേനിയുടെ പ്രത്യേക താല്പര്യപ്രകാരം നടന്നവയാണ്.

പ്രസ്, പ്രസിദ്ധീകരണങ്ങൾ

അഭിവന്ദ്യ കാളാശേരി തിരുമേനിയുടെ കല്പനപ്രകാരം 1928–ൽ ബ. പനച്ചിക്കൽ തോമസച്ചന്റെ നേതൃത്വത്തിൽ ഒരു ഹാൻഡ് പ്രസ്സിൽ ആരംഭിച്ച് കാലാകാലങ്ങളിൽ വികസന പ്രക്രിയകളിലൂടെ കടന്നുവന്ന സെൻറ് ജോസഫ്സ് ഓർഫനേജ് പ്രസ്സ് ആധുനിക പ്രിൻറിംഗ് സൗകര്യങ്ങളോടെ പുതുക്കിപ്പണിത ബ്ലോക്കിൽ 1982 ജൂലൈ 5നു പടിയറ തിരുമേനി ആശീർവ്വദിച്ച് ഉദ്ഘാടനം ചെയ്യുകയുണ്ടായി. അവിടെ ഉയർന്നുകൊണ്ടിരിക്കുന്ന ബ്രഹ്മാണ്ഡമായ അതിരൂപതാ വിവിധോദ്ദേശ സെ

ൻറെറിൻെറ നിർമ്മാണത്തിലും പിതാവിൻെറ വ്യക്തിപരമായ താല്പര്യമാണ് നിഴലിക്കുന്നത്.

എസ്. ബി. കോളേജിനു മുൻവശം സ്ഥിതി ചെയ്യുന്ന സന്ദേശനിലയം പ്രസ്സ് അതിരൂപത ഏറെറടുത്തതും തിരുമേനിയുടെ നിർദ്ദേശാനുസരണമാണ്.

അതിരൂപതയുടെ മുഖപത്രമായ 'മദ്ധ്യസ്ഥൻെറ' പ്രവർത്തന പുരോഗതിയിലും തിരുമേനി അതീവം ഉത്സുകനായിരുന്നു. 'വോയിസ് ഓഫ് ദി ചർച്ച്' കുടുംബജ്യോതിസ്സ്, എന്നീ പ്രസിദ്ധീകരണങ്ങളും ആരംഭിച്ചതും തിരുമേനിതന്നെ. യുവജന, മാതൃജന, പിതൃജന സംഘടനകൾക്കും തുടക്കമിട്ടതു തിരുമേനിയാണ്.

വിദ്യാഭ്യാസ രംഗം


വിദ്യാഭ്യാസ രംഗത്തു അതിരൂപത എന്നും മഹത്തായ സംഭാവന അർപ്പിച്ചുപോന്നിട്ടുണ്ട്. ഏഴു ഫസ്റ്റ് ഗ്രേഡ് കോളേജുകളുണ്ടീരൂപതയിൽ. ഇവയിൽ അസംപ്ഷനും ഓട്ടോണമസ് പദവിയിലേയ്ക്കുയർന്നു നില്ക്കുന്ന എസ്. ബി. യും സമ്പൂർണ്ണ കലാശാലകളാണ്. ഈ വിശ്രുത കലാലയങ്ങളും രണ്ടിനേറെയും പ്രവർത്തനം അതിരൂപതയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണതാനും. ബൃഹത്തായ കാവുകണ്ടാഹാം, ലൈബ്രറി ബ്ലോക്കു, എസ്. എച്ച്. ഹോസ്റ്റൽ ഇവ പിതാവിൻെറ പ്രത്യേക പരിലാളനയിൽ അസ്തിത്വം പേറിയവയാണ്. അസംപ്ഷൻ കോളേജിൻെറ വികസന പ്രക്രിയകൾക്കു പിന്നിലും പിതാവിൻെറ കരങ്ങളാണുള്ളതു.

അതിരൂപതാ നിയന്ത്രണത്തിൽ കുറിഞ്ഞിമൂട്ടിൽ പ്രശസ്തമായി നടത്തിവരുന്ന യുവദീപ്തി പാരലൽ കോളേജിൻെറ സ്ഥാപകൻ കൂടിയാണ് തിരുമേനി.

മധ്യതിരുവിതാംകൂറിൽതന്നെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു തുടക്കമിട്ട എസ്. ബി. ഹൈസ്ക്കൂളെന്ന പൗരാണിക വിദ്യാലയം തൻെറ പൂർവ്വ വിദ്യാലയമെന്ന നിലയിൽ പിതാവിൻെറ സവിശേഷ ശ്രദ്ധയ്ക്കു പാത്രീഭൂതമായിട്ടുണ്ട്. മാനേജ്മെൻറ് സിൻഡിക്കേറ്റ്, ബിഷപ്പ് ചാൻസ് ലവീഞ്ഞു മെമ്മോറിയൽ പവിലിയൻ, കിഴക്കേ ബ്ലോക്കിൻെറ നിർമ്മാണം തുടങ്ങിയ വികസന പ്രവർത്തനങ്ങളും അവിടെ നടന്നുകഴിഞ്ഞു.

കേരളമൊട്ടാകെ ചലനവും സഭാതലത്തിൽ ഐക്യവും സൃഷ്ടിക്കാൻ പോന്ന ഒന്നായിരുന്നല്ലോ നിലയ്ക്കൽ പ്രശ്നം.

ഈ രംഗത്തും തികഞ്ഞ ഏകൃമെനിക്കൽ ആഭിമുഖ്യത്തോടെ പടിയറതിരുമേനി ധീരമായ നേതൃത്വം കാഴ്ചവെയ്ക്കുകയുണ്ടായി.



നിലയ്ക്കൽ പ്രശ്നം സംബന്ധിച്ച് ചേർന്ന ക്രൈസ്തവ സഭാ
ദ്ധ്യക്ഷന്മാരുടെ ഒരു സമ്മേളനത്തിൽ തിരുമേനി

ആതുരാലയങ്ങൾ, അഭയകേന്ദ്രങ്ങൾ

ചെത്തിപ്പുഴ ആശുപത്രിയുടെ ഏറ്റെടുക്കലും വികസനപ്രക്രിയകളും, അമ്പൂരി ഗ്രഡ് സമരിറ്റൻ ആശുപത്രിയുടെ വികസനം,



പിതാവ് മേഴ്സിഹോമിൽ

സെൻറ് ജോസഫ്സ് ഓർഫനേജ് കല്ലൂപ്പാറയിൽ ബോയിസ് ടൗണിലേക്കുള്ള മാറ്റിപ്രതിഷ്ഠ, വികലാംഗർക്കായുള്ള ചെത്തിപ്പുഴയിലെ മേഴ്സി ഹോം, മന്ദബുദ്ധികൾക്കായുള്ള ഇത്തിത്താനത്തെ ആശാഭവൻ, പരിത്യക്തരായ വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള മുഞ്ഞിറയിലെ 'അൻപകം' ഇവ രോഗാതുര രോട്ടം അഗതികളോടുമുള്ള ആർച്ചുബിഷപ്പിൻെറ ഇളകുന്ന മനസിൻെറ ബഹിർസ്ഫുരണങ്ങളാണ്.

മുടിയൂർക്കരയിലും ചെത്തിപ്പുഴയിലും വൈദികർക്കായുള്ള വിശ്രമ മന്ദിരങ്ങളും പരിധിയില്ലാത്ത ഈശ്വര-സഹോദര സ്നേഹത്തിൻെറ സജീവ ചിത്രങ്ങളെങ്കിൽ ചന്തക്കടവിൽ തുറന്ന ദിവ്യകാരുണ്യ അഖണ്ഡ ആരാധനാഭവൻ തിരുമേനിയിലെ പ്രാർത്ഥനാ മനുഷ്യൻെറ പ്രത്യക്ഷീകരണമാണ്.


പുതിയ സഭകൾ, സമൂഹങ്ങൾ

അന്തരാത്മാവിൻെറ ശുദ്ധസത്യം പ്രഘോഷിക്കുകയും ദൈവസായൂജ്യം പ്രസ്ഫുരിപ്പിക്കുകയും ചെയ്തുകൊണ്ട് പ്രാർത്ഥനയിലും സമസൃഷ്ടിസേവനങ്ങളിലും ഏർപ്പെട്ട് ജഗദീശ്വര സ്തുതി പാടുന്ന പല സന്യസ്ത സഭകളും പയസ് യൂണിയനുകളും തിരുമേനി പുതിയതായി സ്ഥാപിക്കുകയുണ്ടായി.

ഹോം മിഷൻെറ പ്രത്യേക വിളികേൾക്കുന്നരൂപമായി 1974-ൽ രൂപംപൂണ്ട സിസ്റ്റേഴ്സ് ഓഫ് മേരി ഇമാക്കുലേറ്റ്, 1975-ൽ പള്ളാത്തുരുത്തിയിൽ ഉരുത്തിരിഞ്ഞു കൊച്ചു കാര്യങ്ങളും ലളിത ജീവിതവുമായി ജനങ്ങൾക്കിടയിൽതന്നെ തങ്ങുന്ന ലിറ്റിൽ സിസ്റ്റേഴ്സ്, 1981-ൽ പെരുന്നയിൽ ഉടലെടുത്ത ഫെർവൻറ് ഡോട്ടേഴ്സ് ഓഫ് സേക്രട്ട് ഹാർട്ട് ഓഫ് ജീസസ്, 1982-ൽ കുന്നന്താനത്തു രൂപംപൂണ്ട ലിറ്റിൽ സെർവൻറ്സ് ഓഫ് ദി ഡിവൈൻ പ്രോവിഡൻസ്, 1985 ജൂൺ 18 ന് ആഗ്രാമിഷനിൽ ഉദയംപൂണ്ട 'ദി മിഷനറി സൊസൈറ്റി ഓഫ് സെൻറ് പോൾ' എന്ന വൈദിക സംഘടന, ഇവയുടെ സ്ഥാപകൻ ആർച്ചുബിഷപ്പ് പടിയറ തിരുമേനിയാണ്.

ചെറുകരക്കുന്നിലെ കൂനിസഭ (1971), ഒബ്ളയിറ്റ്സ് മിഷനറീസ് ഓഫ് മേരി ഇമാക്കുലേറ്റിൻെറ പടന്താലുംമൂട്ടിലെ ജ്യോതി സെൻറർ (1972), നെടുകുന്നത്തെ ചേലക്കൊമ്പിൽ സദാ പ്രാർത്ഥനാ നിരതരായിരിക്കുന്ന പുവർ ക്ളെയേഴ്സ് ഓഫ് പെർപച്വൽ അഡോറേഷൻ സന്ന്യാസിനികൾ (1973), തിരുവനന്തപുരത്തും മാമ്മൂട്ടിലും ശാഖകളുള്ള വിഴിഞ്ഞത്തെ ഡോട്ടേഴ്സ് ഓഫ് സെൻറ് ഫ്രാൻസിസ് ഡി സെയിൽസിൻെറ ഇറ്റാലിയൻ സഭ (1975), കല്ലൂപ്പാറയിലെ സിസ്റ്റേഴ്സ് ഓഫ്

സെൻറ് മാക്കിൻെറ ഫ്രഞ്ചുസഭ (1977), പുതുപ്പള്ളിയിലെ 'സി സ്റ്റേഴ്സ് ഓഫ് ദി പുവർ ഓഫ് സെൻറ് കാതറയിൻ ഓഫ് സിയന്ന' (1977), പുതുപ്പള്ളിയിൽതന്നെ 'സിസ്റ്റേഴ്സ് ഓഫ്



സ്പിരിച്വാലിറ്റി സെൻറർ

ദി പുവർ ഓഫ് സെൻറ് കാതറയിൻ ഓഫ് സെൻറ് കമില്ലസ്' (1978), മാങ്ങാനം കുന്നിൽ ആരംഭിച്ചു സ്പിരിച്വാലിറ്റി സെൻറിലെ ബഹുമുഖ പ്രവർത്തനങ്ങളിലൂടെ മനുഷ്യനു ആദ്ധ്യാത്മിക ചൈതന്യം പകർന്നു നല്കുന്ന 'അപ്പസ്തോലിക് ഒബ്ലയിറ്റ്സ്' (1978), മണിമല ശാന്തിഗിരി സോഷ്യൽ സെൻറർ നടത്തുന്ന 'ഹാൻഡ് മെയ്ഡ് സ് ഓഫ് മേരി'(1979), സിസ്റ്റേഴ്സ് ഓഫ് ഡെസ്റ്റിറ്റ്യൂട്ട് ശാഖകളും, മാടപ്പള്ളിയിലെ 'അപ്പസ്തോലിക് കാർമൽ കോൺഗ്രിഗേഷൻ' ശാഖ തുടങ്ങിയവയെല്ലാം തിരുമേനിയുടെ അനുഗ്രഹാശിസുകളോടെ ചങ്ങനാശേരി അതിരൂപതയിൽ നവീന സേവന സരണി കണ്ടെത്തിയവരത്രെ.



ബിഷപ്പ് മാർ ജോസഫ് പൗവത്തിൽ

വികേന്ദ്രീകരണം

വികേന്ദ്രീകരണത്തിലൂടെയുള്ള മുന്നേറ്റത്തിൽ വിശ്വസിക്കുകയും സമ്പർക്കങ്ങളിലൂടെയുള്ള നേട്ടങ്ങളിൽ കൂടാരം കൂട്ടുകയും ചെയ്യുന്ന അദ്ദേഹം തൻെറ അതിരൂപതയെ വിജ്ഞാ

(ശേഷം 91-ാംപേജിൽ)

അഭിവന്ദനങ്ങൾ

അഭിവന്ദ്യ പടിയറ പിതാവ് ഒരു ബഹുമുഖ പ്രതിഭയുടെ ഉടമയാണ്. അർപ്പണബോധമുള്ള അജപാലകൻ, അദ്ധ്വാനം ആരാധനയുമായി സമന്വയിപ്പിച്ച മഹാത്മാവ്, പ്രഗത്ഭനായ വാഗ്മി, സമർത്ഥനായ സംഘാടകൻ, പ്രസിദ്ധനായ ധ്യാനഗുരു, ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിക്കുന്ന ആത്മീയ ജ്യോതിസ്സ്, സഹനത്തിന്റെ പ്രേഷിതൻ, ബഹുഭാഷാപണ്ഡിതൻ, എന്നീ നിലകളിൽ തിളക്കമാർന്ന വ്യക്തിത്വം പ്രസരിപ്പിച്ചുകൊണ്ട് കഴിഞ്ഞ 15 വർഷക്കാലം ചങ്ങനാശേരി അതിരൂപതയുടെ മേലദ്ധ്യക്ഷനായി അദ്ദേഹം ദൈവജനത്തെ സേവിച്ചു. ഇനി എറണാകുളം അതിരൂപതയുടെ സാരഥിയായി സ്ഥാനം ഏറ്റെടുക്കുവാൻ പോകുകയാണ്.

ചങ്ങനാശേരി അതിരൂപതയ്ക്കും കേരള സഭയ്ക്കും ഭാരതസഭയ്ക്കും വന്ദ്യപിതാവു നൽകിയ ഉദാത്തമായ സേവന ചരിത്രത്തിലേയ്ക്ക് ഈ അവസരത്തിൽ അല്പമൊന്നു കണ്ണോടിക്കുക സമുചിതമാണ്. മലനാടും ഇടനാടും കുട്ടനാടും തമിഴ്നാടും ഉൾപ്പെടുന്ന വിശാലമായ ഭൂപ്രദേശത്ത് അധിവസിക്കുന്ന അതിരൂപതയിലെ ദൈവജനത്തിന്റെ അജപാലകനായി 1970 ആഗസ്റ്റ് 15-ാം തീയതി വന്ദ്യപിതാവ് ചാർജെടുത്തു. തന്റെ അജപാലന ദൗത്യം അർപ്പണബോധത്തോടെ നിർവഹിച്ച ഒരു നല്ല ഇടയനാണ് അദ്ദേഹം. ''നല്ല ഇടയൻ ആടുകളെ അറിയുന്നു, ആടുകൾക്കു വേണ്ടി ജീവൻ ബലികഴിക്കുന്നു'' എന്ന സുവിശേഷ വാക്യം സ്വജീവിതത്തിൽ അന്വർത്ഥമാക്കിക്കൊണ്ട്, അതിരൂപതയിലെ എല്ലാ ഇടവകകളും സ്ഥാപനങ്ങളും സന്ദർശിക്കുവാനും കരയുന്നവരുടെ കണ്ണീരു് ഒപ്പുവാനും സന്തോഷിക്കുന്നവരോടു കൂടി സന്തോഷിക്കുവാനും വന്ദ്യപിതാവ് വ്യഗ്രചിത്തനായിരുന്നു. ക്രിസ്തുവിന്റെ വിമോചകദൗത്യം വിവിധരംഗങ്ങളിൽ പ്രാവർത്തികമാക്കുവാൻ അതിരൂപതാ

കേന്ദ്രത്തിൽ വിവിധ ഡിപ്പാർട്ടുമെൻറുകൾക്കു് രൂപം കൊടുത്തു. മതപഠനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബക്ഷേമം, ഹരിജനക്ഷേമം, അൽമായ പ്രേഷിതത്വം തുടങ്ങിയ സുപ്രധാന പ്രവർത്തന മേഖലകളിലേക്കു് ഇറങ്ങിച്ചെന്നു് അവയ്ക്കെല്ലാം പുതിയ രൂപഭാവങ്ങൾ നൽകി ഒരു സെക്രട്ടറിയേറ്റ് സ്ഥാപിച്ചു. രോഗികളുടേയും മരണാസന്നരുടേയും ഭവനങ്ങൾ സന്ദർശിക്കുവാൻ തിരക്കു പിടിച്ച ജോലികൾക്കിടയിലും സമയം കണ്ടെത്തി. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കായി ആശാഭവൻ, മേഴ്സിഹോം, കരുണാലയം തുടങ്ങിയ അഭയകേന്ദ്രങ്ങൾ തുറന്നു. അതിരൂപതയിലെ കിഴക്കൻ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടു് ഒരു പുതിയ രൂപത സ്ഥാപിച്ചതു് അജപാലന പ്രവർത്തനരംഗത്തെ ധീരമായ ഒരു കാൽവയ്പ് തന്നെയായിരുന്നു. കന്യാകുമാരി മിഷനും ആഗ്രാമിഷനും ഇന്നു് ഇത്രമാത്രം പുരോഗമിച്ചെങ്കിൽ അതിൻറെ പിറകിൽ വന്ദ്യപിതാവിൻറെ ശക്തമായ കരങ്ങൾ പ്രവർത്തിച്ചു എന്നതാണു് സത്യം. മിഷൻ കേന്ദ്രങ്ങൾ സന്ദർശിക്കുക, അവിടത്തെ ജനങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ നിലവാരം ഉയർത്തുക, പള്ളികളും മഠങ്ങളും സ്ഥാപിച്ചു് ആത്മീയ ചൈതന്യം വളർത്തുക എന്നീകാര്യങ്ങളിൽ വന്ദ്യപിതാവു് അതീവ ശ്രദ്ധചെലുത്തിയിരുന്നു.

അദ്ധ്വാനം ആരാധനയ്ക്കു് സമമെന്നു് മഹാത്മാഗാന്ധിജി ഒരിക്കൽ പറയുകയുണ്ടായി. കഠിനാദ്ധ്വാനത്തിലൂടെ തൻറെ അജപാലന ദൗത്യം നിർവഹിച്ച പടിയറ പിതാവു് വൈദിക ലോകത്തിനു് ഉത്തമ മാതൃകയാണു്. ഓരോ നിമിഷവും വിലപ്പെട്ടതായി കണ്ടുകൊണ്ടു് അടുക്കും ചിട്ടയും നിറഞ്ഞ ഒരു ജീവിത ശൈലി സ്വീകരിച്ചു് ജീവിത കർത്തവ്യങ്ങൾ കൃത്യമായി അനുഷ്ഠിക്കുന്ന മഹാന്മാരുടെ ഗണത്തിൽ പിതാവിനു് സമുന്നതമായ ഒരു സ്ഥാനം ഉണ്ടായിരിക്കും. തൻറെ സ്ഥാനത്തിൻറെ ചുമതല നിറവേറ്റുവാൻ വളരെയധികം വേദന സഹിക്കേണ്ടിവന്നിരുന്നു എങ്കിലും യാതൊരു പരാതിയും പ്രകടമാക്കാതെ നിശബ്ദമായി പ്രാർത്ഥനാ ചൈതന്യത്തോടെ എല്ലാം കർത്താവിൻറെ മുമ്പിൽ സമർപ്പിച്ചിരുന്ന ഒരു ജീവിതമായിരുന്നു അദ്ദേഹത്തിൻറേതു്. സഹനത്തിൻറെ പ്രേഷിതൻ എന്ന പേരിനു് അദ്ദേഹം തികച്ചും യോഗ്യൻ തന്നെ.

ഹൃദയഹാരിയായ കഥകളിലൂടെ, ജീവിത സ്പർശിയായ ഉപമകളിലൂടെ, സുന്ദരമായ ശൈലിയിൽ ശ്രോതാക്കളുടെ ഹിതം മനസ്സിലാക്കി പ്രസംഗിക്കുവാൻ പടിയറ പിതാവിനുള്ള കഴിവു് എല്ലാവരും അംഗീകരിക്കുക തന്നെ ചെയ്യും. നിത്യസത്യങ്ങൾ ഉൾക്കൊള്ളുന്ന ദൈവവചന പ്രഘോഷണം നടത്തുമ്പോൾ മാത്രമല്ല, സാമൂ

ഹിക സാംസ്കാരിക വേദികളിലും പിതാവിന്റെ പ്രസംഗശൈലി ആരേയും ആകർഷിക്കുവാൻ പോരുന്നവതന്നെ. മലയാളം, തമിഴ്, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ, ഇറ്റാലിയൻ തുടങ്ങിയ ഭാഷകളിലെല്ലാം സുന്ദരമായി സംസാരിക്കുവാൻ കഴിവുള്ള അപൂർവം ചില വ്യക്തികളിൽ ഒരാളാണ് പടിയറ തിരുമേനി. കേരളത്തിൽ മാത്രമല്ല, ഭാരതമാകമാനം അറിയപ്പെടുന്ന അംഗീകാരമുള്ള ഒരു സുപ്രസിദ്ധ ധ്യാന പ്രസംഗകൻ, സി. ബി. സി ഐ കെ. സി. ബി. സി, സി. ആർ ഐ. എന്നീ ഉന്നതതല പ്രസ്ഥാനങ്ങളുടെ അനിഷേധ്യ നേതാവ്, സീറോ മലബാർ സഭാംഗങ്ങളുടെ അപ്പസ്തോലിക് വിസിറ്റർ തുടങ്ങിയ ഉത്തരവാദിത്വമുള്ള ജോലികൾക്ക് വന്ദ്യപിതാവു നിയോഗിക്കപ്പെട്ടതു് അദ്ദേഹത്തിന്റെ കഴിവുകളുടെ ഒരംഗീകാരമാണ്.

എല്ലാറ്റിനും ഉപരിയായി ദൈവത്തിന്റെ അനന്തമായ പരിപാലനയിൽ അടിയുറച്ചു വിശ്വസിക്കുന്ന ഒരാത്മീയ മനുഷ്യനെ പടിയറ പിതാവിൽ നാം കാണുകയാണ്. ''ദൈവം അറിയാതെയും ആഗ്രഹിക്കാതെയും ഒന്നും സംഭവിക്കുന്നില്ല' എന്ന പിതാവിന്റെ തന്നെ വാക്കുകൾ ഇതിനു വ്യക്തമായ തെളിവാണ്. പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുവാനും പ്രതിസന്ധികളെ അതിജീവിക്കുവാനും എല്ലാ കാര്യങ്ങളും സമചിത്തതയോടെ കൈകാര്യം ചെയ്യുവാനും പിതാവിനു സാധിക്കുന്നതു് ദൈവപരിപാലനയിലുള്ള വിശ്വാസംകൊണ്ടു മാത്രമാണ്. തനേറ്തായ വ്യക്തിത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് സഭാസമൂഹത്തെ ഹൃദയം തുറന്നു സ്നേഹിക്കുന്ന, സഭയുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്ന, വിശാല വീക്ഷണമുള്ള ഒരു വലിയ മനുഷ്യനാണ് പടിയറ തിരുമേനിയെന്നു നിസ്സംശയം പറയാം.

പുതിയ പ്രവർത്തനരംഗത്തു് കൂടുതൽ നന്മചെയ്യുവാനുള്ള ശക്തിയും ചൈതന്യവും ആയുസ്സും ആരോഗ്യവും അഭിവന്ദ്യപിതാവിനു് സർവശക്തൻ പ്രദാനം ചെയ്യട്ടെ.

— ഫാ. ജോസഫ് ഏരുമച്ചാടത്ത്

മാർ ആൻറണി പടിയറ

ഒരു പാർശ്വവീക്ഷണം

ആകാര സാദൃശ്യത്തിൽ ആർഷചൈതന്യമുള്ള പടിയറ പിതാവ് പൗരസ്ത്യ പാശ്ചാത്യ സംസ്കാരങ്ങളുടെ സമീചീനമായ സമന്വയമാണ്. താടിവളർത്തി ഋഷിതുല്യദൃശ്യത്തിൽ പൗരസ്ത്യനാണെങ്കിൽ പെരുമാറ്റത്തിൽ അദ്ദേഹം ഏറിയ കൂറും പാശ്ചാത്യനാണ്. സമ്മേളനാദ്ധ്യക്ഷ സ്ഥാനത്താകട്ടെ ശ്രോതാക്കളുടെ കൂട്ടത്തിലാകട്ടെ, കാറിൽ സഞ്ചരിക്കുമ്പോഴാകട്ടെ എവിടെ ആയിരുന്നാലും ആചാര മര്യാദകൾ അങ്ങേയറ്റം പാലിക്കുവാൻ ശ്രമിക്കുന്ന ഒരു മഹാമാന്യനാണദ്ദേഹം. കാലുകൾ ചലിപ്പിച്ചുകൊണ്ടിരിക്കുക, കൈകൊണ്ട് താളം പിടിക്കുക, കാലിന്മേൽ കാലെടുത്തുവച്ചിരിക്കുക ചാരിയിരിക്കുക എന്നിവയൊന്നും പരസ്യരംഗങ്ങളിൽ അദ്ദേഹം ഒരിക്കൽപോലും ചെയ്തതായി ഓർക്കുന്നില്ല. അവയെല്ലാം അദ്ദേഹത്തിന് തികച്ചും വർജ്യമാണ്, അന്യമാണ്. അടുത്തകാലത്തുകാലിലുണ്ടായ അസുഖത്തിന് ചികിത്സിച്ച ഡോക്ടർ ഉപദേശിച്ചു ഇരിക്കുമ്പോൾ കാൽ അല്പം ചലിപ്പിച്ചുകൊണ്ടിരുന്നാൽ രക്ത ചംക്രമണത്തിന് നല്ലതാണെന്ന്. ഇതേക്കുറിച്ചു ലേഖകനോട് ഒരിക്കൽ അദ്ദേഹം ചോദിച്ചു: ''നിങ്ങളൊക്കെ ചെയ്യാറുള്ളതുപോലെ ഞാനങ്ങനെ ചെയ്യുന്നതു ഭംഗിയാണോ'' നടപ്പിൽപോലും ഈ ആചാരമര്യാദ അദ്ദേഹം പാലിച്ചിരുന്നു. അളന്നു മുറിച്ചുവയ്ക്കുമ്പോലെയാണ് അദ്ദേഹത്തിന്റെ നടപ്പ്. നടക്കുമ്പോഴും അനാവശ്യമായി അദ്ദേഹം ഇരുവശങ്ങളിലേക്കും നോക്കാറുമില്ല. സ്ഥാനത്തിന്റെ അന്തസ്സും ഔന്നത്യവും കടമകളും അദ്ദേഹം ഒരിക്കലും മറക്കാറില്ല.

പ്രശ്നങ്ങളില്ലാത്ത, അത്ര വിസ്തരമല്ലാത്ത ഒരു മിഷൻ രൂപതയിൽ നിന്ന് വിസ്തൃതവും, പ്രശ്ന സങ്കുലിതവുമായ ഈ അതിരൂപതയിലേക്കു വന്നപ്പോഴും പരിചയിച്ചിട്ടില്ലാത്തവിധം സന്ദർശക ബാഹുല്യത കണ്ട് ആദ്യമദ്ദേഹം ഒന്നമ്പരന്നിരിക്കാം. അസ്സഹിഷ്ണുവായിരിക്കാം; എന്നാൽ പുതിയ പരിത സ്ഥിതികളുമായി അനുരൂപപ്പെടുവാൻ അദ്ദേഹം ശ്രമിക്കുകയായി. മുൻഗാമികളുടെ പ്രവർത്തന ശൈലിയിൽ നിന്ന് വ്യത്യസ്തമായ ഒന്നു അദ്ദേഹം സ്വീകരിച്ചു. ജനങ്ങളെ ഓരോരുത്തരായി കാണുന്നതിനേക്കാൾ ഉപരിയായി അവരെ ഒന്നിച്ചു കാണാനും പ്രശ്നങ്ങൾ പഠിക്കുവാനും അദ്ദേഹം തീരുമാനിച്ചു. ഒരു നല്ല വാഗ്മിയായ അദ്ദേഹത്തിനു അതിനുള്ള അവസരങ്ങൾ അഹമഹമികയാ എന്ന രീതിയിലോടിയെത്തുകയായി.

കന്യാകുമാരി മുതൽ കിഴക്കു സഹ്യസാനുക്കൾവരെ വ്യാപിച്ചു കിടക്കുന്ന തന്റെ അതിരൂപതയുടെ എല്ലാ ഭാഗത്തും ഓടിയെത്തി ജനങ്ങളെ സന്ദർശിക്കുവാൻ അദ്ദേഹത്തിനു് ബുദ്ധിമുട്ടായി. ഭരണം കാര്യക്ഷമമായി തീർക്കുവാനും പ്രയാസമായി. അതിനുപരിഹാരമായി വിസ്തൃതമായ രൂപതയെ വിഭജിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. അങ്ങനെ കാഞ്ഞിരപ്പള്ളി രൂപത സംജാതമായി. വലിയ രൂപതയുടെ മെത്രാപ്പോലീത്തായെന്ന അഭിമാനിക്കുന്നതിനേക്കാൾ ചെറിയ രൂപതയുടെ കാര്യക്ഷമതയിലാണു് അദ്ദേഹം അഭിമാനിച്ചിരുന്നതു്. അദ്ദേഹത്തിന്റെ ഈ ചിന്താഗതി തികച്ചും അനവർത്തമായിയെന്നു് കുറഞ്ഞൊരു നാളുകൾകൊണ്ടു് കാഞ്ഞിരപ്പള്ളി രൂപതയ്ക്കുണ്ടായിട്ടുള്ള അനല്പമായ അഭിവൃദ്ധി സാക്ഷ്യം വഹിക്കുന്നു. ആളുകേറാമൂലകളായി കിടന്നിരുന്ന ഹൈറേഞ്ചു പ്രദേശം വികസനത്തിന്റെ പ്രകാശം കണ്ടുതുടങ്ങി.

പതിനഞ്ചു വർഷത്തെ ഭരണകാലത്തിൽ ഒട്ടുമുക്കാൽ ഭാഗവും പടിയറ പിതാവു് അരമനയ്ക്കു വെളിയിലായിരുന്നുവെന്നു പറയാം. ആസ്ഥാനത്തു ആഴ്ചയിലധികം ദിവസങ്ങളുമില്ലായിരുന്നതുകൊണ്ടു പരാതികൾ ഉണ്ടായിരുന്നിട്ടുപോലും ജനങ്ങളെ ഒന്നിച്ചുകാണുന്ന പരിപാടിയിലദ്ദേഹം കുറവു വരുത്തിയില്ല. പ്രശ്നങ്ങളുമായി അരമനയിലെത്തുന്നവരുടെ കാര്യങ്ങൾ നോക്കുന്നതിനു് അധികാരമുള്ള വികാരി ജനറാളന്മാരെ അദ്ദേഹം നിയമിച്ചിരുന്നു. അകത്തും പുറത്തും ഇരുപത്തിയധികം യാത്ര നടത്തിയിട്ടുള്ള ഒരു മെത്രാനും ചങ്ങനാശേരി അതിരൂപതയുണ്ടായിട്ടില്ല.

ചങ്ങനാശേരി അതിരൂപതയുടെ—സീറോമലബാർ സഭയുടെ-മുഖമുദ്രയായ വിദേശരാജ്യങ്ങളിൽ പ്രകാശിപ്പിക്കുന്നതിനു് മാർ ആൻറണി പടിയറയുടെ വിദേശപര്യടനങ്ങൾ തീർച്ചയായും സഹായിച്ചിട്ടുണ്ടു്. വിദേശങ്ങളിൽ വിപുലമായ സുഹൃത് ബന്ധമാണു് മാർ ആൻറണി പടിയറയ്ക്കുള്ളതു്. വിവിധ ഭാഷാ പരിജ്ഞാനവും മാന്യമായ പെരുമാറ്റ രീതികളുമാണു അദ്ദേഹത്തിനു ഈ സുഹൃത് ഗണത്തെ നേടികൊടുക്കുവാൻ മുഖ്യമായി സഹായിച്ചിട്ടുള്ളതു്. ഫ്രഞ്ചുകാരനും, ഇറ്റലിക്കാരനും, ഇംഗ്ലീഷ്കാരനും, ജർമ്മൻകാരനും, തമിഴനും ഒന്നിച്ചു് അണിനിരന്നിരുന്ന ഒരു വേദിയിൽ മാർ ആൻറണി പടിയറ അവർ ഓരോരുത്തരുടേയും ഭാഷയിൽ വാചാലമായി പ്രസംഗിച്ച ഒരു സന്ദർഭം ഞാൻ ഓർക്കുകയാണു്. ഈവക സിദ്ധികളുള്ള പടിയറ പിതാവു് വത്തിക്കാന്റെ നയതന്ത്രകാര്യാലയത്തിൽ നിയമിക്കപ്പെടുവാൻ സർവ്വഥാ അർഹനാണെന്നു അദ്ദേഹത്തിന്റെ മെത്രാൻ പദവിയുടെ ജൂബിലി സമാപന സമ്മേളനത്തിൽ മാർ

സെബാസ്റ്റ്യൻ മങ്കുഴിക്കരി പ്ര സംഗമദ്ധ്യേ പ്രസ്താവിക്കുകയു ണ്ടായി.

ആർച്ചുബിഷപ്പ് ആൻറണി പടിയറയുടെ വാചാലമായ പ്ര സംഗം എപ്പോഴും നമ്മരസം ക ലർന്നതായിരിക്കും, അത്ഥവത്തും സന്ദർഭോചിതവുമായ സംഭവ കഥകളോ സങ്കല്പകഥകളോ കൊണ്ട് രസകരവുമായിരി ക്കും. അതുകൊണ്ട് അദ്ദേഹ ത്തിന്റെ പ്രസംഗം ഒരിക്കലും മുഷിപ്പനായിരിക്കുകയില്ല. ഗ ഹനങ്ങളായ കാര്യങ്ങളും സാധാ രണക്കാരനു് ഉപമകളിലൂടെ ഉ പദേശിച്ചുകൊടുത്ത ദിവ്യഗുരു നാഥന്റെ മാതൃകയാണു അദ്ദേ ഹവും പിൻതുടരുന്നതു്.

മേലധികാരികളോടുള്ള വി ധേയത്വം—അനുസരണ—പടിയ റ പിതാവിന്റെ മുഖമുദ്രയാണു്. മാർപ്പാപ്പാ എന്തു കല്പിക്കുന്നു വോ അതു് ചോദ്യം ചെയ്യാതെ അനുസരിക്കുകയെന്നതു പടിയറ പിതാവിന്റെ നയമാണു്. പ്രാ യേണ ശാന്തമായ ഊട്ടി ശ്രു പതയിൽനിന്നു് പ്രശ്നബഹുല മായ ചങ്ങനാശേരി അതിശ്രു പതയിലേയ്ക്കു പോകുന്നതു് അത്ര സുഖകരമായിരിക്കുകയി ല്ലെന്നു അറിയാമായിരുന്നെങ്കി ലും ഒരക്ഷരം എതിരു പറയാ തെ അദ്ദേഹം കല്പന അനു സരിക്കുകയാണു് ചെയ്തതു്. ചങ്ങനാശേരി അതിശ്രുപത അ ദ്ദേഹത്തിനു നൽകിയ സ്വീകര ണത്തിനു് മറുപടി പറഞ്ഞ പ്പോഴും അദ്ദേഹം ഇക്കാര്യം തറ പ്പിച്ചു പറയുകയുണ്ടായി 'പരി ശുദ്ധപിതാവു് കല്പിച്ചു, ഞാൻ അനുസരിച്ചു'. 15 വർഷത്തെ ചങ്ങനാശേരിയിലെ സേവന ത്തിനുശേഷം എറണാകുളം അ തിശ്രുപതയിലേക്കു അദ്ദേഹ ത്തെ സ്ഥലം മാറ്റിയിരിക്കു ന്നുവെന്ന വിവരം അറിഞ്ഞു അദ്ദേഹത്തെ സന്ദർശിക്കുവാൻ ചെന്നവരോടെല്ലാം അദ്ദേഹം പറഞ്ഞു 'മാർപ്പാപ്പാ കല്പിക്കുന്നു ഞാൻ അനുസരിക്കുന്നു'. എറ ണാകുളത്തു നിന്നും അദ്ദേഹത്തെ സ്വീകരിക്കുവാൻ വന്ന ജനപ്ര തിനിധികളോടും പാസ്റ്റർ കൗൺസിൽ നൽകിയ യാത്ര യയപ്പു വേളയിലുമെല്ലാം അദ്ദേ ഹം ഈ 'അനുസരണ'യെ ഊ ന്നിയാണു് മറുപടി പറഞ്ഞതു്. അവസരം ലഭിക്കുമ്പോഴെല്ലാം തന്റെ അനുസരണയെക്കുറിച്ചു പ്രത്യേകം പ്രസ്താവിക്കാറുള്ളതു് മേലധികാരികളുടെ കല്പനക ളെ പ്രതിഷേധിക്കുന്ന ചിലരു ടെ ശിഥിലീകരണപ്രവണത യെ മനസ്സിൽ കണ്ടുകൊണ്ടായി രിക്കുകയില്ലേയെന്നു സംശയി ക്കുവാൻ കാര്യമുണ്ടു്.

സമയനിഷ്ഠ മാർ ആൻറണി പടിയറയുടെ സവിശേഷഗുണ ങ്ങളിലൊന്നാണു്. അതു ഇന്നു എവിടെയും എല്ലാവർക്കുമറി യാം. താൻ സംബന്ധിക്കുന്ന പരിപാടികൾ നിശ്ചയിച്ചിരി ക്കുന്ന സമയത്തുതന്നെ നടക്ക ണമെന്നു അദ്ദേഹത്തിനു നിർ ബന്ധമുണ്ടു്. മറിച്ചുസംഭവി ച്ചാൽ അദ്ദേഹത്തിന്റെ സാന്നി ദ്ധ്യം ലഭിച്ചില്ലെന്നു വരും. അ

തിനാൽ മാർ ആൻറണി പടിയറ സംബന്ധിക്കുന്ന പരിപാടികളും കൃത്യസമയത്തു നടക്കുമെന്നു് എവർക്കും ഉറപ്പായി: സാമൂഹ്യ പ്രവർത്തകരെ അദ്ദേഹം പഠിപ്പിച്ച ഒരു വലിയ പാഠമാണിതു്. ആരും അതു മറക്കുകയില്ല. പിതാവു സംബന്ധിക്കുന്ന പരിപാടികളും കൃത്യസമയത്തു നടക്കുമെന്നുവന്നതു് ഒരു വലിയ ഗുണമാണെന്നു പറഞ്ഞപ്പോൾ അദ്ദേഹം ഈ ലേഖകനോടു ചോദിച്ചു 'എന്താ അതിൽ ആർക്കെങ്കിലും പ്രതിഷേധമുണ്ടോ'യെന്നു്. ഈ നല്ല പരിശീലനം നിമിത്തം തന്നെ പടിയറ പിതാവു് ഇവിടെ ശാശ്വത സ്മരണീയനായിട്ടുണ്ടു്.

സമ്പൂർണ്ണ ആരോഗ്യവാനായി ഊട്ടിയിൽ നിന്നും ഇവിടെയെത്തിയ പടിയറ തിരുമേനി ക്ലേശാവഹമായ ഭരണനുകം 15 വർഷം വഹിച്ചു് അല്പം ആരോഗ്യഹാനിയോടു കൂടിയാണല്ലോ ഇവിടം വിട്ടതെന്നു അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ ഇന്നു ദുഃഖിക്കുന്നുണ്ടു്.

ഏറെറം മാന്യമായ പെരുമാറ്റം, അടിയുറച്ച, അതുല്യമായ വിശ്വാസം, നർമ്മരസം തുളുമ്പുന്ന പ്രസംഗം, ബഹുഭാഷാപാണ്ഡിത്യം സഞ്ചാരസംലബ്ധമായ അനുഭവജ്ഞാനം, ആഗോളവ്യാപകമായ സുഹൃത്സമ്പത്തു്, സമയനിഷ്ഠാ പാലനം എന്നിവകൊണ്ടു് അനുഗ്രഹീതനായ മാർ ആൻറണി പടിയറ, ചങ്ങനാശേരി അതിരൂപതയിൽ സ്ഥലംമാറ്റംമൂലം ആദ്യമായി വന്ന തദ്ദേശീയനായ മെത്രാനെന്ന വിധത്തിലും അഗതികൾക്കും അനാശ്രയർക്കും അത്താണിയെന്ന നിലയിലും ചിരസ്മരണീയനായിരിക്കും. പുതിയ അജപാലനരംഗത്തു് എല്ലാവിധ അനുഗ്രഹങ്ങളും ദൈവം അദ്ദേഹത്തിനു പ്രദാനം ചെയ്യട്ടെ.

— ജോസഫ് കൂട്ടുമ്മേൽ

നല്ല അപ്പൻ

അഭിവന്ദ്യ പിതാവ് എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്തായായി സ്ഥലം മാറിപ്പോകുന്ന ഈ അവസരത്തിൽ ചങ്ങനാശേരി അതിരൂപതയിലെ യുവ വൈദികരുടെ പ്രതിനിധി എന്ന നിലയിൽ രണ്ടു വാക്ക് കുറിച്ചുകൊള്ളട്ടെ.

പുണ്യശ്ലോകനായ കാവുകാട്ട പിതാവിൻറെ പിൻഗാമിയായി അജപാലന ശുശ്രൂഷ ഏറെറടുത്തപ്പോഴും പ്രവത്തനശൈലിയിൽ വന്ന മാറ്റങ്ങളുമായി പൊരുത്തപ്പെടുവാൻ വൈമുഖ്യം കാട്ടിയവർ അ. വ. പിതാവിനു് വൈഷമ്യങ്ങൾ ഉളവാക്കിയിട്ടുണ്ടാവും. രണ്ടു പിതാക്കന്മാരുടെയും പ്രവത്തനശൈലിയെ ഒരിക്കൽ ഒരു വൈദികൻ താരതമ്യപ്പെടുത്തിയതു് ഞാനോക്കുന്നു. കാവുകാട്ട പിതാവിനു് കുടുംബത്തിലെ നല്ലൊരമ്മയുടെ പ്രവത്തനശൈലിയായിരുന്നു. പടിയറപിതാവിനു് കുടുംബത്തിലെ നല്ലൊരപ്പൻറെ പ്രവത്തനശൈലിയും. നമ്മുടെ കുടുംബങ്ങളിലെ അമ്മച്ചിയുടെയും അച്ചായൻറെയും പ്രവത്തനശൈലിയിലുള്ള വൈവിധ്യം നമുക്കു ഭാവനയിൽ കാണുവാൻ സാധിക്കുമല്ലോ. അതുപോലെയുള്ള ഒരു വൈവിധ്യം അതിരൂപതയുടെ പ്രവത്തനങ്ങളിലും ദൃശ്യമായപ്പോഴും അതുമായി പൊരുത്തപ്പെടുവാൻ ചിലക്കു് പെട്ടെന്നു സാധിച്ചില്ല. അതൊന്നും കണക്കിലെടുക്കാതെ ആവലാതികളില്ലാതെ, ആകുലതകളില്ലാതെ, ആശങ്കകളില്ലാതെ, അതൃപ്തിയില്ലാതെ അതിരൂപതയിലെ അജപാലന ശുശ്രൂഷയിൽ വ്യാപൃതനാകുവാൻ അ. വ. പിതാവിനു സാധിച്ചതു് ദൈവപരിപാലനയിലുള്ള പൂർണ്ണമായ വിശ്വാസം കൊണ്ടാണു്.

1970 ആഗസ്റ്റ് 17-നു് ആദ്യമായി പാറേൽ പെറ്റി സെമിനാരിയിൽ സന്ദർശനത്തിനെത്തിയ അ. വ. പിതാവ് അന്നു പറഞ്ഞ ആമുഖവാക്യങ്ങൾ ഞാനോക്കുന്നു. ''You are the apple of my eyes''. പാറേലെ സെമിനാരിയുടെ പരിമിതികളും പോരായ്മകളും മനസ്സിലാക്കിയ പിതാവ് ശാന്തസുന്ദരമായ കുറിച്ചിയിൽ ആ സെമിനാരിക്കു് രൂപവും ഭാവവും നൽകി. വൈദിക പരിശീലനകാര്യത്തിൽ പിതാവിനുള്ള അതീവതാല്പര്യത്തിൻറെ തിളങ്ങുന്ന തെളിവായി ഈ സെമിനാരി എന്നും നിലകൊള്ളും.

അതിരൂപതയിലെ വൈദികരുടെ ഇടയിൽ സ്നേഹവും കൂട്ടായ്മയും വളത്തണമെന്ന ആശയോടെയാണു് 'Priests day' ആഘോഷം പിതാവ് തുടങ്ങിയതു്. രാവിലെ മുതൽ വൈകുന്നേരം വരെ ചിരിച്ചും, അനുഭവങ്ങൾ പങ്കുവെച്ചും കഴി

യുന്ന വൈദികരോടൊപ്പം പിതാവും ചേരുന്നതു എത്ര സന്തോഷകരമായ ഒരനുഭവമായിരുന്നു.

വിശുദ്ധ വത്സരാചരണത്തിൽ വിവിധ വിഷയങ്ങളിൽ വൈദികരെ കൂടുതൽ പരിശീലിപ്പിക്കുവാൻ 'നവീകരണ സൈക്കിംസ്' സംഘടിപ്പിച്ചതും വൈദികരോടുള്ള പിതാവിന്റെ താത്പര്യത്തിന്റെ അടയാളമായിരുന്നു.

തന്റെ പെരുമാറ്റത്തിൽ എന്തെങ്കിലും ഒരു അപാകത ഉണ്ടായി എന്നറിഞ്ഞാൽ ഒട്ടും വൈകാതെ ആരോടാണെങ്കിലും വിനയപൂർവ്വം 'I am sorry' എന്നു പറയുവാനുള്ള പിതാവിന്റെ മനോഭാവം അഭിനന്ദനാർഹമാണു്.

എല്ലാം കാണുകയും, പലതും കണ്ടില്ലെന്നു വയ്ക്കുകയും അത്യാവശ്യമുള്ള ചിലതു മാത്രം തിരുത്തുകയും ചെയ്യുന്ന സ്വഭാവമാണു് പിതാവിനുള്ളതു്. ചിലരതൊരു ബലഹീനതയായി കരുതിയിരിക്കാം.

കൊച്ചച്ചന്മാരുടെ സമ്മേളനങ്ങളും ഇടയ്ക്കിടെ വിളിച്ചുകൂട്ടി, നല്ല ഉപദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുകയും, ഞങ്ങളുടെ അനുഭവങ്ങളും പങ്കുവയ്ക്കുന്നതു് ശ്രദ്ധയോടെ ശ്രവിക്കുകയും, ബുദ്ധിമുട്ടുന്നവർക്കു് ആശ്വാസവും പ്രചോദനവും പകരുകയും, ഒരപ്പനേയും മക്കളേയും പോലെ കുടുംബാരൂപിയിൽ ആ ദിവസം മുഴുവൻ ചിലവഴിക്കുകയും ചെയ്യുന്നതു് നന്ദിയോടെ ഈ വേളയിൽ അനുസ്മരിക്കുകയാണു്.

15 വർഷക്കാലത്തെ അഭിവന്ദ്യ പിതാവിന്റെ ആത്മാർത്ഥമായ സേവനം നന്ദി നിറഞ്ഞ ഹൃദയത്തോടെ അനുസ്മരിക്കട്ടെ. ചെറിയ ഇടവകകളിലെ അജപാലന ശുശ്രൂഷയിൽ പോലും വൈദികർക്കു് ക്ലേശങ്ങൾ അനുഭവപ്പെടുന്നുണ്ടെങ്കിൽ, ഇത്ര വലിയ അതിരൂപതയിലെ ദൈവജനത്തേയും, വ്യത്യസ്ത സ്വഭാവക്കാരായ 300 ഓളം ബ. വൈദികരേയും ഒന്നിച്ചു കൊണ്ടുപോവുകയെന്നതു് എത്രയോ ശ്രമകരമായിരിക്കും. അതിലൊന്നും ആവലാതിപ്പെടാതെ ഇത്രയും കാലം ഈ അതിരൂപതയെ നയിച്ച അഭിവന്ദ്യ പിതാവിനു് ഹൃദയം നിറഞ്ഞ നന്ദി. ഞങ്ങളുടെ ഭാഗത്തുനിന്നും വന്നുപോയിട്ടുള്ള പോരായ്മകൾ ക്ഷമിച്ചു് ഞങ്ങളെ അനുഗ്രഹിക്കണമെന്നപേക്ഷിക്കുവാൻ ഈ അവസരം വിനിയോഗിക്കട്ടെ.

ദൈവപരിപാലനയിൽ ഉന്നതമായ ഉത്തരവാദിത്വങ്ങൾ ഏറ്റു് സീറോ മലബാർ സഭയ്ക്കാകമാനം ഉജ്ജ്വലമായ നേതൃത്വം നൽകുവാൻ അങ്ങയെ ദൈവം അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

— ഫാ. ജോൺ വി. തടത്തിൽ

We'll miss him sorely, but... ....

"To meet, to know, to love– and then to part,
Is the sad tale of many a human heart"

Certainly it is the sad tale of many a human heart to which His Grace the Archbishop has endeared himself in the last over fifteen years. It would seem odd that, when he had so totally identified himself with the archdiocese of Changanacherry, His Grace is asked to take over as archbishop elsewhere. But he is going to a real metropolis, the nerve centre of Catholic Kerala. Again, about a decade and a half ago, he was sent from Ootty to Changanacherry. There is some divine wisdom about all this ordering about by the Holy See. It is as though the Supreme Pontiff were acting upon the words of Our Lord: 'Well done, thou good and faithful servant; thou hast been faithful over a few things, I will make thee ruler over many things'. However, I am sure His Grace has never bothered to weigh the merits and demerits of the transfer. For him the transfer ordered from Vatican is the will of God and he has accepted it ungrudgingly. When the Supreme Pontiff speaks, it is for the prelates to do....and not to question why. There is the Old Proverb: "When you obey your superior, you instruct your subordinates" Our priests ought not to bother about (perhaps no one does) the advantages and disadvantages of a transfer. An unknown poet has said, "And whether it be a rich church / Or a poor church anywhere, Truly it is a great church / If God is worshipped there".

We shall miss His Grace very much. This man of God has been going about among us, like Francis of Assissi, spreading cheerfulness and doing a lot of good. His Christlike concern for the poor and the suffering has materialised in the Mercy Home and Asha Bhavan. His imaginative sympathy for the old who feel terribly lonely has borne fruit in the Santhi Sadan. His keen awareness that every Christian home is a little Church has been demonstrated in the stupendous growth of organizations like the 'Mathru Jyothis'. His Grace broke new ground by taking the Pastoral Council fully into his confidence and giving it a more dynamic role than being just 'a talking shop' He has blazed a trail by putting a layman in the seat of the Secretary of the Pastoral Council and showing a cheerful readiness to consider laymen too for the stewardship of institutions like St. Berchmans' College. In all this His Grace has been helped all along by his able lieutenant our Vicar General.

As in his gait in his style of administration too, our outgoing archbishop has been gentle and cautious. While he is ready to shed outworn traditions or to update things, he is

in no frantic hurry. He seems to have absorbed the wisdom of the ancient Roman maxim *Festina lente*. His Grace has always impressed me as a beautiful blend of orthodoxy and radicalism. All through he has been guided by true wisdom and inspired by love. This, in fact, is the hallmark of real leadership. When the Nilakal crisis had rudely disturbed the age-old communal harmony of Kerala and when many a leader had burned his fingers in the flames of the controversy, with malice towards none and charity for all, he made a public appeal which made agitators cool down and think afresh.

There are those who make people happy wherever they go, there are others who make them happy whenever they go. His Grace positively belongs to the first category. Who would imagine that this elderly, white bearded prelate who, from a distance, looks like one of those Old Testament figures, is a very pleasant conversationalist making you feel better, for having met him though for a little while or that he is an extremely humorous speaker spinning amusing yarns, rattling funny anecdotes and making puckish jokes. With gentle irony he might even pull your leg without hurting you the least. I have known prelates who can talk equally wisely or with greater depth. But hardly will you find one so relaxed and light-hearted and so beaming with pleasing humour. Combined with this fine sense of humour is his intellectual humility and his disarming gentleness. With apologies to Shakespeare, I would wrench a few of his lines from their context, adapt them a little and apply them to His Grace so alive and active:

'His life is gentle and the elements
So mix'd in him that
Nature might stand up
And say to all the world
"This is a man!"

We are really, really, going to miss him very much. But we are not an island in our selves; we are part of the mainland—the Church of India. And obviously, he is earmarked for great things. We wish him well in his new sphere of activity. We'll buttress his efforts with our prayers. Daniel wrote his *Dream of Love* in his 80's; at 88 John Wesley preached every day; Titian painted his masterpiece the bronze doom of the sacristy of St. Mark at 85; Pope Leo XIII inaugurated most of his enlightened policy after he was 70. His Grace, in his own sphere, belongs to the same line. Of course, he is much younger. I only meant, he is one of those who live for many, many years and are never too old to generate and work out new ideas. He will never be old but only elderly.

"For ever, Your Grace, hail, and farewell"

—Prof. A. E. Augustine

മാർ ആന്റണി പടിയറ - വൈദികസഭ

വൈദിക സംരക്ഷണം രൂപതയുടെ പ്രധാനപ്പെട്ട ചുമതലകളിലൊന്നാണെന്നു് രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമാക്കിയിട്ടുണ്ടു്. ഈ ചുമതല നടപ്പിലാക്കുന്നതിൽ രൂപതാദ്ധ്യക്ഷൻ വൈദികരുടെ സഹകരണത്തോടെ പ്രവർത്തനക്ഷമതയുള്ള പദ്ധതികളും ആസൂത്രണം ചെയ്തു പ്രാവർത്തികമാക്കണമെന്നും കൗൺസിൽ നിർദ്ദേശിച്ചു (PO. No.21). ഈ നിർദ്ദേശം അപ്പാടെ നടപ്പിലാക്കാൻ ചങ്ങനാശേരി അതിരൂപതയ്ക്കു സാധിച്ചിട്ടുണ്ടു്.

1929-ൽ ഏതാനും വൈദികർ സ്വതന്ത്രമായി സമ്മേളിച്ചു് രൂപംകൊടുത്ത, വൈദികസംരക്ഷണത്തിനായി പ്രവർത്തിച്ചുകൊണ്ടിരുന്ന സംഘടനയാണു് സെൻറ് ജോസഫ്സ് പ്രീസ്റ്റ്സ് പ്രോവിഡണ്ടു് ഫണ്ടു് അസ്സോസ്സിയേഷൻ. മെച്ചപ്പെട്ട സംരക്ഷണം എന്ന ലക്ഷ്യംവച്ചുകൊണ്ടു് പല നിയമ നിർമ്മാണങ്ങളും കാലാകാലങ്ങളിൽ നടത്തിയെങ്കിലും, ഈ സംഘടനയിലൂടെ ലഭിച്ചിരുന്ന സംരക്ഷണം 1980 ലും വൈദികരെ സംബന്ധിച്ചിടത്തോളം തികച്ചും അപര്യാപ്തമായിരുന്നു. വൈദിക സംരക്ഷണം അതിരൂപതയുടെ ചുമതലയാണെന്ന തത്വം അംഗീകരിച്ചുകൊണ്ടു്, 1981 ജൂൺ 29-നു് സംഘടനയുടെ പുതിയ നിയമാവലി സ്വീകരിച്ചു് വൈദികരുടെ പൂർണ്ണസംരക്ഷണം എന്ന കൗൺസിൽ നിർദ്ദേശം പടിയറ തിരുമേനി നടപ്പിലാക്കി. വൈദികരോടുള്ള പിതാവിന്റെ സ്നേഹവും ബന്ധവും സൂചിപ്പിക്കുന്ന പ്രധാനപ്പെട്ട ഒരു സംഭവമാണിതു്. മറ്റു കേന്ദ്രങ്ങളിൽനിന്നു സഹായധനം ലഭിക്കാൻ സാധ്യതയില്ലാത്ത സുറിയാനി രൂപതകളെ സംബന്ധിച്ചിടത്തോളം വൈദിക സംരക്ഷണം എന്നും ഒരു പ്രശ്നം തന്നെയാണു്. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോഴും ചങ്ങനാശേരി അതിരൂപതയ്ക്കു കൂടുതൽ അഭിമാനിക്കാൻ വകയുണ്ടു്. ചങ്ങനാശേരി അതിരൂപതയുടെ ധീരമായ ഈ കാൽവയ്പ്

മറ്റു പല രൂപതകൾക്കും ഒരു മാർഗ്ഗദീപമായിരുന്നു.

ആപ്പൂക്കര മെഡിക്കൽ കോളജിനോടനുബന്ധിച്ച് മൂടിയൂക്കരയിൽ പണിയിച്ചിരിക്കുന്ന വൈദികമന്ദിരവും ചെത്തിപ്പുഴ ആശുപത്രി വളപ്പിൽ പണിയിച്ചിരിക്കുന്ന വിശ്രമ സങ്കേതവും പടിയറ തിരുമേനിക്ക് വൈദികരോടുള്ള സ്നേഹത്തിന്റെയും താല്പര്യത്തിന്റെയും പ്രതീകങ്ങളാണ്. പ്രയാസമനുഭവിക്കുന്ന വൈദികരോട് പിതാവ് കൂടുതൽ സ്നേഹവും അനുകമ്പയും പ്രകടിപ്പിച്ചിരുന്നു. അവരെ സന്ദർശിക്കുന്നതിലും പ്രശ്നങ്ങളും വിഷമങ്ങളും നേരിട്ട മനസ്സിലാക്കുന്നതിലും പടിയറ തിരുമേനി ശ്രദ്ധിച്ചിരുന്നു എന്നുള്ളതും പ്രത്യേകം പ്രസ്ഥാവ്യമാണ്. വൈദികസംഘടനയുടെ സെക്രട്ടറിയെന്ന നിലയിൽ ആറുവർഷമായി ജോലി ചെയ്യുന്ന എനിക്ക് പലേ സന്ദർഭങ്ങളിലും വൈദിക സംരക്ഷണത്തെ സംബന്ധിച്ച് സംസാരിക്കാനും മറ്റുമായി അഭിവന്ദ്യ പിതാവിനെ സമീപിക്കേണ്ടിവന്നിട്ടുണ്ട്. ഈ സന്ദർഭങ്ങളിലെല്ലാം വൈദികരോട് അനുകമ്പയും അനുഭാവവും സ്നേഹവുമുള്ള ഒരു പുരോഹിത ശ്രേഷ്ഠനെയാണ് പടിയറ പിതാവിൽ ഞാൻ ദർശിച്ചിട്ടുള്ളത്.

വൈദികസെനറ്റ് സംഘടിപ്പിക്കാനും അവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാനും പിതാവ് എപ്പോഴും ശ്രദ്ധിച്ചിരുന്നു. അജപാലന പ്രസ്ഥാനങ്ങളുടെ ചുമതലകൾ വഹിക്കുന്ന വൈദികർക്ക് ആവശ്യമായ പ്രവർത്തന സ്വാതന്ത്ര്യം പിതാവ് അനുവദിച്ചിരുന്നു എന്നതും പ്രത്യേകം പ്രസ്ഥാവ്യമാണ്. യുവവൈദികരെ പ്രോത്സാഹിപ്പിക്കുന്നതിലും വൈദിക കൂട്ടായ്മ വളർത്തുന്നതിലും, പടിയറ തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വൈദിക ദിനാചരണം അഭിവന്ദ്യപിതാവാണ് ആരംഭിച്ചതു്. വൈദികരുടെ അടുത്ത ബന്ധുജനങ്ങളുടെ ശവസംസ്ക്കാരങ്ങളിൽ പങ്കെടുക്കാനും അവർക്കുവേണ്ടി ദിവ്യബലി അർപ്പിക്കാനും പിതാവ് പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നുള്ളതും പ്രസ്ഥാവ്യമാണ്. ചുരുക്കത്തിൽ രൂപതയുടെ പ്രഥമ ഇടയനായിരുന്ന തിരുമേനി തന്റെ സഹ ശുശ്രൂഷകരായ വൈദികരോട് അടുത്ത ബന്ധവും സ്നേഹവും പുലർത്തിയിരുന്നു എന്നു് എടുത്തു പറയേണ്ടതാണ്. പുതിയ മേച്ചിൽസ്ഥലത്തു് ഇടയന്മാരുടെ നേതൃത്വം വഹിക്കാൻ തിരുമേനിക്ക് നിഷ്പ്രയാസം സാധിക്കുമെന്നതിൽ പക്ഷാന്തരമില്ല. അതിനുള്ള ദൈവാനുഗ്രഹം നല്ലയിടയനായ യേശു പിതാവിനു നല്കട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.

– ഫാ. ജോസ് ആലഞ്ചേരി
സെക്രട്ടറി, പി. പി. എഫ്. അസോസിയേഷൻ

സെന്റ് വിൻസെന്റ് ഡി-പോൾ സൊസൈറ്റിയുടെ സുവർണ്ണകാലം

15 വർഷക്കാലം ഊട്ടി മിഷൻ രൂപതയുടെ മെത്രാനായിരുന്ന അഭിവന്ദ്യ മാർ ആൻറണി പടിയറ തിരുമേനി ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തായായി ഭരണഭാരം ഏറ്റെടുത്ത 1970 ആഗസ്റ്റ് 15 മുതൽ പരിശുദ്ധ പിതാവിൻെറ കല്പന അനുസരിച്ച് എറണാകുളം അതിരൂപതയുടെ മെത്രാപ്പോലീത്താ ആയി സ്ഥലംമാറിപ്പോകുന്ന 1985 ജൂലൈ 3 വരെയുള്ള 15 വർഷക്കാലം സെൻറ് വിൻസെൻറ് ഡിപോൾ സൊസൈറ്റിയ്ക്ക് പിതാവിൽ നിന്ന് ലഭിച്ചിട്ടുള്ള നിരവധിയായ അനുഗ്രഹങ്ങളെ വിൻസെൻഷ്യൻ സഹോദരങ്ങൾ ഹൃദയംനിറഞ്ഞ നന്ദിയോടെ ഒന്നു തിരിഞ്ഞു നോക്കുകയാണിപ്പോൾ.

ക്രിസ്തുവിൻേറയും സഭയുടേയും മഹത്വം എന്ന ലക്ഷ്യം മുൻനിർത്തി സുവിശേഷ പ്രചരണവും മനുഷ്യ പവിത്രീകരണവും സാധിക്കുവാൻ വിനീതമായും നിശ്ശബ്ദമായും സേവനം അനുഷ്ഠിക്കുന്ന സെൻറ് വിൻസെൻറ് ഡിപോൾ സൊസൈറ്റിയെ പിതാവ് എത്രയധികം സ്നേഹിക്കുന്നുണ്ടെന്ന് ഇതിനകം തെളിയിച്ചു കഴിഞ്ഞിരിക്കുകയാണ്. എല്ലാ ഭക്തസംഘടനകളുടെയും പുരോഗതി അഭിവന്ദ്യപിതാവ് അഭിലഷിക്കുന്നുണ്ടെങ്കിലും കത്തോലിക്കാസഭയിലെ ഏറ്റവും വലിയ ജീവകാരുണ്യ അത്മായ സംഘടനയായ സെൻറ് വിൻസെൻറ് ഡിപോൾ സൊസൈറ്റിയുടെ പ്രത്യേക പ്രാധാന്യം പരിഗണിച്ച് ഈ സംഘടനയ്ക്ക് അർഹമായ സ്ഥാനം നല്കുവാൻ പിതാവ് പ്രത്യേകം ശ്രദ്ധിച്ചു പോന്നു.

തൽഫലമായി കോൺഫറൻസുകളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പിതാവ് ഭരണഭാരം ഏറ്റെടുക്കുമ്പോൾ ഇവിടെ കോൺഫറൻസുകളുടെ

എണ്ണം 228 ആയിരുന്നു. അതിനുശേഷം, 1977-ൽ അതിരൂപത വിഭജിക്കപ്പെടുകയും കാഞ്ഞിരപ്പള്ളി രൂപത ഉദയം ചെയ്യുകയും ചെയ്തതോടെ പുതിയ രൂപതാതിർത്തിയിൽപ്പെടുന്ന 50 കോൺഫറൻസുകളെ ഉൾപ്പെടുത്തി അവിടെ ഒരു സെൻട്രൽ കൗൺസിൽ ആരംഭിക്കുകയുണ്ടായി. ഈ അതിരൂപതയിലെ സെൻട്രൽ കൗൺസിലിൽ ഉൾപ്പെട്ടു പ്രവർത്തിച്ചിരുന്ന വിജയപുരം, കോട്ടാർ എന്നീ രൂപതാതിർത്തികളിലുണ്ടായിരുന്ന കോൺഫറൻസുകളെ ഉൾപ്പെടുത്തി 1979-ൽ പ്രസ്തുത രണ്ടു രൂപതകളിലും ഓരോ പുതിയ സെൻട്രൽ കൗൺസിലുകൾ ആരംഭിക്കുവാനും അങ്ങനെ സൊസൈറ്റിയെ കൂടുതൽ വിപുലവും ശക്തവും ആക്കുവാൻ ചങ്ങനാശേരി സെൻട്രൽ കൗൺസിൽ നേതൃത്വം നല്കുകയുണ്ടായി. അങ്ങനെ മൊത്തം 80 കോൺഫറൻസുകളോളം ഇവിടെനിന്നും പിരിഞ്ഞുപോയെങ്കിലും 84 പുതിയ കോൺഫറൻസുകൾ ആരംഭിച്ചതിനാൽ ഇപ്പോൾ ഈ കൗൺസിലിന്റെ പരിധിയിൽ 232 കോൺഫറൻസുകൾ പ്രവർത്തിക്കുന്നുണ്ട്.

അംഗങ്ങളുടെ ആദ്ധ്യാത്മിക പുരോഗതിയെ ആശ്രയിച്ചുമാത്രമേ സൊസൈറ്റിയുടെ പുരോഗതി സുസാധ്യമാകയുള്ളൂ എന്നു ബോദ്ധ്യമുള്ള പിതാവ് അംഗങ്ങൾക്ക് ഉൽബോധനം നല്കുവാൻ പ്രത്യേകം ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഇടവക സന്ദർശനവേളകളിൽ കോൺഫറൻസംഗങ്ങളെ കാണുവാനും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും അവർക്ക് ഉപദേശവും പ്രോത്സാഹനവും നല്കുവാനും ജോലിത്തിരക്കുകൾക്കിടയിലും പിതാവ് സമയം കണ്ടെത്തിയിരുന്നു.

ആണ്ടുതോറും സൊസൈറ്റിയുടെ വാർഷികസമ്മേളനങ്ങളിൽ സംബന്ധിക്കുന്ന ആയിരക്കണക്കായ അംഗങ്ങൾക്കു വേണ്ടി സമ്മേളനഹാളിൽ തന്നെ ദിവ്യബലി അർപ്പിക്കുവാൻ ഇക്കഴിഞ്ഞ 15 വർഷവും പിതാവ് അതീവ താല്പര്യം പ്രകടിപ്പിച്ചുപോന്നു. വാർഷിക പൊതുസമ്മേളനങ്ങളിൽ ആദ്ധ്യക്ഷംവഹിച്ച് ഇക്കഴിഞ്ഞ 15 വർഷവും പിതാവ് നടത്തിയിട്ടുള്ള പ്രസംഗങ്ങളിലൂടെ അംഗങ്ങളിൽ ഉളവായിട്ടുള്ള ആദ്ധ്യാത്മിക പുരോഗതി കൃതജ്ഞതാർഹമാണ്. ഇടയന്റെ സ്വരം നേരിട്ടു ശ്രവിക്കുവാൻ ലഭിക്കുന്ന സന്ദർഭം പാഴാക്കരുതെന്നുള്ള തങ്ങളുടെ നിർബന്ധമായ ആഗ്രഹമാണ് എല്ലാ വാർഷികസമ്മേളനങ്ങളിലും ദൃശ്യമായ അംഗങ്ങളുടെ ബാഹുല്യം തെളിയിച്ചുകൊണ്ടിരുന്നത്. യഥാർത്ഥത്തിൽ വിൻസെൻഷ്യൻ സഹോദരങ്ങൾ അവരുടെ പ്രവർത്തന

ത്തിനുള്ള ഊർജ്ജം സംഭരിച്ചത് പ്രസ്തുത വാർഷിക സമ്മേളനങ്ങളിൽ നിന്നാണെന്നുപറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല.

അഭിവന്ദ്യ പിതാവിന്റെ ആഹ്വാനം അനുസരിച്ചാണ് അംഗങ്ങളുടെ ആദ്ധ്യാത്മിക നവീകരണം ലക്ഷ്യമാക്കി എല്ലാ പർട്ടിക്കുലർ കൗൺസിലുകളും ആണ്ടുതോറും അനേകം സെമിനാറുകളും ധ്യാനയോഗങ്ങളും നടത്തിക്കൊണ്ടിരുന്നത്.

സൊസൈറ്റിയുടെ സ്ഥാപകനായ ഫ്രഡറിക് ഒസാനാമിന്റെ ജന്മദിനം പ്രമാണിച്ച് പള്ളികളിൽ വായിക്കുന്നതിനായി പിതാവ് അയച്ചുകൊണ്ടിരുന്ന സർക്കുലറുകൾവഴി സൊസൈറ്റിയെപ്പറ്റിയും ഫ്രഡറിക്ക് ഒസാനാമിനെപ്പറ്റിയും ജനങ്ങൾക്കെല്ലാം കൂടുതൽ അറിയുവാൻ ഇടയായിട്ടുണ്ട്. തൽഫലമായി നിരവധിയായ സഹായാംഗങ്ങളേയും ഉപകാരികളേയും ഗുണകാംക്ഷികളേയും സൊസൈറ്റിക്ക് ലഭിച്ചിട്ടുണ്ട്. ഒസ്സാനാം ദിനത്തിൽ പള്ളികളിൽ പ്രത്യേകം പിരിവുനടത്തി ലഭിയ്ക്കുന്നതുക അതതു ഇടവകകളിലെ കോൺഫറൻസുകളുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി നല്കണമെന്നുള്ള സർക്കുലറിലെ നിർദ്ദേശംവഴി സൊസൈറ്റിക്ക് വലിയ ഒരംഗീകാരംതന്നെയാണ് ലഭിച്ചിരിക്കുന്നത്. അതിനും പുറമേ അനേകായിരങ്ങൾക്ക് ഈ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കുചേരാനും തൽഫലമായി ധാരാളമായ ദൈവാനുഗ്രഹം ലഭിയ്ക്കാനും ഇടവരുന്നു എന്നത് പ്രത്യേകമായ നേട്ടമാണ്. വിൻസെൻഷ്യൻ പ്രവർത്തനം സഭാജീവിതത്തിന്റെ ഭാഗമാണെന്ന് അഭിവന്ദ്യ പിതാവ് ഇതിനാൽ എല്ലാവർക്കും ബോദ്ധ്യപ്പെടുത്തിക്കൊടുത്തിരിക്കുകയാണ്. അതേ സർക്കുലറിൽതന്നെ യുവാക്കൾക്കായി നല്കിയിട്ടുള്ള ആഹ്വാനം അനുസരിച്ച് ആദ്ധ്യാത്മിക തീക്ഷ്ണതയുള്ള അനേകം യുവാക്കന്മാർ സൊസൈറ്റിയിൽ അംഗത്വം സ്വീകരിച്ച് അവരുടെ യുവസഹജമായ കഴിവുകൾ ജീവകാരുണ്യരംഗത്ത് ഉപയോഗപ്പെടുത്തിക്കൊണ്ടിരിയ്ക്കുന്നു എന്നത് ആനന്ദദായകമായ ഒരു അനുഭവമാണ്.

പിതാവിന്റെ ഭരണകാലത്ത് ഭവനരഹിത കുടുംബങ്ങൾക്കുവേണ്ടി കോൺഫറൻസുകൾ പണിയിച്ചിട്ടുള്ള 1280 വീടുകളിൽ പലതിന്റേയും വെഞ്ചരിപ്പുകർമ്മവും താക്കോൽദാനവും നിർവഹിക്കുവാൻ തിരുമനസുകൊണ്ട് പ്രദർശിപ്പിച്ച താല്പര്യവും അതിനുവേണ്ടി ചില മലമ്പ്രദേശങ്ങളിൽ കാൽനടയായി സഞ്ചരിക്കേണ്ടിവന്ന സന്ദർഭങ്ങളും ഞങ്ങൾ നന്ദിയോടെ ഓർക്കുകയാണ്.

പിതാവിന്റെ എപ്പിസ്കോപ്പൽ ജൂബിലി സ്മാരകമായി കോൺഫറൻസുകളും ഇപ്പോൾ പണിയിച്ചുകൊണ്ടിരിക്കുന്ന 200 വീടുകളും പിതാവിനോടുള്ള പാവങ്ങളുടേയും സൊസൈറ്റിയുടെയും കൃതജ്ഞതയുടെ അടയാളമായി എന്നെന്നും നിലനിലയ്ക്കും.

സെൻട്രൽ കൗൺസിൽ ഭാരവാഹികളും ഇടയ്ക്കിടെ പിതാവിനെ സന്ദർശിച്ച് സൊസൈറ്റിയെപ്പറ്റി സംഭാഷണം നടത്തുമ്പോഴെല്ലാം ഓരോ കോൺഫറൻസിന്റെയും യഥാർത്ഥ സ്ഥിതി അറിയുവാനും സൊസൈറ്റിയുടെ പുരോഗതി എപ്രകാരമെന്ന് ചോദിച്ചറിയുവാനും പിതാവ് പ്രദർശിപ്പിച്ചുപോന്ന താല്പര്യം ഭാരവാഹികളിൽ പ്രത്യേകമായ ഉന്മേഷം ഉളവാക്കിക്കൊണ്ടാണിരുന്നത്.

ഇതുപോലുള്ള നിരവധിയായ അനുഗ്രഹങ്ങൾ എണ്ണിയെണ്ണി പറയുവാൻ ശ്രമിച്ചാൽ അതിന് അനേകം പേജുകളും വേണ്ടിവരും. അതിനാൽ സ്ഥലപരിമിതി പരിഗണിച്ച്, അഭിവന്ദ്യപിതാവിന്റെ 15 വർഷത്തെ ഈ അതിരൂപതാ ഭരണകാലത്ത് ഇവിടുത്തെ സെൻറ് വിൻസെൻറ് ഡിപോൾ സൊസൈറ്റിക്ക് ലഭിച്ചിട്ടുള്ള പുരോഗതി അത്ഭുതാവഹം എന്ന മാത്രം അഗാധമായ കൃതജ്ഞതയോടെ ഞങ്ങൾ രേഖപ്പെടുത്തിക്കൊള്ളുന്നു.

കഴിഞ്ഞ 15 വർഷക്കാലം അഭിവന്ദ്യ പിതാവിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഞങ്ങൾ മേലിലും ഹൃദയം നിറഞ്ഞ നന്ദിയോടെ തിരുമനസിലേയ്ക്കുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുമെന്ന് ഉറപ്പു പറയുവാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. കൃതജ്ഞത ക്രിസ്തീയതയുടെ അടയാളമാകയാൽ വിൻസെൻഷ്യൻ പ്രവർത്തകർക്ക് അഭിവന്ദ്യപിതാവിനെ ഒരിക്കലും മറക്കുവാനോ പിതാവിനുവേണ്ടി പ്രാർത്ഥിക്കാതിരിക്കാനോ സാദ്ധ്യമല്ല. എറണാകുളം അതിരൂപതയിലും പിതാവിന്റെ ഭരണകാലത്ത് അസാമാന്യമായ പുരോഗതി കൈവരിക്കുവാൻ സർവ്വശക്തനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന ഞങ്ങൾ പ്രാർത്ഥിക്കുന്നു. സർവ്വ മംഗളങ്ങളും ഞങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുകയും ചെയ്യുന്നു.

ജോസ് ജോസഫ്
പ്രസിഡൻറ്

റവ. ഫാ. തോമസ്
സെക്രട്ടറി

S.M.I. സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകൻ

ചങ്ങനാശേരി അതിരൂപതയിലെ തെക്കൻ മിഷന്റെ അഥവാ ഹോംമിഷന്റെ പ്രത്യേക സ്ഥലകാല പശ്ചാത്തലത്തിൽ രൂപംകൊണ്ട ഒരു നവീന സേവന പ്രസ്ഥാനമാണിതു്.

വിളവു് അധികം; വേലക്കാർ ചുരുക്കം (മ.9:27) എന്ന ക്രിസ്തുനാഥന്റെ ദിവ്യാഹ്വാനം ഇന്നും ദിഗന്തങ്ങളിൽ മാറ്റൊലിക്കൊള്ളുകയാണു്. ക്രിസ്തുവിന്റെ രക്ഷാകര സന്ദേശത്തിനു് വേണ്ടി ദാഹിക്കുന്ന തെക്കൻ മിഷനിലെ ജനങ്ങളെ കാണുമ്പോഴും ഇത്തരമൊരു പാകപ്പെട്ട വയലിന്റെ വിളി നമ്മുടെ കാതുകളിൽ മുഴങ്ങും. ഈ വിളിയോടുള്ള സഹകരണത്തിന്റെയും പ്രത്യുത്തരത്തിന്റെയും ഒരു ക്രിയാത്മകഭാവമാണു് എസ്. എം. ഐ. സിസ്റ്റേഴ്സ്.

വചനത്തെ ധരിച്ചു് വചനത്തിലൂടെ നടന്നു് വചനത്താൽ ശക്തരായു് മറ്റുള്ളവരെ ജീവന്റെ വചനത്തിലേയ്ക്കു് ആനയിക്കാനുള്ള ലളിത യത്നങ്ങളും ജീവിത തപസ്യയാക്കിയ അമലോത്ഭവ മാതാവിന്റെ ഈ സഹോദരികളും അവസരോചിതമായ സഭാസേവനത്തിലൂടെ ക്രിസ്തുവിന്റെ സ്നേഹത്തിനു് സജീവ സാക്ഷികളാകുന്നു.

ഹോംമിഷന്റെ സർവതോന്മുഖമായ അഭ്യുന്നതിയിൽ ബദ്ധശ്രദ്ധനായ ചങ്ങനാശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ആൻറണി പടിയറ തിരുമേനിയാണു് 1974-ൽ ഈ സമൂഹം സ്ഥാപിച്ചതു്. അഭിവന്ദ്യപിതാവിന്റെ പൈതൃക പരിപാലനകളോടെ വളർന്നു വലുതായിക്കൊണ്ടിരിക്കുന്ന ഈ സഭയിൽ ഇപ്പോഴുള്ള നാല്പതു് അംഗങ്ങളിൽ പത്തു പേർ നിത്യവ്രതമെടുത്തവരാണു്. പതിനഞ്ചു് ജൂണിയേഴ്സും ബാക്കിയുള്ളവർ പ്രാഥമിക പരിശീലനത്തിലേർപ്പെട്ടിരിക്കുന്നവരുമത്രെ.



നിത്യപ്രതവാഗ്ദാനം നടത്തിയ ആദ്യബാച്ച് സ്ഥാപകനുമൊത്ത്

രോഗശുശ്രൂഷാവേദിയിലും, കുടുംബാരോഗ്യ പരിപാലനരംഗത്തും, കൈത്തൊഴിൽ സ്ഥലങ്ങളിലും സുവിശേഷ പ്രഘോഷണത്തിനായി അവരുടെ ശരീരവും മനസ്സും ഒരുപോലെ നീങ്ങുന്നു. ബൈബിൾ വിതരണം, പ്രാർത്ഥനാ പരിശീലനം, മതബോധനം, മുതലായ പ്രേഷിതയത്നങ്ങളിൽ മുഴുകിയും, ശിശുപരിപാലനകേന്ദ്രങ്ങളും, നഴ്സറികളും, മുദ്രാലയ പ്രേഷിതത്വം മുതലായവ നടത്തിയും, നടത്തിപ്പിൽ സഹകരിച്ചും ജനജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഇറങ്ങിച്ചെന്നു് ജാതിമതഭേദമെന്യേ സമൂഹവുമായി കൂടുതൽ ആഴത്തിൽ ആത്മാർത്ഥതയോടെ സിസ്റ്റേഴ്സ് ബന്ധപ്പെടുന്നു.

ഹോം മിഷന്റെ വടക്കൻ ഭാഗത്തെ അലയാഴിയുടെ പൊന്നലകളും പുളകംചാർത്തി അംബരചുംബികളായ പർവ്വതസാനുക്കളുടെ ചെരുവിൽ നിലകൊള്ളുന്ന പ്രകൃതി സമ്പന്നമായ അമ്പൂരിയിലാണു് സമൂഹത്തിന്റെ മാതൃഭവനം. കന്യാകുമാരി ജില്ലയിലെ ചെറുപുഷ്പ നഗറിലാണു് അർത്ഥിനികളുടെ പരിശീലനകേന്ദ്രം സ്ഥിതി ചെയ്യുന്നതു്. ചങ്ങനാശേരിയുടെ ഹൃദയാന്തർഭാഗത്തു് പ്രകൃതി മനോഹരമായ മാന്നിലയിൽ ഒരു മഠവും സ്ഥാപിതമായിട്ടുണ്ടു്.

ചങ്ങനാശേരി അതിരൂപത വിവിധ അജപാലന രംഗങ്ങളിൽ

മതബോധന രംഗം

ആലപ്പുഴ, കോട്ടയം, കൊല്ലം, തിരുവനന്തപുരം, കന്യാകുമാരി എന്നീ റവന്യൂ ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന ചങ്ങനാശേരി അതിരൂപതയിൽ, വിവിധ തലങ്ങളിലായി നടന്നുകൊണ്ടിരിക്കുന്ന മതബോധന പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം ഇക്കഴിഞ്ഞ പതിനഞ്ചു വർഷങ്ങൾ നിർണ്ണായകങ്ങളായിരുന്നു. ഇന്ന് അതുകൊണ്ടുള്ളുന്ന രൂപവും ഭാവവും കൈവന്നത് മുഖ്യമായും ഈ കാലഘട്ടത്തിലാണെന്നുള്ളത് തർക്കമറ്റ ഒരു വസ്തുതയാണ്.

ചരിത്രം

ചങ്ങനാശേരി അതിരൂപതയുടെ മതബോധന ചരിത്രം ആരംഭിക്കുന്നത് ഇവിടത്തെ ആദ്യത്തെ വികാരി അപ്പസ്തോലിക്കായ ചാൾസ് ലവീഞ്ഞു മെത്രാൻ ഭരണം കയ്യേറ്റതോടെയാണ്. അന്നു മുതൽ ഇന്നോളം ഈ രൂപതയെ ഭരിച്ച പുണ്യചരിതരായ അഭിവന്ദ്യ പിതാക്കന്മാരുടെ പൈതൃക സംരക്ഷണയിൽ മതബോധന രംഗം പുരോഗതിയുടെ പടവുകൾ താണ്ടുകയായിരുന്നു. അഭിവന്ദ്യ കാവുകാട്ടു പിതാവിന്റെ കാലത്താണ് മതബോധന രംഗം വ്യവസ്ഥാപിതവും, വികസിതവുമായിത്തീർന്നത്. തന്റെ അഭിവന്ദ്യരായ മുൻഗാമികൾ കെട്ടിപ്പടുത്ത സുസംഘടിതവും ഉറപ്പുള്ളതുമായ അടിസ്ഥാനത്തിന്മേൽ മതബോധനത്തിന്റെ ഇന്നുള്ള മനോഹരസൗധം കെട്ടിപ്പടുക്കുവാൻ അഭിവന്ദ്യ മാർ ആൻറണി പടിയറ പിതാവിനു കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. മറ്റു രൂപതകൾക്കും വരും തലമുറയ്ക്കും മാർഗ്ഗനിർദ്ദേശവും മാതൃകയും വിലപ്പെട്ട സംഭാവനയുമാണ് അതിരൂപതയിലെ

മതബോധനരംഗം നൽകുന്നതെന്ന കാര്യം വിസ്മരിച്ചുകൂടാ. ഇന്നദ്ദേഹം രൂപതയോടു വിടവാങ്ങുമ്പോഴും രൂപതയുടെ മതബോധനരംഗം ബാലാരിഷ്ടതകളെല്ലാം പിന്നിട്ട്, യുവത്വത്തിന്റെ ഓജസ്സും തേജസ്സും കൈവരിച്ചിരിക്കുന്നുവെന്നത് സന്തോഷകരമാണ്.

അതിരൂപതയിലെ ആകമാന മതബോധന യത്നങ്ങൾക്കു പൊതുവായും സൺഡേസ്ക്കൂൾ പ്രവർത്തനങ്ങൾക്ക് പ്രത്യേകമായും നേതൃത്വം നൽകുന്നത് അജപാലന മതബോധന കേന്ദ്രമായ സന്ദേശനിലയമാണ്. സുദീർഘമായ ഒരു തപസ്യയുടെ സാക്ഷാത്ക്കാരമാണ് ഇന്നു നാം കാണുന്ന സെൻറർ. അഭിവന്ദ്യ കാവുകാട്ടു പിതാവ് തുടക്കമിട്ട സന്ദേശനിലയം സെൻറർ 1970 ഡിസംബർ 21-ന് അഭിവന്ദ്യ പടിയറ പിതാവ് ആശീർവദിച്ച് ഉൽഘാടനം ചെയ്തുകൊണ്ട് അതിരൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് ഒരു പുതിയ തുടക്കമിട്ടു. അന്നു മുതൽ ഇന്നോളം മതബോധന പ്രവർത്തനങ്ങളുടെ കേന്ദ്രമായി സന്ദേശനിലയം നിലകൊള്ളുന്നുവെങ്കിൽ അതിന്റെ ശക്തികേന്ദ്രം അഭിവന്ദ്യ പിതാവുതന്നെയാണ്.

ഓഫീസും ബുക്ക്സ്റ്റാളും

മതബോധന പ്രവർത്തനങ്ങളുടെ കേന്ദ്രകാര്യാലയമാണല്ലോ സന്ദേശനിലയം സെൻറർ. ഞായർ ഒഴികെ എല്ലാ ദിവസങ്ങളിലും രാവിലെ മുതൽ വൈകുന്നേരംവരെ ഓഫീസ് പ്രവർത്തിക്കുന്നു. എല്ലാ സൺഡേസ്ക്കൂളുകളുടേയും പ്രവർത്തനങ്ങളുടെ വിശദമായൊരു റിപ്പോർട്ട് അതിരൂപതാ കേന്ദ്രത്തിലുണ്ട്. യഥാവസരം സൺഡേസ്ക്കൂൾ പ്രവർത്തനങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ ഇതു സഹായിക്കുന്നു. ഫൊറോനാ രൂപതാ തലങ്ങളിലുള്ള പ്രവർത്തനങ്ങളെ പ്രതിപാദിക്കുന്ന വിവരങ്ങളും വ്യക്തമായി രൂപതാകേന്ദ്രത്തിൽ പ്രത്യേകം സൂക്ഷിച്ചുവരുന്നു. രൂപതാ തലത്തിൽ പ്രവർത്തനങ്ങൾ ക്രോഡീകരിച്ച്, ഇടവക, ഫൊറോനാ തലങ്ങളിലുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വവും മാർഗ്ഗനിർദ്ദേശവും നൽകുന്നു. വിവിധതലങ്ങളിലെ മതബോധന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ഉത്തേജിപ്പിക്കുകയുമാണ് സന്ദേശനിലയത്തിന്റെ മുഖ്യധർമ്മം. സൺഡേസ്ക്കൂളുകൾ, റെഗുലർ സ്ക്കൂളുകൾ, കോളജുകൾ, മുതിർന്നവരുടെ മതബോധനം ഈ തലങ്ങളിലെല്ലാം മതബോധന ശുശ്രൂഷ കാര്യക്ഷമമാക്കുവാൻ കേന്ദ്രം ഇന്നു ശ്രദ്ധപതിപ്പിക്കുന്നു. കുട്ടികളുടെയും മുതിർന്നവരുടെയും മതബോ

ധനത്തിനു് ഊന്നൽ കൊടുത്തു കൊണ്ടുള്ള സംവിധാനങ്ങളാണു് ഇന്നു കേന്ദ്രത്തിലുള്ളതു്. ലൈബ്രറി, ബുക്കു് സ്റ്റാൾ, ഓഡിയോ വിഷ്വൽ യൂണിറ്റു്, പ്രസിദ്ധീകരണ വിഭാഗം, C. L. T. ബുക്കു് ക്ലബു്, എന്നിവ കേന്ദ്ര ഓഫീസിനോടനുബന്ധിച്ചു കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. മെച്ചപ്പെട്ടതും പ്രവർത്തന നിരതവുമായ സന്ദേശനിലയം ലൈബ്രറിയിൽ 5000-ൽപരം പുസ്തകങ്ങൾ ശാസ്ത്രീയമായി ക്രമീകരിച്ചിരിക്കുന്നു. മതാദ്ധ്യാപകർ ലൈബ്രറി ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. സൺഡേസ്ക്കൂൾ പ്രവർത്തനങ്ങൾക്കാവശ്യമായ പാഠപുസ്തകങ്ങൾ, രജിസ്റ്ററുകൾ, ഓഡിയോ വിഷ്വൽ എയ്ഡ്സ് തുടങ്ങിയവ ബുക്കു് സ്റ്റാളിൽ ലഭ്യമാണു്.

ഓഡിയോ വിഷ്വൽ യൂണിറ്റു്

സന്ദേശനിലയം ഓഡിയോ വിഷ്വൽ യൂണിറ്റു് മതബോധന രംഗം ഫലപ്രദമാക്കുവാൻ ഉതകുന്ന വിധം സമ്പന്നമാണിന്നു്. 16 MM മൂവി പ്രൊജക്ടറുകൾ, റെക്കോർഡ് പ്ലയർ, സ്റ്റീരിയോസെറ്റ്, മൈക്കു് സെറ്റ്, ക്യാമറാ തുടങ്ങിയ വിവിധ ഉപകരണങ്ങൾ യൂണിറ്റിനു സ്വന്തമായുണ്ടു്. വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള സ്ലൈഡുകൾ ഡോക്യുമെന്ററി ഫിലിമുകൾ, ചാർട്ടുകൾ മുതലായവ യൂണിറ്റുകൾക്കു് ലഭ്യമാണു്. ഓഡിയോ വിഷ്വൽ യൂണിറ്റിന്റെ സേവനം ഇടവക തലത്തിൽ ലഭ്യമാക്കുവാൻ ഒരു മൊബൈൽ യൂണിറ്റു് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ദൃശ്യശ്രാവ്യ മാധ്യമങ്ങളുടെ സഹായത്തോടെ മതബോധന വിഷയത്തിൽ ഇടവക ജനങ്ങളെ പ്രബുദ്ധരാക്കുവാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഓഡിയോ വിഷ്വൽ യൂണിറ്റു് തയ്യാറാക്കിയ വി. കർബാനയെക്കുറിച്ചുള്ള സ്ലൈഡ്സ് ഏവരുടേയും മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ടെന്നുള്ളതു് അഭിമാനകരമാണു്. ഫൊറോനാ തലത്തിലും ഓഡിയോ വിഷ്വൽ യൂണിറ്റുകൾ സജ്ജമാക്കി വരുന്നു. കേന്ദ്ര ടീം അതിനു് വിദഗ്ദ്ധ പരിശീലനം നൽകുന്നു.

പ്രസിദ്ധീകരണങ്ങൾ

സന്ദേശനിലയത്തിന്റെ ആഭിമുഖ്യത്തിൽ മാസികകൾ, ഗ്രന്ഥങ്ങൾ, ലഘുലേഖകൾ, ഇവ പ്രസിദ്ധീകരിച്ചു വരുന്നു. മതാദ്ധ്യാപകർക്കു പ്രയോജനകരമാകത്തക്കവിധമാണു് 'കതിരൊളി' മാസിക സംവിധാനം ചെയ്തിട്ടുള്ളതു്. അഭിവന്ദ്യ പടിയറ പിതാവിന്റെ കാലത്തു് 1973—ൽ ആണു് 'വോയിസ് ഓഫ് ദി ചർച്ച്' എന്ന ഇംഗ്ലീഷ് മാസിക ആരംഭിച്ചതു്. മതബോധനത്തിനാവശ്യമായ പാഠപുസ്തകങ്ങൾ അ

ദ്ധ്യയന മണ്ഡലം ഗ്രന്ഥാവലി സീരീസ്, നിരവധി ലഘുലേഖകൾ ഇവയെല്ലാം സന്ദേശനിലയം പ്രസിദ്ധീകരണങ്ങളിലുൾപ്പെടുന്നു.

അതിരൂപതയെ 13 മേഖലകളായി വിഭജിച്ചുകൊണ്ടുള്ള ഒരു പ്രവർത്തന ശൈലിയാണ് സൺഡേ സ്ക്കൂളുകൾക്കുള്ളത്. ഓരോ മേഖലയിലേയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഓർഗനൈസർ, സെക്രട്ടറി, പ്രൊമോട്ടർമാർ എന്നിവർ സഹകരിക്കുന്നു. രൂപതാ പ്രൊമോട്ടർമാർ സൺഡേസ്ക്കൂളുകൾ സന്ദർശിച്ച് പഠിക്കുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. രൂപതാതലത്തിലും, ഫൊറോനാ തലത്തിലുമുള്ള വിവിധ കമ്മറ്റികൾ, സൺഡേ സ്കൂൾ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കുന്നു. ഇന്ന് രൂപതയിൽ 225 സൺഡേസ്ക്കൂളുകളിലായി 70000-ൽ പരം വിദ്യാർത്ഥികൾ വിശ്വാസ പരിശീലനം നേടുന്നു. 3000-ൽ പരം അദ്ധ്യാപകർ പരിശീലന രംഗത്ത് അർപ്പിത നേതൃത്വം നൽകുന്നു. വർഷത്തിൽ ആകെ 50 സായാഹ്ന ദിവസങ്ങളിലായി 100 മണിക്കൂർ നേരത്തെ പരിശീലനമാണുള്ളത്. പി.ഒ.സി. ടെക്സ്റ്റ് ബുക്കുകൾക്കു പുറമേ, സഭാ ചരിത്രം, ആരാധനക്രമം, വി. ഗ്രന്ഥം തുടങ്ങിയ വിഷയങ്ങളിലും കുട്ടികൾക്കു പരിശീലനം നൽകുന്നു. ഇതിനുള്ള ടെക്സ്റ്റ് ബുക്കുകൾ സന്ദേശനിലയം പ്രത്യേകം തയ്യാറാക്കിയിരിക്കുന്നതാണ്. പത്താം ക്ലാസ്സു പാസായ കുട്ടികൾക്കു വേണ്ടി 1983—84 അദ്ധ്യയന വർഷം മുതൽ രണ്ടു വർഷം കൊണ്ടു പൂർത്തിയാകുന്ന ഡിപ്ലോമാ കോഴ്സ്, ഹയർ കോഴ്സ് എന്നപേരിൽ ആരംഭിച്ചു. ആഴമായ വിശ്വാസ പരിശീലനം നൽകുവാനും, വിശ്വാസ പരിശീലനരംഗത്തു നേതൃത്വം കൊടുക്കുവാനുമുള്ള ഭാവിതലമുറക്കു രൂപം കൊടുക്കാനുള്ള ശ്രമമാണിതു്. ബൈബിൾ, ആരാധന ക്രമം, സഭാചരിത്രം, സഭാ വിജ്ഞാനീയം സഭയുടെ സാമൂഹ്യ പ്രബോധനങ്ങൾ, മതബോധനം തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം പ്രധാനമായും ശ്രദ്ധവയ്ക്കുക.

കുട്ടികൾക്കു വാർഷികപരീക്ഷ, സ്കോളർഷിപ്പ് പരീക്ഷ ഇവ നടത്തി വിജയികൾക്കു സമ്മാനങ്ങളും സ്കോളർഷിപ്പുകളും നൽകുന്നു. പ്രമോട്ടർമാർ സൺഡേസ്കൂളുകൾ സന്ദർശിച്ച് വിശദമായ പഠനങ്ങൾ നടത്തി പ്രവർത്തനത്തെ സഹായിക്കുന്നു. അവരുടെ റിപ്പോർട്ടിനെ ആധാരമാക്കി എല്ലാ വർഷവും രൂപതയിലെ ബസ്റ്റ് സൺഡേ സ്കൂളുകളും, മോഡൽ സൺഡേ സ്കൂളുകളും, തെരഞ്ഞെടുത്ത് അവാർഡുകളും ട്രോഫികളും സമ്മാനിക്കുന്നു. അഭിവന്ദ്യപിതാവ് ഞായറാഴ്ചകളിൽ ഇടവകകളിൽ ഔദ്യോഗിക സന്ദർശനം നടത്തുമ്പോൾ സൺഡേ സ്കൂൾ സന്ദർശിച്ചു പ്രവർത്തന

ങ്ങളും നേരിട്ടമനസിലാക്കി വിദ്യാർത്ഥികൾക്കു ഉത്തേജനം നൽകിയിരുന്നു. പിതാവിന്റെ മതബോധനരംഗത്തെ വർദ്ധിച്ച താത്പര്യം അദ്ധ്യാപകർക്കും, വിദ്യാർത്ഥികൾക്കും ഒന്നുപോലെ പ്രോത്സാഹജനകമായിരുന്നു.

ബൈബിളും സന്ദേശങ്ങളും, കലാരൂപങ്ങളിൽ അവതരിപ്പിച്ചു് പ്രചരിപ്പിക്കുവാൻ വേണ്ട പരിശീലനം ബൈബിൾ കലോത്സവംകൊണ്ടു് സാധിക്കുന്നു. ഇടവക ഫൊറോനാ രൂപതാ തലങ്ങളിൽ ഇതു് നടത്തപ്പെടുന്നു. ബൈബിൾകലോത്സവത്തിൽ സമ്മാനങ്ങളും, സർട്ടിഫിക്കറ്റുകളും, ട്രോഫികളും ഇവയ്ക്കു പുറമേ രണ്ടായിരത്തിലധികം രൂപായുടെ ക്യാഷ് അവാർഡുകളും നൽകുന്നു.

മതാദ്ധ്യാപക പരിശീലനം

മതാദ്ധ്യാപകരുടെ പരിശീലനം മതബോധന രംഗത്തു് ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണല്ലോ. മതബോധന ശ്രുശ്രൂഷയുടെ വിജയം യോഗ്യരും പരിശീലനം സിദ്ധിച്ചവരുമായ അദ്ധ്യാപക നിരയെ ആശ്രയിച്ചാണു് നിൽക്കുക. അതിരൂപതയിലെ മതബോധനരംഗത്തു് ക്രിയാത്മക നേതൃത്വം നൽകാൻ കഴിവും താത്പര്യവുമുള്ള മതാദ്ധ്യാപകരെ വിവിധ മേഖലകളിൽ നിന്നു് തെരഞ്ഞെടുത്തു് സ്ഥിരമായ പരിശീലനം നൽകുന്ന വേദിയാണു് കാറ്റക്കെറ്റിക്കൽ ലീഡേഴ്സ് ട്രെയിനിംഗ് കോഴ്സ് (CLT). എല്ലാ രണ്ടാം ശനിയാഴ്ചകളിലും ക്ലാസുകളും. അവധിക്കാലത്തു 20 ദിവസത്തെ ക്യാമ്പും ഇതിന്റെ ഭാഗമായി നടത്തുന്നു. ഇതിനോടകം അഞ്ചു ബാച്ചുകൾ പരിശീലനം പൂർത്തിയാക്കി. ഒരു വർഷത്തെ കോഴ്സ്, പ്രാഥമിക പരിശീലനം മാത്രമാണു്.പ്രാഥമിക പരിശിലനം പൂർത്തിയായവർക്കു വേണ്ടി ഫോളോ അപ് പരിപാടികൾ കേന്ദ്ര തലത്തിൽ നടത്തുന്നു. ഫൊറോനാ, മേഖലാ തലങ്ങളിൽ പരിശീലനം തുടരുന്നു. ബൈബിൾ പഠനത്തിൽ താത്പര്യമുള്ള മതാദ്ധ്യാപകർക്കുവേണ്ടി 1982—83 വർഷത്തിൽ ഒരു ബൈബിൾ ഡിപ്ലോമാ കോഴ്സ് ആരംഭിക്കുകയുണ്ടായി.ബൈബിളിലെ ഓരോ ഗ്രന്ഥത്തേയും കുറിച്ചു് സാമാന്യം വിശദമായ അറിവു് അദ്ധ്യാപകർക്കു നൽകുകയാണു് ഈ കോഴ്സിന്റെ ലക്ഷ്യം. ഈ കോഴ്സുകൾ കൂടാതെ അദ്ധ്യപകർക്കായി വാർഷിക ത്രിദിന പരിശീലന ക്യാമ്പുകൾ, പാഠപുസ്തക പരിചയപ്പെടുത്തൽ,സെമിനാറുകൾ ഇവ രൂപതാതലത്തിലും മേഖലാതലത്തിലും നടത്തുന്നു. നവാഗതരായ മതാദ്ധ്യാപകർക്കുവേണ്ടി പ്രത്യേക പരിശീലനക്യാമ്പുകളും ഏർപ്പെടുത്തിയിട്ടുണ്ടു്. മതാദ്ധ്യാപകർക്കു സ്ഥിരമായ ഒരു പഠന പരിശീലന വേദിയാണു് സ്റ്റഡി സർക്കിൾ.

അടുത്തുള്ള സൺഡേ സ്കൂളുകളും ഒന്നിച്ച് പ്രാർത്ഥിക്കുക, പഠിക്കുക, പഠിപ്പിക്കുക എന്ന മുദ്രാവാക്യം സ്വീകരിച്ചുകൊണ്ട് ആദ്യ ക്രൈസ്തവ സമൂഹത്തിന്റെ മാതൃകയിൽ മതാദ്ധ്യാപകരുടെ ഒരു കൂട്ടായ്മയായി അതു നിലകൊള്ളുന്നു. P O C, M O C, NBCLC, തുടങ്ങിയ പരിശീലന വേദികളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള ധാരാളം അദ്ധ്യാപകർ ഈ രൂപതയിൽ ഇന്ന് വിശ്വാസ പരിശീലന രംഗം സജീവമാക്കുന്നു. മതാദ്ധ്യാപകരുടെ കൂട്ടായ്മയെ ഊട്ടിവളർത്താൻ വാർഷിക മതാദ്ധ്യാപക കൺവൻഷനുകളും ഏറെ സഹായിക്കുന്നു.

മുതിർന്നവരുടെ മതപരിശീലനം ലക്ഷ്യമാക്കി ഏകദിന സെമിനാറുകളും ഇടവകതോറും നടത്തിവരുന്നു. 'അദ്ധ്യയനമണ്ഡലം' മുതിർന്നവർക്കായുള്ള മതപരിശീലനത്തിന്റെ മറ്റൊരു വേദിയാണ്. താത്പര്യമുള്ള ഇടവകകളിൽ മാസത്തിൽ കുറഞ്ഞതു ഒരു ദിവസമെങ്കിലും രണ്ടുമണിക്കൂർ നീണ്ടുനിൽക്കുന്ന ചർച്ചാക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. ഇതിനു നേതൃത്വം നൽകുവാൻ ഒരു അദ്ധ്യയനമണ്ഡലം പ്രബോധക സമിതിക്കു പിതാവു രൂപം നൽകിയിട്ടുണ്ട്. ഈ രംഗത്തും നമുക്ക് ആവശ്യകമായ പ്രസിദ്ധീകരണങ്ങളും ഉണ്ട്. റഗുലർ സ്കൂളുകളിലെയും, കോളജുകളിലെയും മതബോധനത്തിനും സന്ദേശനിലയം ശ്രദ്ധപതിപ്പിക്കുന്നു. റെഗുലർ സ്കൂളിലെയും, കോളജുകളിലേയും മതബോധനത്തിനും പ്രത്യേകം ടെക്സ്റ്റ് ബുക്കുകളും നിർദ്ദേശിച്ചിട്ടുണ്ട്. കോളജ് വിദ്യാർത്ഥികൾക്കു വേണ്ടി മത്സര പരീക്ഷ നടത്തി 2000 രൂപായുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നു.

ഇന്ന് ചങ്ങനാശേരി അതിരൂപത മതബോധനരംഗത്തു കൈവരിച്ചിരിക്കുന്ന നേട്ടങ്ങളും, ഈ രംഗത്തേയ്ക്കു തങ്ങളുടെ വിലപ്പെട്ട സേവനം സമർപ്പണ ബുദ്ധ്യാ കാഴ്ചവച്ചിരിക്കുന്ന അനേകായിരങ്ങളുടേതാണ്. മുൻകാലങ്ങളിൽ ഇതിനെ വളർത്തിയ ഡയറക്ടർമാർ, ഓർഗനൈസർമാർ, പ്രൊമോട്ടർമാർ തുടങ്ങിയുള്ള മതബോധന ശുശ്രൂഷകർ ഇവരുടേയും വിലപ്പെട്ട സേവനങ്ങളും നന്ദിപൂർവ്വം അനുസ്മരിക്കുന്നു.

മതബോധനം, രൂപതയുടെ പ്രഥമ ദൗത്യമായി കണ്ടുകൊണ്ട് അതിനെ ആശീർവദിച്ചനുഗ്രഹിക്കുകയും കാലാകാലങ്ങളിലെ ഇടയ ലേഖനങ്ങളിലൂടെ എവരുടെയും ശ്രദ്ധ ഈ രംഗത്തേയ്ക്കു തിരിക്കുകയും ചെയ്യാൻ പിതാവു എന്നും ശ്രദ്ധ വച്ചിരുന്നു. മതബോധന പ്രവർത്തനപരിപാടികളിൽ സംബന്ധിക്കുവാനും, മാർഗ്ഗനിർദ്ദേശം നൽകുവാനും പിതാവ് എപ്പോഴും താല്പര്യം പ്രകടിപ്പിച്ചിരുന്നു. മതബോധനരംഗത്തെ

ഓരോ പ്രവർത്തകനേയും സ്നേഹിക്കുവാനും, അംഗീകരിക്കുവാനും, അവരുടെ സേവനങ്ങളെ വിലമതിക്കുവാനും പിതാവിനു കഴിഞ്ഞിരുന്നു. മതബോധന പ്രവർത്തനങ്ങൾക്കു പിതാവിന്റെ പൈതൃക പരിലാളന എന്നും ഉണ്ടായിരുന്നു. പിതാവിന്റെ ഇടയലേഖനങ്ങളും ഈ സത്യം വെളിവാക്കുന്നു.

''നമ്മുടെ മതബോധനരംഗം സജീവമാക്കുന്നതിനു ബ. വൈദികർ കഴിഞ്ഞാൽ ഏറ്റവും പ്രധാന ഘടകം നമ്മുടെ മതാദ്ധ്യാപകരാണല്ലോ. അതുകൊണ്ടു പരിശീലനവും, കർമ്മശേഷിയും ക്രിസ്തീയാവബോധവുമുള്ള മതാദ്ധ്യാപകർ ഓരോ ഇടവകയിലും ഉണ്ടായിരിക്കേണ്ടതു ഏറ്റവും ആവശ്യമാണ്.''. (സർക്കുലർ 8/76)

പിതാവിന്റെ വിലപ്പെട്ട സേവനങ്ങളും മതബോധനരംഗത്തു പ്രവർത്തിക്കുന്ന ഓരോരുത്തരുടേയും ഹൃദയങ്ങളിലുണർത്തുന്ന നന്ദിയുടെ വികാരങ്ങളും ഇവിടെ രൂപം നൽകട്ടെ. രൂപതയോടു വിടപറയുന്ന പിതാവിനു ഭാവുകങ്ങളും, ആശംസകളും, പ്രാർത്ഥനാപൂർവ്വം നേരുന്നു. വരുംകാല പ്രവർത്തനങ്ങൾക്കു പിതാവിന്റെ മാർഗനിർദേശങ്ങളും സഹായകമാവട്ടെ.

– ഫാ. ലൂക്കു പീടിയേയ്ക്കൽ
ഡയറക്ടർ

ഫാമിലി അപ്പോസ്റ്റലേറ്റ്

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം ഏറ്റം ശ്രദ്ധിക്കപ്പെട്ടന്ന അജപാലനരംഗങ്ങളിലൊന്നാണ് കുടുംബം. ആധുനിക കുടുംബം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് കൂടുതൽ ആഴത്തിൽ പഠിക്കാനും അവയുടെ മൂലകാരണങ്ങളിലേയ്ക്കിറങ്ങിച്ചെന്നു പരിഹാരമാർഗ്ഗങ്ങം ആരായാനുമുള്ള ശ്രമം വത്തിക്കാൻ കൗൺസിലിലും ആയിരത്തിത്തൊള്ളായിരത്തി എൺപതിലെ സിനഡിലും നാം കാണുന്നുണ്ട്. കുടുംബ പ്രേഷിതത്വം എന്ന ആശയംതന്നെ ഉരുത്തിരിയുന്നതു രണ്ടാംവത്തിക്കാൻ കൗൺസിലിലാണ്. കുടുംബക്ഷേമപരമായ അജപാലന പ്രവർത്തനങ്ങം അവിടെ നിർദ്ദേശിക്കപ്പെട്ടുകയും ചെയ്തു. (G. S. Nos. 49-52) 'കുടുംബം ഒരു കൂട്ടായ്മ' എന്ന ശ്രൈഹികോപദേശത്തിന്റെ അവസാനഭാഗം മുഴുവനും കുടുംബക്ഷേമപരമായ അജപാലന പ്രവർത്തനങ്ങളെ അവതരിപ്പിക്കാനാണ ജോൺ പോം രണ്ടാമൻ വിനിയോഗിക്കുന്നതു.


കൗൺസിലിലും അതിനു ശേഷമുള്ള പ്രാദേശിക സമ്മേളനങ്ങളിലും ഉരുത്തിരിഞ്ഞ അജപാലനപരമായ ആശയങ്ങം ഉൾക്കൊള്ളാൻ ഏറ്റമധികം ശ്രമിച്ച ഒരു രൂപതാധ്യക്ഷനാണ് മാർ ആൻറണി പടിയറ. 1972-ലെ സി. ബി. സി. ഐ. യുടെ തീരുമാനത്തിന്റെ തൊട്ടു പിന്നാലെതന്നെ ചങ്ങനാശേരിയിൽ കുടുംബ പ്രേഷിത പ്രസ്ഥാനം ആരംഭിക്കാൻ പടിയറത്തിരുമേനിക്കു പ്രചോദനം നൽകിയ കാരണം ഇതുതന്നെ. അങ്ങനെ ഭാരതത്തിൽ ആദ്യമായി കുടുംബപ്രേഷിത പ്രസ്ഥാനം ഔദ്യോഗികമായി ആരംഭിച്ച എന്ന ബഹുമതി ചങ്ങനാശേരിക്കു ലഭിച്ചു.

1973 ജൂണിൽ പ്രസ്ഥാനത്തിന്റെ പ്രഥമ ഡയറക്ടറായി നിയമിതനായ അന്തരിച്ച ബ. തോമസ് വീട്ടുവേലിക്കുന്നേലച്ചന്റെ നേതൃത്വത്തിൽ അഞ്ചു വർഷം കുടുംബക്ഷേമ സെമിനാറുകം നടന്നു അദ്ദേഹത്തോടൊത്തു പ്രസ്ഥാനത്തിന്റെ ആരംഭകാലത്തു പ്രവർത്തിച്ച ബ. തോമസ് കുപ്പുച്ചിൻ, സി. ആൽമ കിഴക്കേക്കര എന്നിവരോടൊപ്പം ഈ ലേഖകനും ഉണ്ടായിരുന്നു. സി. ആൽമ കിഴക്കേക്കരയും ആസ്ത്രേലിയായിൽ 'സ്വാഭാവിക കുടുംബ സംവിധാനം' എന്ന വിഷയത്തെക്കുറിച്ചു പഠിക്കാൻ വേണ്ട ക്രമീകരണങ്ങം ചെയ്തുകൊടുത്തതു പടിയറപ്പിതാവാണ്. സിസ്റ്റ

റിന്റെ നേതൃത്വത്തിൽ ചെത്തിപ്പുഴ ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന സ്വഭാവിക കുടുംബ സംവിധാനകേന്ദ്രം ഒരു പക്ഷേ ഇൻഡ്യയിലെ ആദ്യത്തെ അത്തരം കേന്ദ്രങ്ങളിലൊന്നാണ്. കുടുംബ സംവിധാനം സംബന്ധിച്ച സഭയുടെ വീക്ഷണം ഉൾക്കൊണ്ടുകൊണ്ട് ദീർഘവീക്ഷണത്തോടെ പ്രവർത്തിക്കാൻ പടിയറത്തിരുമേനി

യുവജനങ്ങളുടെ കുടുംബജീവിത പരിശീലനം

വിവാഹജീവിതത്തിലേക്ക് കടന്നുവരുന്നവർ തങ്ങൾ സ്വീകരിക്കുന്ന ജീവിതാന്തസ്സിനെക്കുറിച്ച് മനസ്സിലാക്കുകയും ബോദ്ധ്യപ്പെടുകയും ചെയ്യേണ്ടതു് ആവശ്യമാണല്ലോ. ഈ യാഥാർത്ഥ്യം അംഗീകരിച്ച പിതാ



വിവാഹത്തിന്റെ ജൂബിലി ആഘോഷിച്ച ദമ്പതികളെ പിതാവ് അഭിസംബോധന ചെയ്യുന്നു.

ക്ക് കഴിഞ്ഞു എന്നുള്ളതിനു മറ്റു തെളിവുകൾ വേണ്ടല്ലോ. കുടുംബ പ്രേഷിതത്വത്തെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടില്ലാതിരുന്നതിനാൽ ആരംഭകാലത്തു് മറ്റു പ്രവർത്തനങ്ങളൊന്നും നടന്നിരുന്നില്ല. 1978 ജൂൺ മുതൽ ഫാ. ജോസ് ആലഞ്ചേരിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ തുടർന്നു.

വ് 1978-ൽ ഒരു കല്പനയിലൂടെ എല്ലാ യുവതീയുവാക്കന്മാരും കുടുംബ പ്രേഷിത പ്രസ്ഥാനം സംഘടിപ്പിക്കുന്ന ദാമ്പത്യ വിജ്ഞാന സെമിനാറുകളിൽ സംബന്ധിക്കേണ്ടതാണെന്നു നിബന്ധന ചെയ്തു. ഇൻഡ്യയിൽ ഈ നിബന്ധന ആദ്യമായി പ്രയോഗത്തിൽ കൊണ്ടു വന്നതു പതകളിലൊന്നാണ് ചങ്ങ

നാശേരി. 1978 ആഗസ്റ്റു മുതൽ തുടർച്ചയായി കോളജുകളിലും ഇടവകകളിലുമായി നടത്തിയിട്ടുള്ള ന്യൂകണക്കിനു സെമിനാറുകളിൽ സംബന്ധിച്ച ഇരുപതിനായിരത്തോളം യുവതീയുവാക്കന്മാർക്കു് ഫാമിലി അപ്പോസ്റ്റലേറ്റ് സർട്ടിഫിക്കേറ്റുകളും ഇതിനോടകം വിതരണം ചെയ്തിട്ടുണ്ടു്.

കുടുംബ ദിനാചരണവും ഇടയലേഖനങ്ങളും

തിരുക്കുടുംബത്തിന്റെ തിരുന്നാൾ ദിനം ചങ്ങനാശേരിയിൽ കുടുംബദിനമായി ആചരിച്ചു വരുന്നു. 1979-ൽ ആരംഭിച്ച കുടുംബ ദിനാചരണ പരിപാടിയോടനുബന്ധിച്ചു് എല്ലാ വർഷവും പടിയറത്തിരുമേനി ഇടയലേഖനങ്ങൾ എഴുതിയിരുന്നു. അതുപോലെ 1980-ലെ സിനഡിനു് വിശ്വാസികളെ ഒരുക്കുന്നതിനുവേണ്ടി തിരുമേനി തുടർച്ചയായി എഴുതിയ ഇടയ ലേഖനങ്ങളും പ്രത്യേകം ശ്രദ്ധിക്കപ്പെടുകയുണ്ടായി. കുടുംബത്തിന്റെ നേതൃസ്ഥാനത്തു നില്ക്കുന്ന പിതാക്കന്മാരുടെയും മാതാക്കളുടെയും ഔദ്യോഗികപദവികളുടെ മാഹാത്മ്യത്തെയും കടമകളെയുംകുറിച്ചു് പിതാവു് പുറപ്പെടുവിച്ച ഇടയലേഖനങ്ങളും ശ്രദ്ധേയമാണു്. കെ.സി.ബി.സി. 1984-ൽ കുടുംബ ദിനാചരണം ഔദ്യോഗികമായി അംഗീകരിക്കുകയും എല്ലാ രൂപതകളിലും തിരുക്കുടുംബത്തിന്റെ തിരുന്നാൾ ദിവസം കുടുംബ ദിനമായി ആചരിക്കണമെന്നു് ആഹ്വാനം ചെയ്യുകയും ചെയ്തകാര്യം ഇത്തരുണത്തിൽ സ്മരണീയമാണു്.

മാതൃജ്യോതിസ്സും പിതൃവേദിയും

വീട്ടമ്മമാരുടെ സംഘടനയായ മാതൃജ്യോതിസ്സും പിതാക്കന്മാരുടെ പ്രസ്ഥാനമായ പിതൃവേദിയും ആരംഭിക്കുന്നതിനുള്ള അംഗീകാരം നൽകിയതു് പടിയറത്തിരുമേനിയാണു്. 1980-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട മാതൃജ്യോതിസ്സു് ഭാരതത്തിലെ മാതാക്കളുടെ ആദ്യത്തെ സംഘടിത പ്രസ്ഥാനമാണു്. ഇന്നതിനു് 150-പരം ശാഖകളും 9000-ൽ കൂടുതൽ അംഗങ്ങളുമുണ്ടു്. മാതൃജ്യോതിസ്സിന്റെ ഉദ്ഘാടന വേളയിൽ സംഘടിക്കപ്പെട്ട സമൂഹവിവാഹകമ്മത്തിൽ പങ്കെടുത്ത ഇരുപത്തിയഞ്ചു വനിതകൾക്കുകൊടുത്ത അൻപതിനായിരം രൂപയുടെ സാമ്പത്തിക സഹായമത്രയും പിതാവിന്റെ സംഭാവനയായിരുന്നു. 1983-ലാണു് പിതൃവേദി അരങ്ങേറിയതു്. ഇത്തരമൊരു പ്രസ്ഥാനം ഭാരതത്തിൽ മറ്റൊരിടത്തും ഇല്ലെന്നുള്ളതു് എടുത്തുപറയേണ്ടിയിരിക്കുന്നു.

കുടുംബ ജ്യോതിസ്സും കൗൺസലിംഗ് ക്ലിനിക്കും

കുടുംബ ജീവിതത്തെ സംബന്ധിക്കുന്ന നല്ല ഒരു കുടുംബ മാസികയുടെ അഭാവം നികത്താ

നാണ് ഫാമിലി അപ്പോസ്റ്റലേറേറ് 'കുടുംബ ജ്യോതിസ്സ്' ആരംഭിച്ചതു്. പടിയറത്തിരുമേനിയുടെ പ്രത്യേക താല്പര്യമൊന്നു മാത്രമാണ് മാസിക ആരംഭിക്കുന്നതിനുള്ള പ്രധാന പ്രേരകശക്തി. കുടുംബ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള കൗൺസലിംഗ് ക്ലിനിക്കു തുടങ്ങാനും 1978 ജൂണിൽത്തന്നെ ഫാമിലി അപ്പോസ്റ്റലേറേറിനു സാധിച്ചു.

ഹോം ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട്

പടിയറത്തിരുമേനിയുടെ പ്രോത്സാഹനവും അംഗീകാരവും ലഭിച്ചതുകൊണ്ടാണ് ഹോം ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ കഴിഞ്ഞതു്. ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഹോം ലൈഫ് കോഴ്സ്, മാര്യേജ് കൗൺസലിംഗ് കോഴ്സ്, ടീം ടെയിനിംഗ് മുതലായവ തുടർച്ചയായി നടത്തുന്നു. നല്ല വീട്ടമ്മമാരെ പരിശീലിപ്പിച്ചെടുക്കുന്ന ഹോം ലൈഫ് കോഴ്സിൽ സാധാരണക്കാർക്കു സംബന്ധിക്കത്തക്ക രീതിയിലാണ് ഫീസ് ക്രമീകരിച്ചിരിക്കുന്നതു്. ഈ കോഴ്സിന്റെ രണ്ടാം ബാച്ചു് ഇപ്പോഴും പരിശീലനം നേടിക്കൊണ്ടിരിക്കുന്നു. മാര്യേജ് കൗൺസലിംഗ് പരിശീലനത്തിന്റെ ആദ്യ ബാച്ചിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി 20 പേരുണ്ടായിരുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ പതിനാറുപേർ പല സ്ഥലങ്ങളിലായി സേവനമനുഷ്ഠിക്കുന്നുണ്ടു്. ഇരുപത്തിരണ്ടുപേരുംപ്പെട്ട രണ്ടാം ബാച്ചിന്റെ പരിശീലനം ആരംഭിച്ചുകഴിഞ്ഞു. വിവിധ രൂപതകളിൽനിന്നായി എഴുപത്തിയെട്ടുപേർ ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ ടീം ടെയിനിംഗ് നടത്തിയിട്ടുണ്ടു്.

ഉപസംഹാരം

ചങ്ങനാശേരി അതിരൂപതയിലെ കുടുംബ പ്രേഷിത പ്രവർത്തനങ്ങളുടെ ഒരു രൂപരേഖ കുറിക്കുമ്പോൾ, അതിന്റെ ഇപ്പോഴത്തെ ഡയറക്ടറായ ഫാ. ജോസ് ആലഞ്ചേരി പ്രസ്ഥാനത്തിനു നൽകിപ്പോരുന്ന ചലനാത്മക നേതൃത്വത്തെപ്പറ്റി അനുസ്മരിക്കാതിരിക്കുക തികഞ്ഞ കൃതഘ്നതയായിരിക്കും. അഭിവന്ദ്യ പിതാവിന്റെ മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവുമൊഴിച്ചാൽ കുടുംബ പ്രേഷിത പ്രസ്ഥാനത്തിന്റെ ഇന്നത്തെ പുരോഗതിക്കു കാരണം ബ. ആലഞ്ചേരിലച്ചന്റെ വിശ്രമരഹിതവും ത്യാഗപൂർവ്വകവുമായ സേവനങ്ങളാണെന്നു് ആ പ്രസ്ഥാനവുമായി ബന്ധപ്പെട്ട ആരും സമ്മതിക്കും. കുടുംബ പ്രേഷിതത്വമെന്നതു് അവ്യക്തമായ ഒരാശയമായിമാത്രം നിലനിന്ന ആദ്യകാലത്തു്, നിയതമായ ഭാവരൂപങ്ങൾ നൽകി പുതിയ പ്രവർത്തന സരണികൾ കണ്ടെത്തിയും അതിനെ സുവ്യക്തമായ ഒരു കർമ്മ പദ്ധതി

യാക്കിത്തീർക്കുന്നതിൽ ബ. ആലഞ്ചേരിലച്ചൻ നൽകിയ സംഭാവനകളും ഒരിക്കലും വിസ്മരിക്കപ്പെടുകയില്ല. നമ്മുടെ അതിരൂപതയിലെന്നല്ല, കേരളത്തിലെ ഇതര രൂപതകളിലും കുടുംബ പ്രേഷിത പ്രസ്ഥാനത്തിനു് നിർണ്ണായക നേതൃത്വം നൽകാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്.

നമ്മുടെ അതിരൂപതയിലെ കുടുംബ പ്രേഷിതപ്രസ്ഥാനം ഭാരതത്തിൽതന്നെ ഒന്നാം സ്ഥാനത്തെത്തി നില്ക്കുന്നു. പടിയറത്തിരുമേനിയുടെ പ്രോത്സാഹനത്തിന്റെ പിൻബലത്തിൽ വളർന്നു് പന്തലിച്ച ഫാമിലി അപ്പോസ്റ്റലേറേറിന്റെ കീഴിൽ പ്രവർത്തിക്കുന്ന പലഘടകങ്ങളും ഇന്നുണ്ടു്. കുടുംബജീവിതക്കാര്യം വിവാഹാർത്ഥികളുടെ വേണ്ടിയുള്ള സെമിനാറുകളും, മാതാക്കളുടെയും പിതാക്കന്മാരുടെയും പ്രസ്ഥാനങ്ങളും, സ്വാഭാവിക കുടുംബ സംവിധാന പ്രചാരണ വിഭാഗം, കുടുംബ ജ്യോതിസ്സു് മാസിക, കൗൺസിലിംഗു് ക്ലിനിക്കു്, ഹോം ലൈഫു് ഇൻസ്റ്റിറ്റ്യൂട്ടു്, വിവാഹ സഹായനിധി, കുടുംബ ജ്യോതിസ്സു് പ്രസിദ്ധീകരണ വിഭാഗം തുടങ്ങി കുടുംബത്തിന്റെ സമഗ്രപുരോഗതിയെ ലക്ഷ്യം വച്ചുകൊണ്ടു് സേവന മാർഗ്ഗങ്ങൾ അവലംബിക്കുന്നതിൽ, കുടുംബപ്രേഷിത പ്രസ്ഥാനത്തിനു് അഭിവന്ദ്യ പടിയറത്തിരുമേനിയുടെ വാത്സല്യപൂർവ്വകമായ സഹകരണവും പ്രോത്സാഹനവും ഉത്തേജനവും വലിയൊരു പ്രേരകശക്തിതന്നെയായിരുന്നു.

—ഫ്രാഹ. ജോസഫ് അഞ്ചനാട്ട്

പ്രേഷിതത്വം

യുവാക്കൾക്കും കുട്ടികൾക്കും വേണ്ടി

സഭയെസ്സംബന്ധിച്ചിടത്തോളം സങ്കീർണ്ണവും വ്യാപദേശവുമായ പ്രശ്നങ്ങളും ഉള്ളവാക്കുന്നതും അതുപോലെതന്നെ ഫലവത്തായ വളരെയേറെ സാദ്ധ്യതകളും ഒളിഞ്ഞുകിടക്കുന്നതുമായ ഒന്നാണ് യുവാക്കൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പ്രേഷിത പ്രവർത്തന രംഗം. ഈ രംഗത്തു പ്രവർത്തിക്കുന്ന പല സംഘടനകളും കേരള കത്തോലിക്കാ സഭയിലുണ്ട്. പല പേരുകളിൽ അറിയപ്പെടുന്ന യുവജനപ്രസ്ഥാനങ്ങളും, കെ.സി.എസ്. എൽ., മിഷൻലീഗ് എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ. ചങ്ങനാശേരി അതിരൂപതയിൽ കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തു് ഈ സംഘടനകളും കാഴ്ചവച്ച പ്രവർത്തനങ്ങളിലേക്കു് എത്തിനോക്കുകമാത്രമാണ് ഈ ഹ്രസ്വ ലേഖനത്തിന്റെ ഉദ്ദേശ്യം. അതിരൂപതാദ്ധ്യക്ഷനായ അഭിവന്ദ്യപിതാവു് മാർ ആൻറണി പടിയറ എറണാകുളം മെത്രാപ്പോലീത്തയായി സ്ഥലം മാറിപ്പോകുന്ന ഈ അവസരത്തിൽ അപ്രകാരമൊരു എത്തിനോട്ടം സന്ദർഭോചിതമെന്നുകരുതുന്നു.

യുവദീപ്തി

മനുഷ്യജീവിതത്തിൽ യുവത്വാവസ്ഥയുടെ പ്രാധാന്യത്തെ അതിവർണ്ണനചെയ്യുക സാദ്ധ്യമല്ല. പക്ഷേ സഭോജീവിതത്തിൽ യുവജനസമൂഹത്തെ, അതർഹിക്കുന്ന പ്രാധാന്യത്തോടെ കഴിഞ്ഞ കാലങ്ങളിൽ അംഗീകരിച്ചിരുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. എന്നാൽ കാലഘട്ടത്തിന്റെ ചുവരെഴുത്തുകളും മനസ്സിലാക്കിക്കൊണ്ടു് 1972ൽ ചങ്ങനാശേരി അതിരൂപതയിൽ അഭിവന്ദ്യ പിതാവു് മാർ ആൻറണി പടിയറ 'യുവദീപ്തി' എന്ന പേരിൽ ഒരു കത്തോലിക്കാ യുവജന പ്രസ്ഥാനത്തിനു് രൂപം കൊടുത്തു. അന്നു് സഹായ മെത്രാനായിരുന്ന അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ തിരുമേനിയുടെ ധിഷണാ വൈഭവം ഈ രൂപപ്പെടുത്തലിന്റെ പിന്നിലുണ്ടായിരുന്നു. 'ജനതകളുടെ പ്രകാശ'മായ ക്രിസ്തുവിന്റെ ദീപ്തിയിൽ സകല മനുഷ്യരേയും പ്രകാശിപ്പിക്കുകയെന്നതാകുന്നു യുവദീപ്തിയുടെ ലക്ഷ്യം. സുവിശേഷാദർശങ്ങൾക്കനുസൃതമായ ഒരു യോഗക്ഷേമ സമൂഹത്തിനു രൂപം കൊടുത്തുകൊണ്ടായിരിക്കണം ഈ ലക്ഷ്യം പ്രാപിക്കേണ്ടതു്. 'ഇടവകയിലൂടെ ലോകത്തെ നവീകരിക്കുക' എന്നതാണ് യുവദീപ്തിയുടെ മുദ്രാവാക്യം. അംഗീകരിക്കപ്പെട്ട നിയമാവലിയുടെ സംരക്ഷണത്തിൽ, അതിരൂപതയിലെ മിക്കവാറും എല്ലാ ഇടവക

കളിലും യുവദീപ്തി യൂണിറ്റുകളും പ്രാബല്യത്തിൽ വന്നു. പതിനേഴിനും മുപ്പത്തഞ്ചിനും ഇടയ്ക്കു പ്രായമുള്ള ഇടവകയിലെ യുവതീയുവാക്കളാണ് യുവദീപ്തിയുടെ അംഗങ്ങൾ. യുവാക്കൾക്കും യുവതികൾക്കും വേണ്ടി യഥാക്രമം A,B യൂണിറ്റുകളും ഇടവകകളിൽ പ്രവർത്തിച്ചു വരുന്നു. ഇപ്പോൾ അതിരൂപതയിൽ 200–ൽ അധികം യൂണിറ്റുകളും ആയിരക്കണക്കിനു് അംഗങ്ങളും ഈ സംഘടനയിലുണ്ട്.

അംഗങ്ങളുടെ ആദ്ധ്യാത്മികവും മാനസികവും കലാപരവും സാംസ്കാരികവുമായ ഉന്നമനത്തിനുതകുന്ന പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കുവാനും അതുവഴി സമൂഹത്തിനു് ആവുന്നത്ര പുരോഗതി കൈവരുത്തുവാനും യുവദീപ്തി എക്കാലവും പരിശ്രമിച്ചിട്ടുണ്ട്. പ്രാർത്ഥനാ പഠനക്യാമ്പുകൾ, സെമിനാറുകൾ, ചർച്ചാവേദികൾ, പഠനക്കളരികൾ, കായികകലാമത്സരങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു് മൂല്യബോധമുള്ളൊരു യുവജനനേതൃത്വനിരയെ വാർത്തെടുക്കുവാൻ യുവദീപ്തി പ്രവർത്തിക്കുന്നു. വർഷംതോറും ഫൊറോനായുടെ അടിസ്ഥാനത്തിൽ പ്രാർത്ഥനാ പഠനക്യാമ്പുകൾ നടത്തിവരുന്നു. കറകളഞ്ഞ വിശ്വാസവും സംശയാതീതമായ സ്വഭാവശുദ്ധിയും അംഗങ്ങൾക്കുണ്ടായിരിക്കണമെന്ന ഉത്തമബോദ്ധ്യത്തോടെയാണു് യുവദീപ്തി പ്രാർത്ഥനാ പഠനക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിക്കുന്നതു്. ക്രിസ്തീയ വിശ്വാസ സംഹിതയുടെ അടിസ്ഥാന പ്രമേയങ്ങൾ ഇവിടെ വിശകലനം ചെയ്യപ്പെടുന്നു.

വിശ്വാസപരമായ ജീവിതത്തോടൊപ്പംതന്നെ, യുവജനങ്ങൾ ശ്രദ്ധിക്കുന്നതിനായി പ്രതികരിക്കുന്ന ഇതര രംഗങ്ങളുമുണ്ട്. സാമൂഹികവും രാഷ്ട്രീയവുമായ പ്രതികരണം ആവശ്യപ്പെടുന്ന അത്തരത്തിലുള്ള രംഗങ്ങളും യുവദീപ്തിക്കു് അന്യമല്ല. അതുകൊണ്ടു് യുവദീപ്തി ആനുകാലിക പ്രശ്നങ്ങളെ സംബന്ധിച്ചു് ചർച്ചാവേദികളും ഡിബേറ്റുകളും മറ്റും നടത്തിവരുന്നു. രാഷ്ട്രീയ മൂല്യത്തകർച്ചയെക്കുറിച്ചു് അടുത്ത നാളിൽ യുവദീപ്തി കോട്ടയത്തുവെച്ചു നടത്തിയ ചർച്ചാവേദി പൊതുജനശ്രദ്ധയെ വളരെയേറെ ആകർഷിച്ചുവെന്നതു് ഈയവസരത്തിൽ പ്രസ്താവ്യമാണ്.

സാമൂഹിക രംഗത്തു് ദരിദ്രരെയും പാവപ്പെട്ടവരെയും സഹായിക്കുവാൻ യുവദീപ്തി യൂണിറ്റുതലങ്ങളിൽ തുടങ്ങിമുന്നോട്ടു വന്നു കൊണ്ടിരിക്കുന്നു. ഭവന നിർമ്മാണം, വിദ്യാഭ്യാസ സഹായം, ചികിത്സാ സഹായം തുടങ്ങിയ ജീവകാരുണ്യപ്രവർത്തനരംഗത്തു് യുവദീപ്തി പിന്നിലല്ലാതെ നിലകൊള്ളുന്നു.

യുവജനങ്ങളുടെ കലാകായിക

സാദ്ധ്യതകളെ വെളിപ്പെടുത്താനുതകുന്ന രംഗവേദികളും യുവദീപ്തി വിവിധതലങ്ങളിൽ ഒരുക്കാറുണ്ട്. ചിത്രരചനാക്യാമ്പുകളും, സാഹിത്യ പഠനക്കളരികളും, വർക്കുക്യാമ്പുകളും തുടങ്ങിയവ ഉദാഹരണങ്ങളാണ്.

കെ. സി. എസ്. എൽ.

വിദ്യാഭ്യാസ രംഗത്തു് ഏറ്റവും മുൻപന്തിയിൽ നിലകൊള്ളുന്ന സ്റ്റേറ്റുകളിൽ ഒന്നാണു് കേരളം. സ്വകാര്യമേഖലയിൽ നടത്തപ്പെടുന്ന സ്കൂളുകളിൽ ബഹുഭൂരിപക്ഷവും കത്തോലിക്കരുടേതാണു്. ചങ്ങനാശേരി അതിരൂപതയിലെ കോർപ്പറേറ്റു് മാനേജുമെൻറിൻെറ കീഴിൽ തന്നെ 30 ഹൈസ്കൂളുകളും 15 യു.പി. സ്കൂളുകളും 43 എൽ.പി. സ്കൂളുകളുമുണ്ടു്. HS, UP വിഭാഗങ്ങളിലെ ആയിരക്കണക്കിനു വിദ്യാർത്ഥികളും കേരള കത്തോലിക്കാ വിദ്യാർത്ഥിസഖ്യത്തിലെ (കെ. സി. എസ്. എൽ.) അംഗങ്ങളാണു്.

അരനൂറ്റാണ്ടിലേറെ പഴക്കമുള്ള ഈ സംഘടന, ആധുനിക ജീവിതവുമായി ഏറ്റുമുട്ടുന്ന വിദ്യാർത്ഥികളുടെ തലമുറയെ ആദ്ധ്യാത്മികവും വൈജ്ഞാനികവും കലാകായികപരവുമായ രംഗങ്ങളിൽ സുരക്ഷിതരാക്കി ക്രൈസ്തവോചിതമായ ധീരതയോടെ രംഗത്തിറക്കുക എന്ന മഹായജ്ഞത്തിൽ ഏർപ്പെട്ടിരിക്കുന്നു.

വിശ്വാസം, പഠനം, സേവനം എന്നിവയാണു് സംഘടനയുടെ മുദ്രാവാക്യം. സഭയ്ക്കും സമൂഹത്തിനും നന്മപകരുവാൻ അറിവും വിശ്വാസവും സേവനസന്നദ്ധതയുമുള്ള യുവതലമുറ മുന്നോട്ടു വരേണ്ടതിൻെറ ആവശ്യകത മനസ്സിലാക്കിയാണു് കെ. സി. എസ്. എൽ. പ്രവർത്തിക്കുന്നതു്. ദൈവവിളിക്യാമ്പുകളും സ്റ്റഡി ഓറിയൻേറഷൻ ക്യാമ്പുകളും തുടങ്ങിയവ ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു. ചങ്ങനാശേരി അതിരൂപതയുടെ കോർപ്പറേറ്റു് മാനേജുമെൻറിൻെറ കീഴിലുള്ള എല്ലാ ഹൈസ്കൂളുകളിലും യു.പി. സ്കൂളുകളിലും ഈ സംഘടന പ്രവർത്തിച്ചുവരുന്നു. യു.പി. സ്കൂളുകളിൽ സംഘടന സ്ഥാപിതമായതു് ചങ്ങനാശേരിയിൽ ഈ അടുത്ത കാലത്താണു്.

ചെറുപുഷ്പ മിഷൻലീഗ് (CML)

'ഭാരത രക്ഷ ഭാരത മക്കളിൽ' എന്ന 13-ാം ലെയോ മാപ്പ്പ്പാപ്പായുടെ പ്രവചനപരമായ വാക്കുകളും അനുസ്മരണാർത്ഥമാക്കുക എന്ന ലക്ഷ്യത്തോടെ 1947-ൽ രൂപംകൊണ്ട ഒരു ഭക്തസംഘടനയാണു് മിഷൻലീഗ്. അതിൻെറ ഉപജ്ഞാതാക്കളിൽ പ്രമുഖൻ ചങ്ങനാശേരി അതിരൂപതയുടെതന്നെ സന്താനമായ ബ. ജോസഫ് മാലിപ്പറമ്പിലാണെന്ന കാര്യം ഈയവസരത്തിൽ പ്രത്യേകം പ്രസ്താവ്യമാണു്. വിസ്മയാവഹമായ വളർച്ച നേടിയ മിഷൻലീഗ്

ഇന്ന് കേരളത്തിലെ എല്ലാ രൂപതകളിലും കേരളത്തിനു പുറത്തും അനേകായിരം അംഗങ്ങളെ ഉൾക്കൊണ്ടുകൊണ്ട് പടർന്നുപന്തലിച്ചു നില്ക്കുന്നു.

സ്നേഹം, ത്യാഗം, സേവനം, സഹനം എന്നിവയാണ് മിഷൻ ലീഗിന്റെ മുദ്രാവാക്യം. പ്രേഷിത പ്രവർത്തനം നടത്തുക, വ്യക്തിത്വവികാസം പ്രാപിക്കുക എന്നിവയാണ് സംഘടന ലക്ഷ്യം വയ്ക്കുന്നത്. നേതൃത്വവും നിർദ്ദേശങ്ങളും നല്കുവാൻ മുതിർന്നവർ ഉണ്ടെങ്കിലും ചങ്ങനാശേരി അതിരൂപതയിൽ 17 വയസ്സിനു താഴെയുള്ളവരാണ് ഈ സംഘടനയിലെ അംഗങ്ങളും. ഇതര രൂപതകളിലെ പ്രവർത്തനശൈലിയിൽ നിന്ന് അല്പം വ്യത്യാസം ഇവിടെയുണ്ട്.

പ്രാർത്ഥനയും ത്യാഗപ്രവൃത്തികളും വഴി മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുന്നതിൽ മിഷൻ ലീഗ് എന്നും മുമ്പന്തിയിൽത്തന്നെ നില്ക്കുന്നു. ആദ്ധ്യാത്മികവും സാമൂഹികവും സാംസ്കാരികവും മാനസികവുമായ മണ്ഡലങ്ങളിൽ സമഗ്രവികാസം പ്രാപിക്കുന്നതിനും അംഗങ്ങളെയും അന്യരെയും സഹായിക്കുന്നതിനുതകുന്ന കർമ്മപരിപാടികളും മേഖലാതലങ്ങളിലും അതിരൂപതാതലത്തിലും ആവിഷ്കരിച്ച് മിഷൻ ലീഗ് നടപ്പാക്കിവരുന്നു. ക്യാമ്പുകളും, സെമിനാറുകളും, പ്രാർത്ഥനായോഗങ്ങളും തുടങ്ങിയവ സംഘടിപ്പിക്കുക സാധാരണയാണ്.

യുവദീപ്തി, കെ.സി.എസ്. എൽ., മിഷൻലീഗ് എന്നീ സംഘടനകളും, അഭിവന്ദ്യ പിതാവ് മാർ ആൻറണി പടിയറയുടെ ഭരണകാലം മുഴുവൻ അദ്ദേഹത്തിൽ നിന്നും നിർല്ലോഭമായ സഹായ സഹകരണങ്ങളും പ്രോത്സാഹനവും പൈതൃകമായ സ്നേഹവും സ്വീകരിച്ചിട്ടുണ്ടെന്നും പ്രസ്താവിക്കുവാൻ എനിക്കു സന്തോഷമുണ്ട്. ഈ സംഘടനകളുടെ പേരിൽ ഹൃദയപൂർവ്വകമായ നന്ദി അദ്ദേഹത്തിനു ഞാൻ രേഖപ്പെടുത്തുന്നു. മാർ ആൻറണി പടിയറ തിരുമേനിയുടെ ഭരണകാലത്ത് അദ്ദേഹത്തിന്റെ കീഴിൽ ഈ സംഘടനകളെ നയിച്ച ബ. വൈദികരെയും സംഘടനാ നേതാക്കളെയും ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. ചങ്ങനാശേരി അതിരൂപതയിലെ യുവതീയുവാക്കളും കുട്ടികളും ഒന്നുചേർന്ന് അഭിവന്ദ്യ പിതാവ് വിടപറയുംമുമ്പ് പുത്രനിർവ്വിശേഷമായ സ്നേഹാദരവുകളോടെ അദ്ദേഹത്തിന്റെ മുമ്പിൽ കൈകൂപ്പി നില്ക്കുന്നു.

— ഫാ. ചാക്കോ വലിയവീട്ടിൽ
ഡയറക്ടർ

സാമൂഹ്യസേവനരംഗം

സാമൂഹ്യ പ്രവർത്തന രംഗത്തു പരമ്പരാഗതമായി നിലനിന്നു വന്നിരുന്ന നിർദ്ധനരെ സഹായിക്കുക എന്ന ധാരണയ്ക്കു് ഇന്നു വളരെയധികം മാറ്റങ്ങൾ വന്നിട്ടുണ്ടു്. വികസനത്തിന്റെ മേഖലകൾ കണ്ടുപിടിച്ചു് സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിലൂടെയും വിദ്യാഭ്യാസ പരിപാടികളിലൂടെയും അവരെ ഉത്കർഷത്തിനു് സജ്ജരാക്കുക എന്നതാണു് സാമൂഹ്യ സേവനരംഗത്തു് നാം ചെയ്യുവാനുള്ളതു്. അവികസിതാവസ്ഥയുടെ കാരണങ്ങൾ കണ്ടുപിടിക്കുക, അപഗ്രഥിക്കുക, പരിഹാരമാർഗ്ഗങ്ങൾ തേടുക, അവ നടപ്പിലാക്കി പ്രവർത്തനക്ഷമത വീലയിരുത്തുക, വർദ്ധിത ശക്തിയോടെ പ്രവർത്തനങ്ങൾ തുടരുക ഇവയെല്ലാം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ലക്ഷ്യങ്ങളാണു്.

ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി അതിരുപതാതലത്തിൽ നടന്നുവരുന്ന വിവിധ പ്രവർത്തന മേഖലകളിലേക്കു ഈയവസരത്തിൽ ഒന്നെത്തിനോക്കുക സന്ദർഭോചിതമാകുമെന്നു കരുതുന്നു. സാമൂഹ്യക്ഷേമ രംഗത്തു് യഥാകാലങ്ങളിൽ അഭിവന്ദ്യ പിതാവിൽ നിന്നു് ലഭിച്ച നിർല്ലോഭമായ സഹായസഹകരണങ്ങൾക്കും നിർദ്ദേശങ്ങൾക്കും കൃതജ്ഞതയർപ്പിച്ചുകൊണ്ടു് ഈ രംഗത്തെ പ്രവർത്തനങ്ങൾ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കട്ടെ.

സാമൂഹ്യക്ഷേമ പ്രവർത്തന രംഗത്തു് വികസന വിദ്യാഭ്യാസ പരിപാടികൾക്കു സമുന്നത സ്ഥാനമുണ്ടു്. ദുർബല വിഭാഗത്തിൽപ്പെട്ട അമ്മമാർ, ചെറുകിട വ്യവസായ യൂണിറ്റുകൾ, ഗ്രാമവികസന സമിതികൾ തുടങ്ങിയ ഗ്രൂപ്പുകൾ ഈ പരിപാടിയുടെ അടിസ്ഥാന തലങ്ങളായി വർത്തിക്കുന്നു.

ഗ്രാമ വികസനം

''ഗ്രാമങ്ങളിലാണു് ഭാരത ത്തിന്റെ ആത്മാവു്'' എന്നു് മഹാത്മജി പറയുകയുണ്ടായി. ഈ ഗ്രാമങ്ങളിലെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുകയെന്നുള്ളതു് സാമൂഹ്യവികസന പ്രവർത്തനത്തിന്റെ പരമപ്രധാനമായ ലക്ഷ്യമാണു്. കുടിവെള്ളത്തിന്റെ ദുർല്ലഭ്യം, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത, തുടങ്ങിയ ആവശ്യങ്ങൾ ഗ്രാമീണജനതയെ മഥിക്കുന്ന പ്രശ്നങ്ങളാണു്.

കഴിഞ്ഞ 15 വർഷങ്ങൾക്കുള്ളിൽ ശുദ്ധജലവിതരണം, ഭവന നിർമ്മാണം, പ്രധാന പാതകളോടു് ഗ്രാമങ്ങളെ ബന്ധിപ്പിക്കുന്ന റോഡുനിർമ്മാണം, തുടങ്ങിയ രംഗങ്ങളിൽ അഭിനന്ദനാർഹമായ സംഭാവനകൾ നൽകാൻ പ്രസ്ഥാനത്തിനു്

കഴിഞ്ഞിട്ടുണ്ട്. ഗ്രാമീണരിൽ നിന്നുള്ള പിരിവുകളും, പഞ്ചായത്തുകളും, ബ്ലോക്കുകളും, തുടങ്ങിയ തലങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങളും, CRS, കാരിത്താസ് ഇന്ത്യ, ഐ. ജി. എസ്സ്. എസ്സ്., തുടങ്ങിയ ഏജൻസികളുടെ സഹായം, നിസ്വാർത്ഥരായ നമ്മുടെ ആളുകളുടെ സഹകരണം ഇവയെല്ലാം ഈ പ്രവത്തനങ്ങളുടെ പിന്നിൽ ഉണ്ടായിരുന്നു.

കാർഷികവികസനം

ചെറുകിട കർഷകരായ ഭൂരിഭാഗം ജനങ്ങളുടെ പുരോഗതി ലക്ഷ്യമാക്കിയുള്ള കാർഷിക വികസനപരിപാടികൾക്കു പ്രത്യേക പ്രാധാന്യം നല്കിയിട്ടുണ്ട്. മേൽത്തരം വിത്തുകളും തൈകളും ന്യായമായ വിലയ്ക്കു കർഷകർക്കു് എത്തിച്ചുകൊടുക്കുക, കാർഷികരംഗത്തു് ശാസ്ത്രീയ പരിശീലനം നല്കുക, പ്രാദേശിക നഴ്സറികൾ സ്ഥാപിക്കുക തുടങ്ങിയ പല പദ്ധതികളും ആവിഷ്ക്കരിച്ചു് നടപ്പാക്കിവരുന്നു. കോട്ടയത്തു് M.O.C. യിലുള്ള നഴ്സറിയും പരിശീലനകേന്ദ്രവും ഈ രംഗത്തു് ആദ്യചുവടുവയ്പ്പായിരുന്നു.

സ്ത്രീ ജനങ്ങളെ പ്രത്യേകമായി ലക്ഷ്യം വെച്ചു് മൃഗസംരക്ഷണ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഒഴിവുസമയം ഫലപ്രദമായി ചെലവിടുന്നതോടൊപ്പം കുടുബവരുമാനത്തിന്റെ വർദ്ധനവു്, അടുക്കളത്തോട്ടനിർമ്മിതി എന്നിവയും ഇതു് പ്രേരകമാകുന്നു.

സാങ്കേതിക പരിശീലനം

സാങ്കേതിക പരിശീലനംഇന്നിന്റെ ഒരാവശ്യമായി മാറിയിരിക്കുകയാണു്. ഈ ആവശ്യം മുന്നിൽ കണ്ടുകൊണ്ടാണു് സാങ്കേതിക പരിശീലനത്തിനു നമ്മൾ മുൻതൂക്കം നല്കിയിട്ടുള്ളതു്. നമ്മുടെ അതിരൂപതയിൽ ഗവൺമെന്റ് അംഗീകാരമുള്ള മൂന്നു് I.T.C. കൾ ഇപ്പോൾ പ്രവർത്തിക്കുന്നു. തയ്യലിലും വസ്ത്രനിർമ്മാണത്തിലും പരിശീലനം നല്കുന്ന 36 കേന്ദ്രങ്ങളും നമുക്കുണ്ട്. തൊഴിൽ പരിശീലനം നല്കുന്ന മറ്റു പല കേന്ദ്രങ്ങളും നമുക്കുണ്ട്.

തൊഴിൽ കേന്ദ്രങ്ങൾ


രൂക്ഷമായ തൊഴിലില്ലായ്മ ഒരു പരിധിവരെയെങ്കിലും പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണു് നാം തൊഴിൽ പരിശീലന കേന്ദ്രങ്ങളോടൊപ്പം ഉല്പാദനകേന്ദ്രങ്ങൾകൂടിയുണ്ടാക്കുവാൻ തീരുമാനിച്ചതു്. ഇന്നു് നമ്മുടെ അതിരൂപതയിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന പല ഉല്പാദന കേന്ദ്രങ്ങളുമുണ്ട്. എടത്വായിലെ പീയൂസ് X ഇൻഡസ്ട്രിയൽ ടെയിനിംഗ് സെൻറിനോടനുബന്ധിച്ചു് ഈശോസഭക്കാരുടെ നേതൃത്വത്തിൽ പ്രവത്തിക്കുന്ന പ്രൊഡക്ഷൻ സെൻറും തയ്യലിലും വസ്ത്രനിർമ്മാണത്തിലും സ്വന്തമായ പേരെടുത്ത ചങ്ങനാശേരിയിലെ

കോപ്പ്ടാക്കും, കന്യാകുമാരി മിഷനിൽ മുഞ്ചിറയിൽ പ്രവത്തിക്കുന്ന കയറുപായ്പ് നിർമ്മാണശാലയും സൂസൈപുരത്തെ പനബ്രഷ് നിർമ്മാണകേന്ദ്രവും ഈ മേഖലയിൽ പേരെടുത്തു പറയാവുന്ന സ്ഥാപനങ്ങളാണ്.

ഖാദി-ഗ്രാമ വ്യവസായങ്ങൾ

തുച്ഛമായ വരുമാനം മാത്രമുള്ള കുടുംബങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ യൂണിറ്റു പ്രവർത്തിക്കുന്നതു്. ഖാദിവസ്ത്രം, സോപ്പ് കാപ്പിപ്പൊടി, തീപ്പെട്ടി തുടങ്ങിയവയുടെ നിർമ്മാണം വളരെപ്പേർക്കു തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നു.

ലഘുനിക്ഷേപപദ്ധതിയുടെ ലക്ഷ്യമാകട്ടെ ബാങ്കുകളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ എല്ലാവരേയും പഠിപ്പിക്കുകയെന്നതാണ്.



HCMS ന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന പ്രിന്റിംഗ് പ്രസിന്റെ ശിലാസ്ഥാപനകർമ്മം അഭിവന്ദ്യ പിതാവ് നിർവ്വഹിക്കുന്നു

അതിരൂപതയിലെ ആരോഗ്യവകുപ്പിൽ 27 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കു മുൻതൂക്കം നല്കിക്കൊണ്ടുള്ള പദ്ധതികളാണ് പ്രധാനമായും അവിടെ നടക്കുന്നതു്.

സമൂഹത്തിലെ ദുർബ്ബലവിഭാഗത്തിൽപ്പെട്ട അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യ സംരക്ഷണത്തിനു് പരമപ്രധാനമായ സ്ഥാനം എന്നും നല്കി കൊണ്ടാണിരിക്കുന്നതു്. പ്രതിവർഷം എണ്ണായിരത്തോളം കുടുംബങ്ങൾക്കു ഇതിന്റെ സഹായം ലഭിക്കുന്നുണ്ടു്.

ജീവകാരുണ്യനിധി

സാമൂഹ്യപ്രവർത്തനത്തിന്റെ ഒരു ഭാഗമായി പ്രവർത്തിക്കുന്ന ജീവകാരുണ്യനിധി സ്വയം തൊഴിൽ കണ്ടെത്തൽ, ചികിത്സ തുടങ്ങിയവയ്ക്കുള്ള സഹായങ്ങളാണു് നല്കുന്നതു്. ക്രിസ്മസ്സു് ദിനത്തിൽ ഇടവകകളിൽ നടത്തുന്ന കവർ പിരിവാണു് പ്രധാന ധനാഗമമാർഗ്ഗം. വന്ദ്യപിതാവിന്റെ ഇടയലേഖനങ്ങളിലൂടെ ദൈവജനത്തിന്റെ സഹകരണം അഭ്യർത്ഥിച്ചുകൊണ്ടുള്ള ആഹ്വാനങ്ങളും ഈ അവസരത്തിൽഏറ്റം കൃതാർത്ഥതയോടെ ഞങ്ങൾ അനുസ്മരിക്കുകയാണു്.

ലോൺ സ്കോളർഷിപ്പ് സ്കീം

സാധു കുടുംബങ്ങളിലെ സമർത്ഥരായ വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കുവേണ്ടിയുള്ളഈ പദ്ധതി അഭിവന്ദ്യ പിതാവിന്റെ ജൂബിലി സ്മാരകമായി സ്ഥാപിതമായതാണു്. ഒട്ടേറെ വിദ്യാർത്ഥികൾക്കു ഇതിന്റെ സഹായങ്ങൾ ലഭ്യമായിട്ടുണ്ടു്.

ഭാഗ്യസ്മരണാർഹനായ കാവുകാട്ടു തിരുമേനിയുടെ അനുഗ്രഹാശ്ശിസ്സുകളോടെ പ്രവർത്തനം ആരംഭിച്ച ചങ്ങനാശേരി സോഷ്യൽ സർവ്വീസു് സൊസൈറ്റിയ്ക്കു കഴിഞ്ഞൊന്നര ദശകം കൊണ്ടുവികസനത്തിന്റെ എല്ലാ മേഖലകളിലേയ്ക്കും ആഴ്ന്നിറങ്ങാനും മഹത്തായ നേട്ടങ്ങൾ കൈവരിക്കാനുംസാധിച്ചിട്ടുണ്ടു്. സൊസൈറ്റിയുടെ രക്ഷാധികാരി കൂടിയായ അഭിവന്ദ്യ മാർ ആൻറണി പടിയറയുടെ പൈതൃകമായ വാത്സല്യവും നിർലോഭമായ സഹായസഹകരണങ്ങളും കൊണ്ടു മാത്രമാണു് ഈ മേഖലയിൽ ഇത്രയും കാര്യങ്ങൾ ചെയ്തുതീർക്കുവാൻ നമുക്കു സാധിച്ചതു്. അഭിവന്ദ്യപിതാവിൽ നിന്നും ലഭിച്ച പ്രചോദനം സൊസൈറ്റിയുടെ ഭാവി പ്രവർത്തനങ്ങളെ വിജയത്തിലെത്തിക്കുമെന്നുറപ്പുണ്ടു്. അവിടുത്തെ അനുഗ്രഹദായകമായ നേതൃത്വത്തിനും നിർലോഭമായ സഹായങ്ങൾക്കും ഗുണഭോക്താക്കളോടു ചേർന്നു് ചങ്ങനാശേരി സോഷ്യൽസർവീസു് സൊസൈറ്റിയുടെ കൃതജ്ഞത അർപ്പിക്കുന്നു. മംഗളങ്ങൾ നേരുന്നു.

— ഫാ. ഫിലിപ്പ് വൈക്കത്തുകാരൻവീട്ടിൽ
ഡയറക്ടർ

ചങ്ങനാശേരി അതിരൂപതയിലെ പൊതു വിദ്യാഭ്യാസ രംഗം

ക്രൈസ്തവ സഭ ദൗത്യബോധത്തോടെയാണ് വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നത്. 1887-ൽ കോട്ടയം വികാരിയാത്തും 1896-ൽ ചങ്ങനാശേരി രൂപതയും സ്ഥാപിക്കുന്നതിന് മുൻപുതന്നെ, ഇടവകകളുടെയും സന്യാസാലയങ്ങളുടെയും ആഭിമുഖ്യത്തിൽ സ്കൂളുകളും സ്ഥാപിക്കുന്നതിലും എല്ലാ ജാതി മത സ്ഥർക്കും പ്രവേശനം നൽകി വിദ്യാദാനം നൽകുന്നതിലും സഭ ശ്രദ്ധിച്ചിരുന്നു. ഗവൺമെൻറിൻെറ പ്രേരണയും അംഗീകാരവും തുച്ഛമായ ധനസഹായവും മാത്രമാണ് അന്നു ലഭിച്ചിരുന്ന പ്രോത്സാഹനം. സെക്കൻഡറി മേഖലയിൽ ആദ്യം മാന്നാനം സെൻറ് എഫ്രേംസ് ഹൈസ്കൂളും (1884) പിന്നീട് ബിഷപ്പ് ചാർൾസ് ലവീഞ്ഞ്, ചങ്ങനാശേരി സെൻറ് ബർക്കുമാൻസ് ഹൈസ്കൂളും (1891) ആരംഭിച്ചു. 1950-ൽ ചങ്ങനാശേരി രൂപത വിഭജിച്ച്, പാലാ രൂപത യുണ്ടാകുമ്പോൾ ആകെ നൂറിൽപരം വിദ്യാലയങ്ങൾ രൂപത വകയായി ഉണ്ടായിരുന്നു.

പ്രൈവറ്റ് സ്കൂളുകളുടെ പ്രവർത്തനത്തിന് ഏകീകൃത രൂപവും ക്രമവും ഉണ്ടായത് 1951-ൽ ഗവൺമെൻറ് നടപ്പാക്കിയ P. S. S. സ്കീം വഴിയാണ്. ഇതോടെ പല സ്കൂളുകളും ഒരു കോർപ്പറേറ്റ് ഏജൻസിക്കു കീഴിൽ പ്രവർത്തിച്ചു തുടങ്ങി. ചങ്ങനാശേരി രൂപതയിലെ വിദ്യാലയങ്ങളും മിക്കവയും 1953-ൽ കോർപ്പറേറ്റ് മാനേജുമെൻറിൽ സംഘടിപ്പിക്കപ്പെട്ടു. ഇതിനു അനുവാദവും പ്രചോദനവും നൽകിയത് അ. വ. കാവുകാട്ടു പിതാവാണ്. 1959-ൽ കേരള വിദ്യാഭ്യാസ നിയമം നടപ്പിലായി. നിയമനം, സ്ഥലം മാറ്റം, പ്രൊമോഷൻ, ഗ്രാൻറ് വാങ്ങൽ ഇവയ്ക്കുള്ള അധികാരം ആർച്ചുബിഷപ്പിൽ നിക്ഷിപ്തമായി. മാനേജുമെൻറുകൾക്ക് അംഗീകാരവും ലഭിച്ചു. മാനേജ്മെൻറ് ഓഫീസ് എസ്. ബി. ഹൈസ്കൂളിൽ പ്രവർത്തിച്ചു വന്നു.

1956-ൽ ചങ്ങനാശേരി അതിരൂപതയായി, കാവുകാട്ടു പിതാവ് അതിൻെറ പ്രഥമ ആർച്ചുബിഷപ്പും. 1962-ൽ കോർപ്പറേറ്റ് മാനേജ്മെൻറ് ഓഫീസ് സെൻറ് ബർക്കുമാൻസ് ഹൈസ്കൂളിൽ നിന്നും അരമനവളപ്പിലേക്കു മാറ്റി

സ്ഥാപിച്ചു. 1967-ൽ മാനേജ്മെന്റിന് ഒരു കോൺസ്റ്റിറ്റ്യൂഷൻ തയ്യാറാക്കി അംഗീകാരം വാങ്ങി. 1970-ൽ മാർ ആന്റണി പടിയറ ആർച്ചുബിഷപ്പായി സ്ഥാനമേറ്റു. അതിനുശേഷമാണ് 1971-ൽ വിവിധ ഫയലുകളും മറ്റും ക്രമീകരിച്ച് സെക്ഷൻതിരിച്ച് കോർപ്പറേറ്റ് ഓഫീസ് പ്രവർത്തനങ്ങളും പുനഃസംഘടിപ്പിച്ചത്. അദ്ധ്യാപകരുടെയും മറ്റും സീനിയോരിറ്റി ലിസ്റ്റ് നിയമാനുസൃതം തയ്യാറാക്കിയതും ഇക്കാലത്താണ്. ഓഫീസ് പ്രവർത്തനങ്ങളിൽ കോർപ്പറേറ്റ് മാനേജർ, സെക്രട്ടറി തുടങ്ങി ആറു പേരുണ്ട്.

മാനേജുമെന്റിന്റെ പ്രവർത്തനം സംബന്ധിച്ച് ഉപദേശം നൽകുന്നതിനായി പാസ്റ്ററൽ കൗൺസിലിൽ നിന്ന് ഒരു കമ്മറ്റിയെ അഭിവന്ദ്യ പിതാവ് നിയോഗിച്ചു. അദ്ധ്യാപകനിയമനം, പ്രൊമോഷൻ, സ്ഥലംമാറ്റം തുടങ്ങിയ കാര്യങ്ങളിൽ പൊതു മാർഗ്ഗനിർദ്ദേശങ്ങൾ ആവിഷ്ക്കരിക്കുന്നതിന് കമ്മറ്റി സഹായിച്ചു. മൂന്നാം പാസ്റ്ററൽ കൗൺസിൽ തുടങ്ങി സ്കൂൾ വിദ്യാഭ്യാസ സംബന്ധമായ കമ്മറ്റികളും തെരഞ്ഞെടുക്കപ്പെട്ടു. കമ്മറ്റിയുടെ ശുപാർശകൾ നടപ്പാക്കുന്നതിൽ അഭിവന്ദ്യ പിതാവ് എപ്പോഴും ശ്രദ്ധാലുവായിരുന്നു.

കേവലം ഒരു നിയമനസ്ഥലംമാറ്റ ഏജൻസിയായല്ല കോർപ്പറേറ്റ് മാനേജ്മെന്റ് പ്രവർത്തിക്കുക. സ്കൂളുകളിൽ മതബോധനം കൃത്യമായി നടത്തുന്നതിനാവശ്യമായ എല്ലാ പ്രോത്സാഹന സഹായങ്ങളും നൽകിവരുന്നു. മതബോധനത്തിനുള്ള പാഠപദ്ധതി തയ്യാറാക്കുക, പാഠപുസ്തകങ്ങൾ വിതരണം ചെയ്യുക, പരീക്ഷകൾ സംഘടിപ്പിക്കുക, സ്കോളർഷിപ്പുകൾ, സമ്മാനങ്ങൾ ഇവ നൽകുക, മാനേജർ സ്കൂൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുക., ഇവയൊക്കെ ചെയ്യുന്നതിനു പുറമേ അദ്ധ്യാപകർക്കായി ധ്യാനപരിപാടി, അവധിക്കാല കോഴ്സുകൾ, സെമിനാറുകൾ, മത്സരങ്ങൾ ഇവയും നടത്തുന്നുണ്ട്. 1983 മുതൽ സന്മാർഗ്ഗ ശാസ്ത്രത്തിനും സ്കോളർഷിപ്പുകൾ നൽകിവരുന്നു.

പാഠ്യേതരബന്ധ പ്രവർത്തനങ്ങൾക്കും കോർപ്പറേറ്റ് സ്കൂളുകൾക്ക് പൊതുവെ പരിപാടികൾ സംഘടിപ്പിച്ച് പ്രോത്സാഹനാർത്ഥം ട്രോഫികൾ, മെഡലുകൾ, സമ്മാനങ്ങൾ ഇവ നൽകിവരുന്നു. കായിക കലാപ്രതിഭകളെ വാർഷിക സമ്മേളനത്തിൽ ക്ഷണിച്ചു വരുത്തി അഭിനന്ദിക്കുന്നതും പാരിതോഷികങ്ങൾ നൽകുന്നതും പതിവായിരിക്കുന്നു.

അദ്ധ്യയനനിലവാരം ഉയർത്തുന്നതിന് എല്ലാ നടപടികളും മാനേജ്മെന്റ് സ്വീകരിച്ചിരുന്നു. 1953 മുതൽ കോർപ്പറേറ്റ് സ്കൂളുകളിൽ പരീക്ഷകൾ നടത്തു

ന്നതു് എല്ലാ സ്കൂളുകൾക്കും പൊതു ചോദ്യക്കടലാസു് തയ്യാർ ചെയ്തു് വിതരണം നടത്തിയായിരുന്നു. അതിനുവേണ്ടി അദ്ധ്യാപകരും പ്രഥമാദ്ധ്യാപകരും അടങ്ങിയ ഒരു സമിതി മേൽനോട്ടം വഹിച്ചുപോന്നു. 1975-ൽ ഈ സമിതിയെ ഒരു അക്കാഡമിക് കൗൺസിലായി രൂപാന്തരപ്പെടുത്തിയതു് ആർച്ച് ബിഷപ്പിന്റെ പ്രത്യേക നിർദ്ദേശപ്രകാരമാണു്. രണ്ടു വർഷം കാലാവധിയുള്ള ഒരു 21 അംഗ ഗവേണിംഗ് ബോർഡ് പ്രഥമാദ്ധ്യാപകരും അദ്ധ്യാപക പ്രതിനിധികളുംകൂടി തെരഞ്ഞെടുക്കുന്നു. ഈ ബോർഡാണു് അക്കാഡമി പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുക. വാർഷിക പാഠപദ്ധതി തയ്യാറാക്കുക, ചോദ്യക്കടലാസ്സുകൾ തയ്യാറാക്കുക, സ്കോളർഷിപ്പ് പരീക്ഷകൾ നടത്തുക, വർക്കഷോപ്പുകൾ സംഘടിപ്പിക്കുക, സെമിനാറുകളും ചർച്ചകളും നടത്തുക, അതിരൂപതാ തലത്തിലുള്ള വാർഷിക മത്സരങ്ങൾ സംഘടിപ്പിക്കുക ഇവയ്ക്കു് അക്കാഡമിക് കൗൺസിൽ നേതൃത്വം കൊടുക്കുന്നു. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉപയോഗത്തിനായി 1983 മുതൽ ഹാൻഡ് ബുക്കുകൾ പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്നുണ്ടു്. സ്കൂൾ കലണ്ടർ, വിദ്യാർത്ഥികൾക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ, അദ്ധ്യാപകർക്കുപയോഗപ്രദമായ വിവരങ്ങൾ, മാനേജുമെന്റ് സംബന്ധമായ വിവരങ്ങൾ ഇവയാണു് ഹാൻഡ്ബുക്കിന്റെ ഉള്ളടക്കം.

വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതകളേറെയും, ഒരു സ്കൂളിനുണ്ടായിരിക്കേണ്ട സൗകര്യങ്ങളുടെ അഭാവത്താലാണു സംഭവിക്കുക. മൂത്രപ്പുരയോ, ജലലഭ്യതയോ, പഠനോപകരണങ്ങളോ ഇല്ലാത്ത സ്കൂൾ അത്യന്തം പ്രയോജനരഹിതമാണു്. സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചമാക്കാനും, അദ്ധ്യാപകരുടേയും ആശ്രിതരുടേയും അത്യാഹിതങ്ങളിൽ സഹായിക്കാനും സാങ്കേതിക പഠനത്തിനു് സ്കോളർഷിപ്പു നൽകാനും ഉദ്ദേശിച്ചു് ഒരു നിധി (Educ. Aid) ഏർപ്പെടുത്തി പ്രവർത്തിക്കാനുള്ള നിർദ്ദേശം 1983—'84ൽ നടപ്പാക്കി. നിധിയുടെ പ്രവർത്തനത്തിനുള്ള നിയമാവലി അംഗീകരിച്ചു നടപ്പാക്കുന്നതിനുള്ള പ്രചോദനം പിതൃവൃതന്നെയായിരുന്നു. ആദ്യവർഷത്തിൽതന്നെ നിധിയിലേക്കു് സംഭാവനകിട്ടിയ 60000 രൂപാ നിയമാനുസൃതം സ്കൂളുകളിൽ വികസനപ്രവർത്തനങ്ങൾക്കു് വിതരണം ചെയ്തു.

സ്കൂൾ വിദ്യാഭ്യാസത്തെപ്പറ്റി സമഗ്രമായി അന്വേഷിച്ചു് റിപ്പോർട്ടു് സമർപ്പിക്കുന്നതിനു് ഒരു വിദ്യാഭ്യാസ കമ്മീഷനെ പാസ്റ്ററൽ കൗൺസിലിന്റെ ശുപാർശപ്രകാരം നിയോഗിച്ചു. കമ്മീഷൻ അതിന്റെ പ്രവർത്തനം തുടങ്ങിയിട്ടു് ആറുമാസമായി. കമ്മീഷന്റെ റിപ്പോർട്ടും ശുപാർശകളും വിദ്യാഭ്യാസരംഗത്തു് ഒരു മുന്നേറ്റത്തിനു് സഹായിക്കണമെന്നാ

ണ്ട് പിതാവിന്റെ ആഗ്രഹം. റിപ്പോർട്ട്, വിദ്യാഭ്യാസം സംബന്ധിച്ച് അതിരൂപതയിൽ നിന്ന് ഒരു ആധികാരിക രേഖ പ്രസിദ്ധപ്പെടുത്തുന്നതിനു അടിസ്ഥാനമാകണമെന്നും വന്ദ്യ പിതാവു് ആഗ്രഹിക്കുന്നു.

റിട്ടയർ ചെയ്യുന്ന അദ്ധ്യാപകർക്കും അദ്ധ്യാപകേതരർക്കും യാത്രയയപ്പു സമ്മേളനങ്ങളും സംഘടിപ്പിക്കുന്നതും അവർക്കു പാരിതോഷികങ്ങളും നൽകുന്നതും കഴിഞ്ഞ ഏഴു വർഷങ്ങളായി നടന്നുവരുന്നു.

1977-ൽ കാഞ്ഞിരപ്പള്ളി രൂപത രൂപം കൊണ്ടപ്പോൾ, അവിടേയ്ക്കു മാറിയ സ്കൂളുകളും ആകെ 40 ആണ്. ഇപ്പോൾ ചങ്ങനാശേരി അതിരൂപതാ കോർപ്പറേറ്റിൽ ടെയിനിംഗ് സ്കൂൾ 1 ഹൈസ്കൂൾ 30 യു. പി. സ്കൂൾ 5, എൽ. പി. സ്കൂൾ 43, അങ്ങനെ 89 സ്കൂളുകളും ഉണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ നിരവധി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുകയും പുതുതായി തുടങ്ങുകയും ചെയ്തിട്ടുണ്ട്.

കഴിഞ്ഞ മൂന്നു-നാലു വർഷങ്ങളായി സ്കൂളുകളിലെ അദ്ധ്യയന നിലവാരം പൊതുവിൽ മെച്ചപ്പെട്ടിട്ടുണ്ട്. അതിരൂപതാ സ്കൂളുകളിൽ എസ്, എസ്. എൽ. സി. വിജയശതമാനത്തിലുള്ള പുരോഗതിയും യു. എസ്, എൽ. എസ്. സ്കോളർഷിപ്പ് നേടിയവരുടെ വർദ്ധനവും റാങ്കുകാരുടെ മാർക്ക് നിലവാരവും ഇതിനു തെളിവാണ്. ജില്ലാ - സബ് ജില്ലാ തലങ്ങളിൽ ഡിപ്പാർട്ടുമെൻറ്, ഈ കോർപ്പറേറ്റിൽപ്പെട്ട സ്കൂളുകളെ ഏറ്റവും മികച്ചവയായി തെരഞ്ഞെടുത്തിരിക്കുന്നു. പാഠപാഠ്യേതര പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ച പ്രോത്സാഹന നടപടികളും ഫലദായകമായിരിക്കുന്നതു് ചാരിതാർത്ഥ്യത്തിനു് വക നൽകുന്നു.

സ്കൂൾ വിദ്യാഭ്യാസരംഗത്തെ അസാമാന്യമായ മുന്നേറ്റത്തിനു മാർഗ്ഗദർശനം നൽകുകയും ഉജ്ജ്വലമായ നേതൃത്വം പ്രദാനം ചെയ്യുകയും കോർപ്പറേറ്റ് മാനേജുമെൻറിനെ ഒരു മാതൃകാ കോർപ്പറേറ്റാക്കി മാറ്റുകയും ചെയ്ത പടിയറപ്പിതാവ് എറണാകുളം ആർച്ചുബിഷപ്പ് ആയി സ്ഥലം മാറിപ്പോകുന്ന ഈ അവസരത്തിൽ പിതാവിനു് അതിരൂപതയിലെ പ്രഥമാദ്ധ്യാപകരും അദ്ധ്യാപകരും അദ്ധ്യാപകേതരരും വിദ്യാർത്ഥിനീ വിദ്യാർത്ഥികളും മാനേജുമെൻറ് ഓഫീസുദ്യോഗസ്ഥരും കോർപ്പറേറ്റ് മാനേജരും അവരുടെ സ്നേഹാദരവുകളും യാത്രാമംഗളങ്ങളും ഹൃദയപൂർവ്വം അർപ്പിക്കുന്നു. കൂടുതൽ ഉത്തരവാദിത്വമുള്ള ഉന്നത പദവിയിലേക്കു് ഉയരുന്നതിനുള്ള അനുഗ്രഹം ഞങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

— ഫാ. ജോസ് പി. കൊട്ടാരം
കോർപ്പറേറ്റ് മാനേജർ


വൈദിക സേവനം പ്രവർത്തനങ്ങൾ

'സഭയെ അധുനാതനീകരിക്കുക' — ഇതായിരുന്നല്ലോ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രഖ്യാപിത ലക്ഷ്യം. കൗൺസിലിന്റെ വിവിധ പ്രമാണ രേഖകളിലൂടെ പ്രകാശിതമായ ചൈതന്യം ഇടവക രൂപതാതലങ്ങളിൽ എത്തുമ്പോഴാണല്ലോ, സഭ കാലോചിതമായ രൂപഭാവങ്ങളും ഉൾക്കൊള്ളുന്നത്. പ്രാദേശിക സഭാസമൂഹത്തിനു നേതൃത്വം നൽകുക എന്ന അതിപ്രധാനമായ ദൗത്യമാണ് മെത്രാന്മാരിൽ നിക്ഷിപ്തമായിരിക്കുക. 'പ്രാദേശികസഭയുടെ അജപാലനപരമായ ദൗത്യനിർവ്വഹണത്തിനു നിയുക്തനായിരിക്കുന്ന വൈദിക മേലദ്ധ്യക്ഷൻ, ആ കാര്യത്തിൽ സൃഷ്ടിപരവും സജീവവുമായ വൈദികസഹകരണം തേടുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട വൈദിക പ്രതിനിധികളുടെ സേവനം പ്രയോജനപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് മെത്രാന്മാരെ സംബന്ധിച്ച ഡിക്രിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഈ ആശയം സ്വീകരിക്കുവാനും ആദ്യം പ്രാവർത്തികമാക്കാനും സാധിച്ച കേരളത്തിലെ മേലദ്ധ്യക്ഷനാണ് അഭിവന്ദ്യ പടിയറ പിതാവ്. അജപാലനരംഗത്ത് ക്രിയാത്മകമായ നിർദ്ദേശങ്ങളും ലഭിക്കുവാനുള്ള ഒരുസമിതി എന്ന നിലയിൽ അതീവ താല്പര്യത്തോടുകൂടിയാണ അദ്ദേഹം വൈദികസെനറിന് രൂപം കൊടുത്തത്. ആദ്യസെനറിന്റെ ഉദ്ഘാടനം അഭിവന്ദ്യ പിതാവുതന്നെ 1971 ഫെബ്രുവരി 11-ാം തീയതി നിർവ്വഹിച്ചു. മൂന്നു വർഷമാണ് സെനറിന്റെ കാലാവധിയായി നിശ്ചയിക്കപ്പെട്ടത്. ഇതിനകം അതിരൂപതയിലെ തന്റെ ദൗത്യനിർവ്വഹണത്തിൽ അഞ്ചു വൈദിക സെനററുകളും പൂർണ്ണമായും പ്രയോജനപ്പെടുത്താൻ പടിയറപ്പിതാവിനു കഴിഞ്ഞു. ആറാം വൈദിക സെനററും അദ്ദേഹം രൂപീകരിച്ചു.

വെ. റവ. ഫാ. ജോസഫ് കരിമ്പാലിൽ, റവ. ഫാ. മാത്യു കാട്ടടി, റവ. ഫാ. തോമസ് മറ്റപ്പള്ളിൽ, റവ. ഫാ. സെബാസ്റ്റ്യൻ മണലിൽ, റവ. ഫാ. സെബാസ്റ്റ്യൻ വീരുപ്പേൽ എന്നീ വൈദികർ യഥാക്രമം പടിയറപ്പിതാവ് അദ്ധ്യക്ഷനായിരുന്ന കഴിഞ്ഞ അഞ്ചു സെനറേറുകളുടെയും ജനറൽ സെക്രട്ടറിമാരായി വിലപ്പെട്ട സേവനമർപ്പിച്ചു. ഈ അതിരൂപതയിൽ ആദ്യമായി വൈദിക സെനറേറിനു രൂപം നൽകുകയും തന്റെ അജപാലന ഭൗത്യനിർവ്വഹണത്തിൽ, ക്രിയാത്മകമായ നിർദ്ദേശങ്ങളും സ്വീകരിക്കുവാനുതകുന്ന ഒരു പ്രവർത്തന ശൈലിയും, മാർഗ്ഗരേഖയും ഈ സമിതിക്കു പ്രദാനം ചെയ്യുവാൻ ശ്രമിക്കുകയും ചെയ്ത അതിരൂപതാദ്ധ്യക്ഷൻ എന്നനിലയിൽ മാർ ആൻറണി പടിയറപ്പിതാവിനു ചങ്ങനാശേരി അതിരൂപതയുടെ ചരിത്രത്തിൽ പ്രത്യേകമായ ഒരു സ്ഥാനമുണ്ട്.

— ഫാ. ഫിലിപ്പ് കുന്നുംപുറം
ജനറൽ സെക്രട്ടറി



ബിഷപ്പ് മാർ തോമസ് കുര്യാളശ്ശേരിയുടെ നാമകരണ ടൈബ്യൂണൽ

ഭരതിരൂപകാ പാസ്റ്ററൽ കൗൺസിൽ

'ദൈവജനത്തിന്റെ കൂട്ടായ്മയാണ് സഭ' എന്ന സുവിശേഷ സത്യത്തെ കാലത്തിന്റെയും ചരിത്രത്തിന്റെയും മാറാലകൾ തുടച്ചുനീക്കി തെളിച്ചുകാട്ടിയ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ചൈതന്യം പ്രകടതരമാക്കുന്ന ഒരു സംവിധാനമാണ് പാസ്റ്ററൽ കൗൺസിൽ. ഉദയംപേരൂർ സൂനഹദോസും തുടർന്നുണ്ടായ പാശ്ചാത്യീകരണവും സൃഷ്ടിച്ച വൈകല്യങ്ങളിൽ നിന്നു മോചനംനേടാൻ വെമ്പൽകൊണ്ടിരുന്ന കേരള സഭ, വിശിഷ്യാ സീറോ മലബാർ സഭയിലെ ദൈവജനം, അത്യാവേശപൂർവ്വമാണ് ഈ സംവിധാനത്തെ നോക്കിക്കണ്ടത്. പാശ്ചാത്യ മേൽക്കോയ്മയ്ക്കു മുമ്പു ഇവിടത്തെ പ്രാദേശിക സഭയിൽ നിലനിന്നിരുന്ന ഭരണ സംവിധാനങ്ങളെക്കുറിച്ചും കീഴ്വഴക്കങ്ങളെക്കുറിച്ചും സാമാന്യമായ അറിവുണ്ടായിരുന്ന സുറിയാനിക്കത്തോലിക്കർ ഒരുതരത്തിൽ പറഞ്ഞാൽ അമിതമായ പ്രതീക്ഷകളാണ് ഈ സംവിധാനത്തെക്കുറിച്ചു പുലർത്തിയിരുന്നത്. പാശ്ചാത്യ രീതിയിൽ പരിശീലനവും പരിചയവും നേടിയ സഭാധികാരികളാകട്ടെ, ഈ പുതിയ സംവിധാനത്തെ ഏറെ സംശയ ബുദ്ധിയോടെയാണ് നോക്കിക്കണ്ടത്. പാസ്റ്ററൽ കൗൺസിൽ എന്ന പുതിയ സംവിധാനം ഗുണത്തേക്കാളേറെ ദോഷം വരുത്തിവയ്ക്കുമോ, പുതിയ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ ദൈവജനത്തിലെ അല്മായർക്കു ദൈവശാസ്ത്ര പക്വതയുണ്ടാകുമോ, അധികാര മത്സരത്തിനും അനൈക്യത്തിനും തന്നെ ഈ സംവിധാനം വഴിതെളിക്കുകയില്ലേ, അല്പംകൂടി കാത്തിരിക്കുന്നതല്ലേ ബുദ്ധി എന്നെല്ലാമുള്ള നൂറു നൂറു ആശങ്കകളിൽ അധികാരികൾ കുഴങ്ങിനിൽക്കുമ്പോൾ പുണ്യശ്ലോകനായ കാവുകാട്ടു പിതാവ് ചങ്ങനാശേരി അതിരൂപതയിൽ പാസ്റ്ററൽ കൗൺസിലിന്റെ തുടക്കമെന്ന നിലയിൽ ഒരു സമിതി രൂപീകരിച്ചു. അഭിവന്ദ്യ പിതാവിന്റെ ഗുരുതരമായ അനാ

രോഗ്യവും രാജീവയ്ക്കാനുള്ള തീരുമാനവും നിമിത്തം അതിന്റെ പ്രവർത്തനങ്ങൾ സാരമായി പുരോഗമിച്ചില്ല. കാവുകാട്ടുപിതാവു ദിവംഗതനായപ്പോൾ, പാസ്റ്ററൽ കൗൺസിലിന്റെ പ്രാഗ്രൂപമെന്നു വിശേഷിപ്പിക്കാവുന്ന ആ സമിതിയുടെ കാലാവധിയും അവസാനിച്ചു.

ലത്തീൻ റീത്തിലെ മിഷൻ രൂപതയായ ഊട്ടിയിൽ നിന്നു സീറോ മലബാർ സഭയിലെ ചങ്ങനാശേരി അതിരൂപതയിലെത്തിയ പടിയറ തിരുമേനി തന്റെ മാതൃരൂപതയിലെ ദൈവജനത്തിൽ പരിപൂർണ്ണ വിശ്വാസമർപ്പിച്ചുകൊണ്ട്, അജപാലന ശുശ്രൂഷയിൽ എല്ലാവരുടേയും നിർദ്ദേശോപദേശങ്ങൾ സ്വീകരിക്കാൻ പാസ്റ്ററൽ കൗൺസിൽ സംഘടിപ്പിക്കുന്നതിനു തീരുമാനിച്ചു. മറ്റുള്ളവർ മാതൃക കാട്ടട്ടെ എന്നു പറഞ്ഞ് അദ്ദേഹം പിൻവാങ്ങിനിന്നില്ല. പാസ്റ്ററൽ കൗൺസിലിന്റെ കാര്യത്തിൽ തന്റെ മുൻഗാമി തുടങ്ങിവച്ചതു പൂർത്തീകരിക്കണം എന്നും നല്ല കാര്യങ്ങൾ ചെയ്യുന്നതിൽ കീഴ്വഴക്കവും നാട്ടുനടപ്പും നോക്കേണ്ടതില്ലായെന്നും പിതാവു കരുതിയിരിക്കണം. അന്നും ഇന്നും പാസ്റ്ററൽ കൗൺസിൽ പ്രവർത്തനങ്ങളുടെ കാര്യത്തിൽ സ്വന്തം രൂപതയെ ഭാരതത്തിൽ ഒന്നാം സ്ഥാനത്തു തന്നെയാണ അദ്ദേഹം നിർത്തിയിരിക്കുന്നത്.

ഭാരതസഭാ സെമിനാറിന്റെ ആസൂത്രണത്തിൽ സാരമായ പങ്കുവഹിച്ച അന്നത്തെ S.B. കോളേജ് അധ്യാപകൻ ഫാ. ജോസഫ് പൗവ്വത്തിലിന്റെ —ഇന്നത്തെ കാഞ്ഞിരപ്പള്ളി മെത്രാൻ മാർ ജോസഫ് പവ്വത്തിലിന്റെ—നേതൃത്വത്തിൽ പ്രമുഖ അല്മായരും വൈദികരുമടങ്ങുന്ന ഒരു ചെറു സംഘത്തെ പാസ്റ്ററൽ കൗൺസിലിന്റെ കാര്യങ്ങൾക്കായി പടിയറ പിതാവു നിയോഗിച്ചു. പാസ്റ്ററൽ കൗൺസിലിന്റെ കാര്യത്തിൽ മാത്രമല്ല മറ്റെല്ലാ കാര്യങ്ങളിലും ഇതായിരുന്നു അഭിവന്ദ്യ പിതാവിന്റെ നയം—അധികാര ഛേകേന്ദ്രീകരണം. ഓരോ കാര്യത്തിലും ഓരോ ഘട്ടത്തിലും സൂക്ഷ്മാംശങ്ങളിൽ പോലും കൈകടത്തണമെന്ന നിർബന്ധബുദ്ധി പിതാവ് ഒരിക്കലും പ്രകടിപ്പിച്ചിട്ടില്ല. താൻ ചുമതലപ്പെടുത്തുന്നവരുടെ പ്രാപ്തിയിലും ആത്മാർത്ഥതയിലും അദ്ദേഹം വിശ്വാസമർപ്പിച്ചു. പാസ്റ്ററൽ കൗൺസിലിന്റെ കാര്യത്തിൽ ഈ വിശ്വാസം തികച്ചും സഫലമായി. സാമാന്യം വിശദമായ ഒരു ഭരണഘടന രൂപംകൊണ്ടു; 104 അംഗങ്ങളുള്ള പൊതുസഭയിലേക്ക് 63 പേരെ നേരിട്ടു തെരഞ്ഞെടുത്തു. ഇത്തരമൊരു തെരഞ്ഞെടുപ്പും ഭരണഘ

ടനയുമെല്ലാം കേരളസഭയെ സംബന്ധിച്ചിടത്തോളം, എന്തിനു ഭാരത സഭയെ സംബന്ധിച്ചുതന്നെ പുതുമയായിരുന്നു. ചങ്ങനാശേരി അതിരൂപതയിലെ ദൈവജനത്തിൽ അദ്ദേഹം അർപ്പിച്ച വിശ്വാസം, ഭാരതത്തിൽ ആദ്യമായി പാസ്റ്ററൽ കൗൺസിൽ സംലവിലുള്ള പല സ്ഥലങ്ങളിലും ഭരണ ഘടന ഉണ്ടായിട്ടില്ല. ഇതെല്ലാം പരിഗണിക്കുമ്പോഴാണ് അഭിവന്ദ്യ പിതാവിന്റെ വിശാലവീക്ഷണവും സാഹസികതയും പ്രകടമാക്കുന്നത്.

1971 മാർച്ച് 28-ാം തീയതി



ഘടിപ്പിച്ച രൂപത എന്ന അസൂയാവഹമായ ബഹുമതി ചങ്ങനാശേരിക്കു നേടിക്കൊടുത്തു. ഇന്നും പാസ്റ്ററൽ കൗൺസിൽ നാമമാത്രമായി പ്പോലും നിലവിൽ വരാത്ത അനേകം രൂപതകളും ഭാരതത്തിലുണ്ട് എന്നതാണ് സത്യം. പാസ്റ്ററൽ കൗൺസിൽ നിലവിൽ വന്നതിനുശേഷം അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് ചരിത്രം സൃഷ്ടിച്ച അഭിവന്ദ്യപിതാവ് 1982 ഡിസംബർ 4-ാം തീയതി അഞ്ചാം പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനസമ്മേളനത്തിൽ മറ്റൊരു മഹാസംഭവത്തിനു വഴിയൊരുക്കി. അ

ന്നു് അഭിവന്ദ്യ പിതാവിനെ വേണ്ടി പെ.ബ. വികാരിജനറാൾ ജോസഫ് കരിമ്പാലിൽ അച്ചൻ അതിരൂപതയുടെ വരവു ചെലവു കണക്കും (1981–82) ബജറ്റും (1982–83) പാസ്റ്ററൽ കൗൺസിലിൽ അവതരിപ്പിച്ചു; അച്ചടിച്ചു് വിതരണം ചെയ്തു. ഭാരതത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളും ദൈവജനവും അത്ഭുതം കലർന്ന അസൂയയോടെയാണു് ചങ്ങനാശേരിയിലെ പാസ്റ്ററൽ കൗൺസിലിനെ ഉറ്റുനോക്കുന്നതു്. അസൂയാവഹമായ ഈ പദവി നമ്മുടെ പാസ്റ്ററൽ കൗൺസിലിനെ നേടിത്തന്നതു് സ്നേഹധനനായ പടിയറ പിതാവും അദ്ദേഹത്തിന്റെ ഉപദേശകരായി വർത്തിച്ച മാർ ജോസഫ് പവ്വത്തിൽ, വെ.റവ. ഫാ. ജോസഫ് കരിമ്പാലിൽ തുടങ്ങിയ ശ്രേഷ്ഠ വൈദികരുമാണു്.

പാസ്റ്ററൽ കൗൺസിലിനു് ഉണ്ടാകേണ്ട വളർച്ചയെക്കുറിച്ചു ഏറെക്കാര്യങ്ങളും എല്ലാവർക്കും പറയാനുണ്ടാകും എന്നാൽ നമുക്കു് അഭിവന്ദ്യ പടിയറ തിരുമേനിയുടെ സാരഥ്യത്തിൽ നേടാൻ കഴിഞ്ഞ കാര്യങ്ങളും അനുസ്മരിക്കാനുള്ള അവസരമാണിതു്. കഴിഞ്ഞ പതിനഞ്ചു വർഷക്കാലത്തിനുള്ളിൽ നിർണ്ണായകമായ വളർച്ച വൈദിക – അല്മായ ബന്ധത്തിലുണ്ടായിട്ടുണ്ടു്. ദൈവജനം മുഴുവനേറെയും കൂട്ടായ്മയാണു് സഭ എന്ന തത്വം ഇന്നു ചങ്ങനാശേരി അതിരൂപതയിൽ ഉടനീളം അംഗീകരിക്കപ്പെട്ടിരിക്കുന്നു. 1974 മാർച്ചു് 8–ാം തീയതി മൂന്നു വർഷത്തെ വിദഗ്ദ്ധ ചർച്ചകൾക്കും പരിശോധനകൾക്കും ശേഷം പാസ്റ്ററൽ കൗൺസിലിന്റെയും വൈദിക സെനറേറിന്റെയും സംയുക്ത സമ്മേളനം അംഗീകരിച്ച ഇടവക ഭരണ നടപടിക്രമം അവിസ്മരണീയമായ ഒരു രേഖയാണു്. ഇത്രയേറെ അല്മായ പങ്കാളിത്തം ഉറപ്പു വരുത്തുന്ന ഇടവക ഭരണ നടപടിക്രമം മറ്റൊരിടത്തും നിലവിലില്ല. ഇത്രത്തോളം അല്മായ പങ്കാളിത്തത്തോടും കൂട്ടായ ചർച്ചയോടുംകൂടി രൂപീകരിക്കപ്പെട്ട ഒരു നടപടിക്രമവും മറ്റൊരിടത്തുമില്ല. വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും റിപ്പോർട്ടുകൾ, വരവുചെലവുകണക്കുകൾ, ബജറ്റ് എന്നിവ പഠിക്കാനുള്ള അവസരം നമ്മുടെ പാസ്റ്ററൽ കൗൺസിലിനുണ്ടു്. പാസ്റ്ററൽ കൗൺസിലിന്റെ കാര്യത്തിൽ അംഗങ്ങൾ ഏകകണ്ഠമായി ആവശ്യപ്പെട്ടതൊന്നും പിതാവു് നിരസിച്ചിട്ടില്ല. അതിരൂപതയെ സംബന്ധിച്ച ഏതു കാര്യവും ചോദ്യരൂപത്തിൽ ഉന്നയിക്കാൻ പാസ്റ്ററൽ കൗൺസിലിൽ അവസരമുണ്ടു്. ഇത്തരം അവസരങ്ങളും ചുമതലകളും ഏറ്റെടുക്കാൻ അംഗങ്ങളിൽ പലർക്കും സമയമോ സൗകര്യമോ ഇല്ല എന്നതാണു് ഇക്കാര്യത്തിലുള്ള മുഖ്യ പ്രതിബന്ധം.

മറ്റു പല സ്ഥലങ്ങളിലും നിശിതമായ വിമർശനത്തിനു വിധേയമാകുന്ന ഒരു വിഷയമാണ് സ്കൂളുകളുടെ നടത്തിപ്പ്. ദൈവാനുഗ്രഹമെന്നു പറയട്ടെ പാസ്റ്ററൽ കൗൺസിൽ സ്കൂൾ വിദ്യാഭ്യാസ കമ്മറ്റിക്കു തുടക്കം മുതൽ ഇന്നോളം സജീവമായി പ്രവർത്തിക്കാൻ അവസരം ലഭിച്ചു. പാസ്റ്ററൽ കൗൺസിൽ കമ്മറ്റി നിശ്ചയിക്കുകയും കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും ചെയ്ത സുവിശദമായ മാനദണ്ഡങ്ങളനുസരിച്ചാണ് ഇന്നു നമ്മുടെ സ്കൂളുകളിൽ നിയമനവും സ്ഥലംമാറ്റവും പ്രമോഷനും നൽകുന്നതു്. ഇത്രത്തോളം കൂട്ടായ പ്രവർത്തനവും വൈദിക അല്മായ പങ്കാളിത്തവും കേരളത്തിലെ മറ്റൊരു കോർപ്പറേറ്റു മാനേജ്മെൻറിലും ഇല്ലെന്നും ഇക്കാര്യത്തിൽ നമുക്കുണ്ടായ മുന്നേറ്റത്തിനു മുഖ്യകാരണം സ്നേഹമയനും ഉദാരമതിയുമായ പടിയറ പിതാവിൻറെ വാത്സല്യപൂർണ്ണമായ സമീപനമാണെന്നും എടുത്തു പറയാതെ തരമില്ല. മതബോധനം, സാമൂഹ്യ സേവനം, ഉന്നതവിദ്യാഭ്യാസം, കുടുംബ ക്ഷേമം തുടങ്ങിയ മണ്ഡലങ്ങളിലും നിസ്സാരമല്ലാത്ത സംഭാവനകളും നൽകാൻ അഭിവന്ദ്യ പിതാവ് പാസ്റ്ററൽ കൗൺസിലിനു അവസരം നൽകി.

കഴിഞ്ഞ പതിനഞ്ചു വത്സരത്തിനിടയിൽ ചങ്ങനാശേരി അതിരൂപതയിൽ സമാരംഭിച്ച പല പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും രൂപരേഖ ആദ്യമായി ചർച്ച ചെയ്യപ്പെട്ടതു പാസ്റ്ററൽ കൗൺസിലിലാണ്. അഭിമാനാവഹമായ ഈ പാരമ്പര്യം സൃഷ്ടിച്ചതും വളർത്തിയെടുത്തതും അഭിവന്ദ്യ പടിയറ പിതാവാണ്. പിതാവിനു പാസ്റ്ററൽ കൗൺസിലിനെക്കുറിച്ചുണ്ടായിരുന്ന കാഴ്ചപ്പാടു വെളിവാക്കാൻ പിതാവിൻറെ തന്നെ പ്രസംഗത്തിൽ നിന്നു ഒരുഭാഗം ഉദ്ധരിച്ചുകൊണ്ടു് ഈ കുറിപ്പു സമാപിപ്പിക്കുന്നു,


''അജപാലന വൃത്തിയിൽ എന്നെ സഹായിക്കാൻ ചുമതലപ്പെട്ടവരാണു് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായ നിങ്ങളും. പ്രാർത്ഥനാപൂർവ്വമായ ചിന്തയിൽ നിങ്ങളുടെ ബോധ്യംവരുന്ന കാര്യങ്ങളും തുറന്നു പറയണം. അതു നിങ്ങളുടെ കടമയാണു് എന്നകാര്യം മറക്കരുതു്. ഒരു കുടുംബസദസ്സാണു് പാസ്റ്ററൽ കൗൺസിൽ. വാഗ്വാദങ്ങളുടെ ഇവിടെ പ്രസക്തിയില്ല. സ്നേഹനിർഭരമായ ആശയവിനിമയമാണു് ഇവിടെ ഉണ്ടാകേണ്ടതു്''.— അഞ്ചാം പാസ്റ്ററൽ കൗൺസിൽ, ഉദ്ഘാടനപ്രസംഗം.

— പ്രൊഫ. സ്കറിയാ സക്കറിയാ
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി

(41-ാം പേജിൽനിന്നും തുടർച്ച)

കൊണ്ട് കിഴക്കൻ മേഖലകളെ സംയോജിപ്പിച്ച് 1977 മാർച്ച് 17-ാംനു- കാഞ്ഞിരപ്പള്ളി രൂപതയ്ക്ക് ജന്മംകൊടുത്തു. തന്റെ വലം കയ്യും സഹായ മെത്രാനുമായിരുന്ന മാർ ജോസഫ് പവ്വത്തിൽ തിരുമേനിയെത്തന്നെ പുതിയ രൂപതാദ്ധ്യക്ഷനായി അവരോധിക്കുകയും ചെയ്തു.

കന്യാകുമാരി മേഖലയിലെ സുഗമമായ മിഷൻവേലയ്ക്കായി 'പ്രൊട്ടോ പ്രിസ്ബിറ്ററെ' നിയോഗിച്ചതും അടുത്തകാലത്താണ്.



തകഴിപ്പള്ളി

മിഷൻ കേന്ദ്രങ്ങൾക്കു മാത്രമല്ല സാമ്പത്തികമായി പിന്നോക്കം നിന്ന പല ഇടവകകൾക്കും തിരുമേനിയുടെ ഉദാരമായ സഹായം ലഭ്യമായിട്ടുണ്ട്. അപ്രകാരമുള്ള പള്ളികളിൽ ചിലതാണ് തകഴി, മുക്കൂട്ടുകൽ പള്ളികൾ.



മുക്കൂട്ടുകൽ പള്ളിയുടെ ആശീർവ്വാദം (23-6-1985)


ഉപസാരഥികൾ

പടിയറ തിരുമേനി അതിരൂപതാ ഭരണസാരഥ്യമേറ്റെടുത്തതോടെ അതിരൂപതയുടെ ഉപസാരഥികൾ എന്ന നിലയിൽ തിരുമേനിയുടെ വലംകൈ ആയി നിന്നു പ്രവർത്തിച്ച വികാർ ജനറൽമാരും തന്റെ ഭരണകാലത്തെ നേട്ടങ്ങൾക്കു പിന്നിലെ പ്രതിഭകളാണല്ലോ.

1958 മുതൽ കാവുകാട്ട് പിതാവിന്റെ ദേഹവിയോഗംവരെ വികാരി ജനറാളും തുടർന്ന് പടിയറ പിതാവും ചാൻസ്ലറുമായി 69–70 കളിൽ ഏതാണ്ടൊരു വർഷക്കാലം അതിരൂപതാ അഡ്മിനിസ്ട്രേറ്ററുമായിരുന്ന പണ്ഡിതാഗ്രേസരനും പ്രഗത്ഭ ഭരണപടുവുമായ മോൺ. ഡോ. എൽ. ജെ. ചിറ്റൂർ തന്നെയായിരുന്നു പടിയറപ്പിതാവിന്റെയും ആദ്യത്തെ വികാരി ജനറാൾ.



റൈറ്റ് റവ. മോൺ എൽ. ജെ. ചിറ്റൂർ



റവ. ഡോ. കുര്യാക്കോസ് പറമ്പത്തു്

1972–ൽ അനാരോഗ്യംമൂലം അദ്ദേഹം ഔദ്യോഗിക ജോലികളിൽ നിന്നും വിരമിച്ച് പാറേൽപള്ളിയിലേയ്ക്കു മാറി.

1972 മുതൽ 77 മെയ് 12 വരെ സഹായ മെത്രാൻ മാർ ജോസഫ് പവ്വത്തിൽ തിരുമേനിയാണ് വികാരി ജനറാൾ സ്ഥാനം ശോഭയോടെ അലങ്കരിച്ചിരുന്നത്.

71–75 കാലഘട്ടത്തിൽ പ്രൊ. വികാർ ജനറൽ എന്ന നിലയിൽ പെ ബ. മാലിപ്പറമ്പിൽ ജോസഫച്ചനും സേവനനിരതനായിട്ടുണ്ട്.

1977 മുതൽ 81 വരെ വികാർ ജനറാളായി സേവനമനുഷ്ഠിച്ചതു പണ്ഡിതനും സാത്വികനുമായ റവ. ഡോ. കുര്യാക്കോസ് പറമ്പത്താണ്.



വെരി റവ. ഫാ. ജോസഫ് കരിമ്പാലിൽ

1981 മുതൽ ഇന്നോളം വിനയാന്വിതനും പരിണിതപ്രജ്ഞനും ദീർഘവീക്ഷകനുമായ പെ. ബ. കരിമ്പാലിൽ ജോസഫച്ചൻ വികാർ ജനറൽ എന്ന നിലയിൽ പടിയറ പിതാവിന്റെ കരങ്ങൾക്കു കരുത്തേകി അതിരൂപതയ്ക്കു പ്രഗത്ഭമായ നേതൃത്വം നല്കിക്കൊണ്ടിരിക്കുകയാണ്.

നേതാവ്, ജേതാവ്

'സന്തോഷത്തിൽ സേവനം' എന്ന മുദ്രാവാക്യവുമായി മുന്നേറുന്ന തിരുമേനി 76-ലും 78-ലും സി. ബി. സി. ഐ. യുടെ ഉപാദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടുകയുണ്ടായി. ഇപ്പോഴും കേരളാ ബിഷപ്സ് കോൺഫറൻസിന്റെയും, സീറോ മലബാർ ബിഷപ്സ് കോൺഫറൻസിന്റെയും അദ്ധ്യക്ഷനാണദ്ദേഹം. റോമിലെ ബിഷപ്സ് സിനഡ് മെമ്പർ കൂടിയായ തിരുമേനി അതിന്റെ സമ്മേളനങ്ങളിലും വത്തിക്കാൻ സുന്നഹദോസിന്റെ എല്ലാ സെഷനുകളിലും പങ്കെടുത്തിട്ടുണ്ട്.

പ്രേഷിതവര്യനായ മിഷനറി, പ്രഗത്ഭനായ ധ്യാന ഗുരു, ബഹുഭാഷാപണ്ഡിതനായ വാഗ്മി, യോഗീസദ്ഗുരുനായ ഇടയൻ, മാതൃകായോഗ്യനായ അജപാലകൻ ഈ നിലകളിൽ തിരുമേനി കേരളസഭയ്ക്ക് അഭിമാനം വളർത്തുന്ന നേതാവും ജേതാവുമാണ്.

ഹൃദയ വീചികൾ

മെത്രാഭിഷേക രജതജൂബിലിയവസരത്തിൽ തിരുമേനി അവതരിപ്പിച്ച ഒരു ചിന്ത അദ്ദേഹവുമായി അടുത്തിടപഴകാനിടയായ ഒരു വിനീത വ്യക്തിയെന്ന നിലയിൽ എന്റെ മനസിൽ നിത്യ നൂതനത്വത്തോടെ ഇന്നും ഉയർന്നുവരുന്നു.

1955 മുതൽ 1970 വരെ ഊട്ടി മലമുകളിലെ കത്തീഡ്രൽ പള്ളിയിൽ പോകുമ്പോഴെല്ലാം ഊട്ടിരൂപതയുടെ ആദ്യത്തെ മെത്രാനായതുകൊണ്ട് ആ മദ്ബഹായുടെ നടുഭാഗത്തായിരിക്കും താൻ സംസ്ക്കരിക്കപ്പെടുക എന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. അതിരൂപതാദ്ധ്യക്ഷനെന്ന നിലയിൽ ചങ്ങനാശേരി കത്തീഡ്രലിൽ പോയിട്ടുള്ളപ്പോഴൊക്കെ അദ്ദേഹം കരുതിയതും ആ മദ്ബഹായിൽ കബറടക്കപ്പെടുമെന്നാവും. ഇപ്പോഴദ്ദേഹത്തിന്റെ വിചാരം എറണാകുളം അതിരൂപതാദ്ധ്യക്ഷനെന്ന നിലയിൽ തന്റെ അന്ത്യവിശ്രമവേദി ആ ബസ്ലിക്കാ ആയിരിക്കുമെന്നാവും. പക്ഷെ ഭാവിയെന്ന ശില്പി ഇനി എന്തൊക്കെയോ ആയിരിക്കും ആവിഷ്ക്കരിക്കാനിരിക്കുക? ദൈവത്തിന്റെ വഴികൾ തികച്ചും അഗ്രാഹ്യങ്ങളാണല്ലോ!

ദൈവപരിപാലന

വന്ദ്യ പടിയറപ്പിതാവ് എറണാകുളം മെത്രാപ്പോലീത്താ ആയി ചാർജ്ജെടുക്കുന്നതിൽ ചരിത്രത്തിന്റെ ഒരു തുടർക്കഥയും ദൈവപരിപാലനയുടെ അദൃശ്യകരങ്ങളുമാണ് തെളിയുന്നതു്.

'കൊ റേയി സാക്രേ' എന്ന 13-ാം ലെയോ പാപ്പായുടെ തിരുവെഴുത്തുപടി 1896-ൽ രൂപീകൃതമായ എറണാകുളം വികാരി

യാത്തിലാരംഭിച്ച അതിരൂപതയുടെ പ്രഥമസാരഥി ചങ്ങനാശേരിയിൽ പുളിങ്കുന്നു സ്വദേശി മാർ ളൂയീസ് പഴേപറമ്പിലായിരുന്നു. ശതാബ്ദങ്ങൾക്കു മുൻപ് കേരള സഭയ്ക്ക് നഷ്ടപ്പെട്ട സ്വജാതി മെത്രാന്മാരെയും സ്വയം ഭരണാവകാശവും പുനഃസ്ഥാപിക്കുന്നതിനുവേണ്ടി സാഹസിക സമര ഗാഥ നയിച്ച നേതാവും തദ്വാരാ 'ഏഴ്' വ്യാകുലങ്ങളിൽ' പെട്ട സഭാ സ്നേഹിയുമായിരുന്ന അദ്ദേഹം ആധുനികകാലത്തെ പ്രഥമ ഏതദ്ദേശീയ മെത്രാനുമായിരുന്നു.

ആർച്ചുബിഷപ്പ് മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനിയും, വിഖ്യാതനായ കാർഡിനൽ പാറേക്കാട്ടിൽ തിരുമേനിയും തേരു തെളിച്ച അതിരൂപതയുടെ നാലാമത്തെമെത്രാനും മൂന്നാമത്തെ മെത്രാപ്പോലീത്തായുമായിത്തീരുകയാണ് പടിയറത്തിരുമേനി.

ഭാവുകങ്ങൾ!

കൊച്ചി എന്ന കോസ്മോ പൊളിറ്റൻ സിറ്റിക്കു സർവ്വ പ്രകാരേണ തിളക്കം ചാർത്തുന്നൊരു ചൈതന്യ ഗോളമായിരിക്കും ഒരു ഡസൻ ഭാഷകളിൽ പ്രവീണനും നയജ്ഞനുമായ തിരുമേനി. തിരുമേനിയുടെ സ്ഥലംമാറ്റംമൂലം ചങ്ങനാശേരി അതിരൂപതയ്ക്കുണ്ടാവുന്ന നഷ്ടബോധവും ഹൃദയവ്യഥയും തെല്ല കുറയ്ക്കുക അദ്ദേഹം എറണാകുളത്തിന്റെ ഭാവിഭാഗധേയവിധാതാവും മലബാർ ഹയരാർക്കിയുടെ മകുടാധിഷ്ഠിതനുമായിത്തീരുകയാണല്ലോ എന്ന വിചാരംമാത്രമാണ്.

വേദനാ ജനകവും ഹൃദയസ്പർശകവുമായ തന്റെ വിടവാങ്ങൽ സന്ദേശത്തിലെ തിരുമേനിയുടെ അഭ്യർത്ഥനയും അഭിലാഷവുംപോലെ ഈ അതിരൂപതയിലെ ദൈവജനമൊന്നാകെ പ്രത്യേകവിധം അങ്ങേയ്ക്കുവേണ്ടി പ്രാർത്ഥിക്കും. അകന്നിരിക്കുന്നവനെങ്കിലും എക്കാലവും ഞങ്ങളുടെ മദ്ധ്യേ സന്നിഹിതനായിരിക്കുന്ന പ്രേഷിതാംഗവും സ്നേഹപിതാവുമായിരിക്കും അങ്ങ്. പെലിക്കൻ പക്ഷി തന്റെ കുഞ്ഞുങ്ങളെയെന്നപോലെ ചങ്ങനാശേരിയിലെ അജഗണങ്ങളെ സ്നേഹിച്ചു പരിലാളിച്ച അങ്ങയെ ഈശോ തന്റെ ഹൃദയത്തിൽ തന്നെ സുരക്ഷിതനായി കാത്തു സൂക്ഷിക്കും. കാലം അങ്ങിൽ ഉപരിധന്യതയും സഭയ്ക്ക് മഹത്വവും ചാർത്തട്ടെ. അർപ്പിതനായ അജപാലകാ അങ്ങേയ്ക്ക് ചങ്ങനാശേരി അതിരൂപതയിലെ ലക്ഷക്കണക്കായ അജഗണങ്ങളുടെ ഹൃദയഹാരിയായ ഭാവുകങ്ങൾ!

Lay out: Lalu

VEDAPRACHARA MADHYASTAN Vol. 58 No. 1 JULY 1985
The Official Organ of Changanacherry Archdiocese
Licence No. 183 Reg. No. KL / CHC/18

For Quality Printings

ST. JOSEPH'S
ORPHANAGE PRESS
CHANGANACHERRY-686101
KERALA

Estd. 1928 Phone 614

Edited by Fr. Mathew Odalany
Printed & Published by Fr. Thomas Naduvileparampil
at St. Joseph's Orphanage Press, Changanacherry